ബലാഗ്
Message മാസിക

അൽകൗസർ ഉലമാ കൗൺസിൽ പ്രസിദ്ധീകരണം

നൂറുൽ ഹുദാ മസ്ജിദ് ബിൽഡിംഗ്, II ഫ്ളോർ എറണാകുളം നോർത്ത്, കൊച്ചി – 682018

പുസ്തകം 25 | ലക്കം 3
1 ജൂൺ 2022
1443 ശവ്വാൽ – ശഅ്ബാൻ

**രക്ഷാധികാരി**
ഇ. എം. സുലൈമാൻ മൗലവി അൽകൗസരി

**ഡയറക്ടർ**
റ്റി. എ അബ്ദുൽ ഗഫാർ മൗലവി അൽ കൗസരി

**ചീഫ് എഡിറ്റർ**
ഹാഫിസ് മുസമ്മിൽ മൗലവി അൽകൗസരി

**അസോസിയേറ്റ് എഡിറ്റർ**
പി. എച്ച്. സൈനുൽ ആബിദീൻ മൗലവി അൽകൗസരി

**ഫൗണ്ടർ**
ഹാഫിസ് അബ്ദുശ്ശക്കൂർ മൗലവി ഖാസിമി

**മാനേജിംഗ് എഡിറ്റർ**
ഹാഷിം ജവാദ് മൗലവി അൽ കൗസരി

**ട്രഷറർ**
സുബൈർ കൗസരി

**മാനേജർ**
ശിഫാർ കൗസരി

**സർകുലേഷൻ മാനേജർ**
യൂനുസ് മൗലവി അൽകൗസരി

# ഉള്ളടക്കം

കത്തുകൾ ....... 4
എഡിറ്റോറിയൽ ....... 5
മആരിഫുൽ ഖുർആൻ ....... 6

**കവർ സ്റ്റോറി**

10 **ഹജ്ജ്, ഉംറ നിർവ്വഹിക്കേണ്ട വിധം**
മർഹൂം ശൈഖുനാ അബ്ദുൽ കരീം ഖാസിമി.(ഖു:സി)

16 **വാർദ്ധക്യം സംരക്ഷണം വേണം**
സൈൻ

20 **പ്രഥമ ഹജ്ജ് യാത്ര**
മൗലാനാ സയ്യിദ് മുഹമ്മദ് റാബിഅ് ഹസനി നദ്‌വി

**ലേഖനം**

**ബലി കർമ്മം**
ഹാഫിസ് ഫൈസൽ മൗലവി ....... 24

**ജീവിതം ശിക്ഷയാക്കാതിരിക്കുക, നമുക്കും മറ്റുള്ളവർക്കും അനുഗ്രഹമാകുക!** ....... 27

**എന്തൊരു വേഗത**
പി ടി ശുക്കൂർ ....... 32

**നമസ്കാരത്തിലെ ഭയഭക്തി**
ഹാഫിസ് മുഹമ്മദ് ഹുസൈൻ അൻസാരി തളിപ്പറമ്പ ....... 34

**ഇസ്‌ലാം സോളമൻഐലന്റിൽ വ്യാപകത്വം നേടുന്നു**
പി.വി.എ.നാസർ മാത്തോട്ടം ....... 37

ചോദ്യോത്തരങ്ങൾ ....... 39
മീഡിയ മെസേജ് ....... 40

## കത്തുകൾ



# മാനവ സൗഹാർദ്ദം

മൗലാനാ ഖാസിം നുഅ്മാനിയുടെ മാനവ സാഹോദര്യം എന്ന വിശദമായ ലേഖനം (2022മെയ് -ബലാഗ്) വളരെയേറെ പ്രചരിപ്പിക്കേണ്ടതാണ്. ഹദീസുകൾ സമൃദ്ധമായി ഉദ്ധരിച്ചു കൊണ്ടു മനുഷ്യ വംശത്തോടുള്ള കടമകളും കാരുണ്യവും ബോധ്യപ്പെടുത്തുകയും ആ വിഷയത്തിൽ പ്രവാചകന്റെ അനേകം മാതൃക എടുത്തുദ്ധരിക്കുകയും ചെയ്ത ലേഖനം ഇന്നത്തെ സാഹചര്യത്തിൽ എല്ലാവരിലേക്കും എത്തിക്കേണ്ടതാണ്. തുടക്കത്തിൽ അദ്ദേഹം കുറിച്ചതു പോലെ; 'ഇത്തരുണത്തിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ, പ്രവർത്തകർ, സ്ഥാപനങ്ങൾ, പ്രഭാഷകർ, എഴുത്തുകാർ തുടങ്ങിയ എല്ലാർക്കും വലിയ ഉത്തരവാദിത്തം ഉണ്ട്.'

പരിശുദ്ധ പ്രവാചകരുടെ ഈ വിഷയകമായ എത്രയും മാതൃകയാണ് പ്രസ്തുത ലേഖനം തന്നെ ഉദ്ധരിച്ചത്.

**ഷിജു, കൊട്ടാരക്കര**

# ശിയാ വഞ്ചന

ശിയാ വഞ്ചനകളുടെ ചരിത്രത്തിലൂടെ എന്ന പഠനാർഹമായ ലേഖനം വളരെയധികം ചിന്തനീയമാണ്.

അവരുടെ സുന്നികളോടുള്ള സമീപനങ്ങൾ കണ്ടറിഞ്ഞ ഒരാൾക്ക് ലേഖനത്തിന്റെ ഓരോ വരിയും കൃത്യമായി ബോധ്യപ്പെടും. നമ്മുടെ നാട്ടിൽ പതിറ്റാണ്ടുകൾ ഈ വിഷയത്തിൽ മുസ്‌ലിം സംഘടനകൾക്ക് വീഴ്ച്ച സംഭവിച്ചു. ബാഹ്യമായ ചില വായത്താരികളുടെ മറവിൽ അവരെ ആവേശത്തോടെ സ്വീകരിച്ചവർ, മുസ്‌ലിം ലോകത്തോട് ഷിയാക്കൾ അതിന്റെ ഒന്നാം തീയതി മുതൽ ഇന്നുവരെ ചെയ്ത കൊടും ക്രൂരതകളെ കാണാതപോവുകയോ, താൽപര്യങ്ങൾക്ക് വേണ്ടി മറച്ചു വെക്കുകയോ ചെയ്യുകയായിരുന്നു, എന്നാണ് മനസ്സിലാകുന്നത്.

**മുബാറക്, ചെന്നൈ**

## എഡിറ്റോറിയൽ

പ്രപഞ്ചനാഥന്റെ അനുഗ്രഹത്താൽ

# മസ്ജിദുകൾ അഭിവാജ്യ ഘടകമാണ്

ഇസ്ലാമിക സംസ്കൃതിയുടെ അടിത്തറയാണ് മസ്ജിദുകൾ. ഇസ്ലാം പ്രശോഭിതമാവുന്നത് മസ്ജിദുകൾ വഴിയാണ്. ആദം നബി ഭൂമിയിൽ എത്തുന്നതിന് മുമ്പു തന്നെ കഅ്ബയുടെ നിർമ്മാണം മലക്കുകളെ കൊണ്ടു അല്ലാഹു പൂർത്തീകരിച്ചു. നൂഹ് നബിയുടെ കാലത്തുണ്ടായ പ്രളയശേഷം കഅ്ബ മണൽ മൂടി പോവുകയും പിന്നീട് ഇബ്രാഹിം നബിക്ക് അതിന്റെ അസ്ഥിവാരം അല്ലാഹു നിർണ്ണയിച്ചു കൊടുക്കുകയും ചെയ്തു എന്ന് ചരിത്രപണ്ഡിതർ രേഖപ്പെടുത്തുന്നു. ആദം നബി മുതൽ നിയോഗിതരായ എല്ലാ പ്രവാചകന്മാരും കഅ്ബയെ കേന്ദ്രമായി കണ്ടു. ബനൂ ഇസ്റാഈലിലേക്ക് നിയോഗിതരായ പ്രവാചകന്മാരെല്ലാം മസ്ജിദുൽ അഖ്സ്വ മർക്കസ്സാക്കി പ്രബോധനം നടത്തി. മദീനയിൽ എത്തിയ അന്തിമ പ്രവാചകർ, സ്വന്തത്തിനും കുടുംബത്തിനും വസിക്കാൻ ഒരു ഭവനം നിർമ്മിക്കുന്നതിന് മുമ്പു തന്നെ ആത്മാവിന്റെ ഭവനമായ മസ്ജിദു നിർമ്മിച്ചു. ഇസ്ലാം മസ്ജിദുകളുമായി എത്ര ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഇതു മനസ്സിലാക്കിത്തരുന്നുണ്ട്. മസ്ജിദുകൾ ഇസ്ലാമിന്റെ അഭിവാജ്യ ഘടകമല്ലാ എന്ന നിയമപീഠത്തിന്റെ പുതിയ കണ്ടെത്തൽ അപകടകരമായ നിരീക്ഷണമാണ്. ഇസ്ലാമിനെ സംബന്ധിച്ച് മസ്ജിദുകൾ അഭിവാജ്യ ഘടകം തന്നെയാണ്. അഞ്ചു നേരമുള്ള നിർബന്ധ നമസ്കാരവും ഇതര നമസ്കാരങ്ങളും വിശ്വാസി നിർവ്വഹിക്കേണ്ടത് ആദ്യത്തെ മസ്ജിദായ കഅ്ബയിലേക്ക് തിരിഞ്ഞു നിന്നാണ്. എങ്കിൽ മാത്രമേ ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ രണ്ടാമത്തേതായ നമസ്കാരം ശരിയാകൂ. ലോകത്തുള്ള സകല മസ്ജിദുകളും ആ കഅ്ബയെ ദിശയാക്കിയാണ് നിലകൊള്ളുന്നത്. അങ്ങനെയുള്ള മസ്ജിദുകൾ അഭിവാജ്യഘടകമല്ല എന്ന കണ്ടെത്തൽ ഇസ്ലാമിക അധ്യാപനങ്ങളെ സംബന്ധിച്ച അജ്ഞതയാണ്. മസ്ജിദുകൾ അല്ലാഹുവിന്റെ ഭവനങ്ങളാണ് എന്നതാണ് ഇസ്ലാമിന്റെ അധ്യാപനം. പടച്ചവന്റെ ഭവനത്തിന് ഇസ്ലാമിക ശരീഅത്ത് കൽപിക്കുന്ന സ്ഥാനം ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

ഇസ്ലാമിക ശരീഅത്ത് അനുസരിച്ച് മസ്ജിദ് പരിശുദ്ധമായിരിക്കണം. പരിശുദ്ധ ധനം മാത്രമേ അതിന് ഉപയോഗിക്കാവൂ. മറ്റുള്ളവരുടെ ഭൂമി കയ്യേറിയോ അനധികൃതമായി പിടിച്ചെടുത്തോ മസ്ജിദ് നിർമ്മിക്കാവതല്ല. അതുകൊണ്ട് തന്നെ ഒരു മസ്ജി

ദും നിൽക്കുന്ന സ്ഥലങ്ങൾ അത്തരത്തിൽ ഉണ്ടാവുകയില്ല. മസ്ജിദുകളുടെ പ്രധാന ലക്ഷ്യം നമസ്കാരമാണ്. നമസ്കാരം രക്ഷിതാവായ അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ലഭിക്കുവാനാണ് നിർവഹിക്കുന്നത്. കയ്യേറിയ ഭൂമിയിലെ ആരാധന ന്യൂനത നിറഞ്ഞതാവും. അതിന് ഒരിക്കലും മുസ്ലിംകൾ സന്നദ്ധരാവുകയുമില്ല. ബാബരിമസ്ജിദിന് ശേഷം പല മസ്ജിദുകളുടെ മേലും അവകാശം ഉന്നയിച്ചു കൊണ്ട് രാജ്യത്ത് ധ്രുവീകരണവും വർഗീയതയും സൃഷ്ടിക്കാൻ ചിലർ മനപ്പൂർവ്വം ശ്രമിക്കുകയാണ്. അധികാരം നിലനിർത്താൻ രാജ്യനിവാസികളെ അപകടത്തിലേക്ക് തള്ളിവിടുകയാണവർ. അവർക്ക് മതങ്ങളോടോ മതചിഹ്നങ്ങളോടോ മതിപ്പും ആദരവും ഉള്ളതുകൊണ്ടല്ലത്. അതു തീരത്തന്നെ അവർക്കില്ല. അധികാരത്തിൽ വാഴാൻ ഇവിടെ ഏറ്റവും നല്ല മാർഗ്ഗം അതാണെന്ന തിരിച്ചറിവാണ് അവരെ അതിനു പ്രേരിപ്പിക്കുന്നത്. ഈ അപകടകരമായ നീക്കത്തെ ചെറുത്തു തോൽപ്പിക്കൽ രാജ്യത്തെ എല്ലാ നല്ല മനുഷ്യരുടെയും ബാധ്യതയാണ്. ജനാധിപത്യ വ്യവസ്ഥിതിയിൽ സാധ്യമാകുന്ന എല്ലാ മാർഗ്ഗങ്ങളിലൂടെയും അതിനു വേണ്ടി പ്രയത്നിക്കാൻ, സമാധാനം ആഗ്രഹിക്കുന്ന എല്ലാവരും ഒന്നിച്ചുപൊരുതണം.

സമുദായം തിരിച്ചറിയേണ്ട ചില വസ്തുതകളുണ്ട്; മസ്ജിദുകളുമായുള്ള ബന്ധം ഉമ്മത്തിലെ ആബാലവൃദ്ധം അംഗങ്ങൾക്കും ഉണ്ടാകണം. സമുദായത്തിൽ എത്ര ശതമാനത്തിന് മസ്ജിദുകളുമായി ബന്ധം ഉണ്ട് എന്നു നാം ഗൗരവമായി ആലോചിക്കണം. ബന്ധമുള്ളവരുടെ തന്നെ ബന്ധം എത്രയാണെന്ന് നാം ചിന്തിക്കണം. നമുക്ക് മസ്ജിദ് വേണ്ടാതായാൽ അതു സംരക്ഷിക്കപ്പെടുകയില്ല. കഅ്ബയെ ഈമാനും തൗഹീദും കൊണ്ടു സജീവമാക്കാൻ വിശ്വാസികൾ ഇല്ലാതെ വന്നപ്പോൾ അതു വിഗ്രഹവൽക്കരിക്കപ്പെട്ടു. നഗ്നമായി അവിടെ തവാഫ് ചെയ്യപ്പെട്ടു.ഷിർക്കും കുഫ്റും അതിനെ കീഴടക്കി. ആ അവസ്ഥ പതിറ്റാണ്ടുകൾ നീണ്ടു നിന്നു. സയ്യിദുൽ മുർസലീൻ മുത്തുനബിയിടെ രണ്ടു പതിറ്റാണ്ട് നീണ്ടുനിന്ന ത്യാഗോജ്വലമായ തൗഹീദിന്റെ പ്രബോധനത്തിലൂടെ മാത്രമാണ് അതു വീണ്ടെടുക്കാൻ കഴിഞ്ഞത്. ഇതേ അവസ്ഥ തന്നെയാണ് ഇസ്ലാമിൽ രണ്ടാം സ്ഥാനം കൽപ്പിക്കപ്പെട്ട മസ്ജിദുൽ അഖ്സ്വ യുടേതും. അതുകൊണ്ടു തന്നെ വിശ്വാസി സമൂഹം ഒന്നടങ്കം മസ്ജിദുകളുമായുള്ള ബന്ധം വളരെ ആഴത്തിലാക്കുക എന്നതാണ് ഒന്നാമത്തെ മാർഗ്ഗം. ഇന്നു നമ്മുടെ മഖ്ബറകളും മഹ്ളറകളും മാർക്കറ്റുകളും മാളുകളും ഇരുപത്തിനാലു മണിക്കൂറും സജീവമാണ്. മസ്ജിദുകൾ കാലിയും. എന്നിട്ടും നമ്മൾ പറയും : 'പള്ളിയിൽ ചടഞ്ഞുകൂടി ഇരുന്നിട്ട് കാര്യമില്ലെന്ന്'. ദീനിന്റെ അടിത്തറകളെ തോണ്ടിപറഞ്ഞാണ് നമ്മൾ ഊറ്റം കൊള്ളുന്നത്. അല്ലാഹുവിന്റെ റസൂലും സഹാബികളും സലഫുകളും പഠിപ്പിച്ച വഴി മാത്രമാണ് ഉമ്മത്തിന്റെ രക്ഷാമാർഗ്ഗം.മറ്റു നമ്മുടെ ഐഡിയോളിജിയെല്ലാം സമുദായത്തിന് ബാധ്യതയായിരിക്കും.

■ ചീഫ് എഡിറ്റർ

**മൗലാനാ മുഫ്തി മുഹമ്മദ് ശഫീഅ് (റഹ്)**
വിവ. ശൈഖുൽ ഹദീസ് മൗലാനാ
അബ്ദുൽകരീം റഷാദി, അൽഖാസിമി (റഹ്)

# പശ്ചാത്താപം സർവ്വ പാപങ്ങൾക്കും പരിഹാരം

**(അൻആം 52-55) തുടർച്ച**

(നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവർ താങ്കളുടെയടുക്കൽ വരുമ്പോൾ (നിങ്ങൾക്ക് രക്ഷയുണ്ടാകട്ടെ) എന്ന് താങ്കളവരോട് പറയുക. നിങ്ങളുടെ നാഥൻ അനുഗ്രഹത്തെ തന്റെ കടമയായി നിശ്ചയിച്ചിരിക്കുന്നു). ഇവിടെ ആയത്തുകൾ കൊണ്ടുദ്ദേശ്യം ഖുർആനിലെ വചനങ്ങളും അല്ലാഹുവിന്റെ അജയ്യമായ കഴിവിന്റെ മേൽ അറിയിക്കുന്ന ദൃഷ്ടാന്തങ്ങളും ഉദ്ദേശ്യമാകാം.

താങ്കളവരോട് 'സലാമുൻ അലൈകും' എന്ന് പറയുക, ഇത് രണ്ടർത്ഥത്തിന് സാധ്യതയുണ്ട്.

ഒന്ന്: അല്ലാഹുവിന്റെ ഭാഗത്തുനിന്നും താങ്കളവർക്ക് സലാം എത്തിച്ചുകൊടുക്കുക. അപ്പോൾ അവരെ അങ്ങേയറ്റം ബഹുമാനിക്കലും ആദരിക്കലും ഇതിലുണ്ട്. നബി (സ) യുടെ മജ്ലിസിൽ നിന്നും സാധുക്കളായ മുസ്ലിംകളെ എഴുന്നേൽപ്പിച്ച് വിടണമെന്ന് ഖുറൈഷി നേതാക്കന്മാർ ആവശ്യപ്പെട്ടപ്പോൾ അവരുടെ മനസ്സിലേറ്റ മുറിവിന് ഇത് പൂർണ്ണ പരിഹാരവുമായിത്തീർന്നു.

രണ്ട്: താങ്കളവർക്ക് രക്ഷകൊണ്ട് സന്തോഷവാർത്ത അറിയിക്കുക അഥവാ അവരിൽ നിന്നെന്തെങ്കിലും തെറ്റുകളുണ്ടായെങ്കിൽ തന്നെയും അല്ലാഹു അത് മാപ്പ് ചെയ്യുകയും എല്ലാവിധ ആപത്തുകളിൽ നിന്നും അല്ലാഹു അവരെ രക്ഷിക്കുകയും ചെയ്യും.

ശേഷമുള്ള 'കതബ റബ്ബുകും അലാ നഫ്സിഹിർ റഹ്മ' എന്ന വാചകത്തിൽ ഇതോടൊപ്പം വീണ്ടും അല്ലാഹു അവർക്ക് കൂടുതൽ അനുഗ്രഹങ്ങൾ ചെയ്യുമെന്ന് വാഗ്ദത്വം ചെയ്തിരിക്കുന്നു. നിങ്ങൾക്കനുഗ്രഹം ചെയ്യലിനെ അല്ലാഹു തന്റെ കടമയായി നിശ്ചയിച്ചിരിക്കുന്നു. ആയത്കൊണ്ട് നിങ്ങൾ കൂടുതൽ വിഷമിക്കുകയോ പരിഭ്രമിക്കുകയോ വേണ്ട. ഇവിടെ ആദ്യമായി 'രബ്ബുൻ' (പരിപാലകൻ) എന്ന പദം ഉപയോഗിച്ചുകൊണ്ട് ഈ ആശയം വീണ്ടും സ്ഥിരീകരിച്ചിരിക്കുന്നു. അതായത് അല്ലാഹു നിങ്ങളുടെ പരിപാലകനാണ്. പരിപാലകൻ പരിപാലിക്കപ്പെടുന്നവരെ ഒരിക്കലും പാഴാക്കുകയില്ലെന്നത് വ്യക്തമാണ്. അതോടൊപ്പം (നിങ്ങളുടെ നാഥൻ) എന്ന

**"അല്ലാഹുവിന്റെ ഭാഗത്തുനിന്നും താങ്കളവർക്ക് സലാം എത്തിച്ചുകൊടുക്കുക. അപ്പോൾ അവരെ അങ്ങേയറ്റം ബഹുമാനിക്കലും ആദരിക്കലും ഇതിലുണ്ട്. നബി (സ) യുടെ മജ്ലിസിൽ നിന്നും സാധുക്കളായ മുസ്ലിംകളെ എഴുന്നേൽപ്പിച്ച് വിടണമെന്ന് ഖുറൈഷി നേതാക്കന്മാർ ആവശ്യപ്പെട്ടപ്പോൾ അവരുടെ മനസ്സിലേറ്റ മുറിവിന് ഇത് പൂർണ്ണ പരിഹാരവുമായിത്തീർന്നു."**

പദം ഏതൊരനുഗ്രഹത്തിലേക്ക് സൂചിപ്പിച്ചിരിക്കുന്നുവോ അത് (നിങ്ങൾക്ക് അനുഗ്രഹം ചെയ്യുന്നത് നിങ്ങളുടെ നാഥൻ തന്റെമേൽ കടമയാക്കിയിരിക്കുന്നു) എന്ന വാക്യത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നു. അതായത് മാന്യനായ ഒരാൾ വാഗ്ദത ലംഘനം നടത്താറില്ല. എങ്കിൽ സർവ്വലോക സംരക്ഷകനായ അല്ലാഹുവിൽ നിന്നും അതെങ്ങനെയുണ്ടാകാനാണ്? പ്രത്യേകിച്ചും അല്ലാഹു തന്റെ മേൽ അത് കടമയായി നിശ്ചയിച്ചിരിക്കുന്ന സ്ഥിതിക്ക്. നബി (സ) അരുളിയതായി അബൂഹുറയ്റ (റ) പറയുന്നു:

വസ്തുക്കളെയെല്ലാം സൃഷ്ടിക്കുകയും അവയെ സംബന്ധിച്ചുള്ള തീരുമാനം എഴുതുകയും ചെയ്ത ശേഷം അർഷിൽ അല്ലാഹുവിന്റെയടുക്കൽ അവൻ ഇപ്രകാരം എഴുതി എന്റെ കോപത്തേക്കാൾ എന്റെ അനുഗ്രഹം മികച്ചിരിക്കുന്നു. (ബുഖാരി, മുസ്ലിം)

സൽമാനുൽ ഫാരിസി (റ) പറയുന്നു: തൗറാത്തിൽ എഴുതിയിരിക്കുന്നതായി ഞാൻ കണ്ടു.ആകാശഭൂമികളെയും മറ്റ് മുഴുവൻ വസ്തുക്കളെയും അല്ലാഹു സൃഷ്ടിച്ചപ്പോൾ അവന്റെ അനുഗ്രഹത്തെ നൂറ് ഓഹരിയാക്കുകയും അതിൽ ഒരോഹരി മാത്രം മുഴുവൻ സൃഷ്ടികൾക്കുമിടയിൽ വിഭജിക്കുകയും ചെയ്തു. മനുഷ്യരിലും മറ്റിതര ജീവജാലങ്ങളിലുമെല്ലാം കാണപ്പെടുന്ന അനുഗ്രഹങ്ങളെല്ലാം ആ ഒരോഹരിയിൽ നിന്നുള്ളതാണ്.

മാതാപിതാക്കൾ, മക്കൾ, സഹോദരീ സഹോദരന്മാർ, ഭാര്യഭർത്താക്കന്മാർ, കൂട്ടുകുടുംബാദികൾ, അയൽ വാസികൾ, സ്നേഹിതന്മാർ ഇവർക്കിടയിലെല്ലാം കാണപ്പെടുന്ന സ്നേഹവും കരുണയും വാത്സല്ല്യവുമെല്ലാം ആ ഒരോഹരിയുടെ പ്രതിഫലനങ്ങളാണ്. ബാക്കിയുള്ള തൊണ്ണൂറ്റി ഒൻപത് ഓഹരികൾ അല്ലാഹു തന്റെയടുക്കൽ വച്ചിരിക്കുന്നു. ചില രിവായത്തുകളിൽ ഇത് നബി ﷺ യിൽ നിന്നും രിവായത്ത് ചെയ്യപ്പെട്ടതായും വന്നിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ വിശാലത എത്രയാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

അല്ലാഹുവിന്റെ സ്ഥാനത്തിനനുസൃതമായി അവനെ ആരാധിക്കാനോ അനുസരിക്കാനോ ഒരു മനുഷ്യനോ മലക്കിനോ സാധ്യമല്ലെന്നുള്ളത് വളരെ വ്യക്തമാണ്. അല്ലാഹുവിന്റെ പദവിക്ക് യോജിക്കാത്ത വഴിപ്പെടലുകൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നേടുന്നതിന് പകരം അതൃപ്തി സമ്പാദിക്കാനേ ഉപകരിക്കൂ. ഇതാണ് നമ്മുടെ ആരാധനയുടെയും സൽപ്രവർത്തികളുടെയും അവസ്ഥ എന്ന് വരുമ്പോൾ അല്ലാഹുവിന്റെ ഉയർന്ന സ്ഥാനവുമായി നമ്മുടെ ആരാധനകളെ തട്ടിച്ചുനോക്കുമ്പോൾ അതും പാപത്തിനേക്കാളൊട്ടും കുറവല്ല. അതോടൊപ്പം യഥാർത്ഥ പാപങ്ങളിൽ നിന്ന് തന്നെ ആരും ഒഴിവല്ലതാനും. അല്ലാഹു കാത്ത് രക്ഷിച്ചവരൊഴികെ. അപ്പോൾ ന്യായമായി ചിന്തിച്ച് നോക്കുമ്പോൾ ആരും അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടാതിരിക്കേണ്ടതാണ്. എന്നിരുന്നിട്ടും അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ എല്ലാ സമയങ്ങളിലും സദാ വർഷിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം അല്ലാഹു തന്റെ ബാധ്യതയായി നിശ്ചയിച്ചിട്ടുള്ള അനുഗ്രഹങ്ങളാണ്.

## പശ്ചാത്താപം സർവ്വ പാപങ്ങൾക്കും പരിഹാരം

ശേഷം അല്ലാഹു അവന്റെ പൂർണ്ണമായ അനുഗ്രഹത്തിന്റെ വിശദീകരണം ഒരു വ്യവസ്ഥയോടെ ഇപ്രകാരം വിവരിക്കുന്നു: ആരെങ്കിലും വിവരമില്ലാതെ ഒരു തെറ്റ് ചെയ്യുകയും പിന്നീട് അതിൽ നിന്നും പശ്ചാത്തപിച്ച് മടങ്ങുകയും നല്ലരീതിക്ക് നടക്കുക

**“ ആരെങ്കിലും വിവരമില്ലാതെ ഒരു തെറ്റ് ചെയ്യുകയും പിന്നീട് അതിൽ നിന്നും പശ്ചാത്തപിച്ച് മടങ്ങുകയും നല്ലരീതിക്ക് നടക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹു അത് പൊറുത്തുകൊടുക്കുന്നതും കരുണ ചെയ്യുന്നതുമാണ്. അഥവാ മാപ്പ് ചെയ്യുക മാത്രമല്ല ധാരാളം അനുഗ്രഹങ്ങളും അല്ലാഹു ചെയ്തുകൊടുക്കും. ”**

യും ചെയ്യുന്ന പക്ഷം അല്ലാഹു അത് പൊറുത്തുകൊടുക്കുന്നതും കരുണ ചെയ്യുന്നതുമാണ്. അഥവാ മാപ്പ് ചെയ്യുക മാത്രമല്ല ധാരാളം അനുഗ്രഹങ്ങളും അല്ലാഹു ചെയ്തുകൊടുക്കും. വിവരമില്ലാതെ എന്ന് പറഞ്ഞതിൽ നിന്നും മനപ്പൂർവ്വം ചെയ്യുന്ന പാപങ്ങൾ മാപ്പ് ചെയ്യപ്പെടുകയില്ലെന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും യാഥാർത്ഥ്യം അങ്ങനെയല്ല. കാരണം, ഇവിടെ വിവരമില്ലാതെ എന്ന് പറഞ്ഞതുകൊണ്ടുദ്ദേശം വിവരമില്ലാത്തവർ പ്രവർത്തിക്കുന്നതുപോലുള്ള പ്രവർത്തികളെന്നാണ്. ജഹാലത് എന്ന പദം തന്നെ ഇതിന് തെളിവാണ്. കാരണം ഇവിടെ ജഹ്ൽ (വിവരമില്ലാതെ) എന്ന് പറയുന്നതി

ന് പകരം ജഹാലത് (വിവരക്കേട്) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ജഹ്ൽ എന്ന പദം ഇൽമ് (അറിവ്) എന്ന പദത്തിന്റെ വിപരീത പദമാണ്. എന്നാൽ ജഹാലത് എന്ന പദം ഹിൽമ്, വഖാർ (കാര്യബോധം, ഗാംഭീര്യം) എന്നിവയ്ക്ക് എതിരിലുള്ളതാണ്. അതായത് ജഹാലത് എന്ന പദം ഉപയോഗിക്കപ്പെടുന്നത് തന്നെ വിവരക്കേട് പ്രവർത്തിക്കുന്നതിനാണ്. ഗഹനമായി ചിന്തിക്കുമ്പോൾ ഒരാളുടെ പ്രവർത്തി പാപകരമായിത്തീരുന്നത് അത് വിവരക്കേടാകുമ്പോഴാണ്. ആയത്കൊണ്ട് ചില മഹാന്മാർ പറയുന്നു, അല്ലാഹുവിനും അവന്റെ റസൂലിനും എതിര് പ്രവർത്തിക്കുന്നവൻ വിവരമില്ലാത്തവനാണ്. യഥാർത്ഥത്തിൽ അവൻ വിവരമില്ലാത്തവനാണെന്ന് ഇതിന് അർത്ഥമില്ല. മറിച്ച് വിവരക്കേട് പ്രവർത്തിക്കുന്നവനാണെന്നർത്ഥം. എന്തുകൊണ്ടെന്നാൽ അനേകം ആയത്തുകളിലൂടെയും സഹീഹായ ഹദീസുകളിലൂടെയും പശ്ചാത്തപിച്ച് മടങ്ങുന്നവന്റെ സർവ്വ പാപങ്ങളും മാപ്പ് ചെയ്യുമെന്ന് ഖണ്ഡിതമായി വന്നിട്ടുണ്ട്. അത് അശ്രദ്ധയും വിവരക്കേടും മുഖേനയുണ്ടായതാകട്ടെ അതല്ല മന:പ്പൂർവ്വവും ശാരീരിക ഇഛയ്ക്ക് കീഴ്പ്പെട്ടും ഉണ്ടായതാകട്ടെ. എന്നാൽ ഇവിടെ പാപികളുടെ പാപങ്ങൾ പൊറുത്തു കൊടുക്കപ്പെടുമെന്നും അവർക്ക് അനുഗ്രഹങ്ങൾ ചെയ്യപ്പെടുമെന്നും വാഗ്ദത്വം ചെയ്യപ്പെട്ടിരിക്കുന്നത് രണ്ട് നിബന്ധനകളോടെയാണ് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഒന്ന് തൗബ: (പശ്ചാത്താപം). തൗബയുടെ അർത്ഥം ചെയ്തുപോയ പാപങ്ങളുടെ പേരിൽ ഖേദിക്കൽ. നബി (സ) പറയുന്നു: ഖേദമാണ് തൗബ, രണ്ട്: അഥവാ തന്റെ പ്രവർത്തി ശരിയാക്കൽ; മേലിൽ ഇനി ആ പാപം ചെയ്യാതിരിക്കലും ഇനി ഒരിക്കലും അത് ചെയ്യുകയില്ലെന്ന് ദൃഢ നിശ്ചയം ചെയ്യലും ഇതിൽ ഉൾപ്പെടുന്നു. താൻ ചെയ്തുപോയ പാപം മുഖേന ആരുടെയെങ്കിലും എന്തെങ്കിലും ബാധ്യതകൾ പാഴായിട്ടുണ്ടെങ്കിൽ കഴിവിന്റെ പരമാവധി അത് നിർവ്വഹിക്കുമെന്ന് ദൃഢനിശ്ചയം ചെയ്യലും അതിൽ ഉൾപ്പെടുന്നു. അത് അല്ലാഹുവിനോടുള്ള ബാധ്യതകളിൽ പെട്ട നമസ്കാരം, നോമ്പ് മുതലായവയാകട്ടെ അല്ലെങ്കിൽ ആരുടെയെങ്കിലും മുതലുകൾ അനാവശ്യമായി ഉപയോഗിക്കുക, അഭിമാനം കളങ്കപ്പെടുത്തുക, ആരുടെയെങ്കിലും മനസ്സിനെ വേദനിപ്പിക്കുക മുതലായവയായിക്കൊള്ളട്ടെ, പശ്ചാത്താപത്തിന്റെ പൂർത്തീകരണമെന്ന നിലയ്ക്ക് ചെയ്ത് പോയ പാപത്തിന്റെ മേൽ ഖേദിച്ചുകൊണ്ട് അല്ലാഹുവിനോട് പൊറുക്കലിനെ തേടലും മേലിൽ ആ പാപത്തിലേക്ക് മടങ്ങാതിരിക്കലും നമസ്കാരം, നോമ്പ് മുതലായവ ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അത് ഖളാവീട്ടലും സകാത്ത്, ഉള്ഹിയ്യ, സദഖത്തുൽ ഫിത്ർ മുതലായവ നിർവ്വഹിച്ചിട്ടില്ലെങ്കിൽ അത് കൊടുത്തുവീട്ടലും ഹജ്ജ് ഫർളായിട്ടുണ്ടെങ്കിൽ അത് നിർവ്വഹിക്കലും സ്വയം നിർവ്വഹിക്കാൻ കഴിവില്ലെങ്കിൽ പകരം ഒരാളിനെ അയച്ച് അത് ചെയ്യിപ്പിക്കലും പകരം ഒരാളെ അയച്ച് ഹജ്ജ് ചെയ്യിക്കാനോ ഖളാആയ അമലുകൾ സ്വയം നിർവ്വഹിക്കാനോ സാധിക്കാത്ത സാഹചര്യമാണെങ്കിൽ അവ നിർവ്വഹിക്കപ്പെടുന്നതിന് വേണ്ടി വസിയ്യത്ത് ചെയ്യലും ബദൽ ഹജ്ജിനും ഫിദ്‌യയ്ക്കുമുള്ള ഏർപ്പാട് ചെയ്യലും അത്യാവശ്യമാണ്. അഥവാ തന്റെ പ്രവർത്തി നേരെയാക്കുന്നതിന് ഭാവി കാര്യങ്ങൾ മാത്രം ശരിയാക്കൽ മതിയാകുന്നതല്ല. മറിച്ച് ഖളാഅ് ആയ ഫർളുകളും വാജിബുകളും നിർവ്വഹിക്കലും അത്യാവശ്യമാണ്. ഇതേ നിലയിൽ അടിമകളോടുള്ള ബാധ്യതകളുടെ വിഷയത്തിൽ അനുവദനീയമല്ലാത്ത ഏതെങ്കിലും രീതിയിൽ അത് കരസ്ഥമായിട്ടുണ്ടെങ്കിൽ അത് മടക്കിക്കൊടുക്കുകയോ മാപ്പ് ചെയ്യിപ്പിക്കുകയോ ചെയ്യൽ അത്യാവശ്യമാണ്. കൈകൊണ്ടോ നാവ് കൊണ്ടോ ആരെയെങ്കിലും ഉപദ്രവിച്ചിട്ടുണ്ടെങ്കിൽ അത് മാപ്പ് ചെയ്യിക്കൽ അനിവാര്യമാണ്. ഇനി അയാൾ മരിച്ചു പോവുകയോ അല്ലെങ്കിൽ അയാൾ എവിടെയാണെന്ന് അറിയാൻ കഴിയാതെ വരുകയോ ചെയ്താൽ അദ്ദേഹത്തിന് വേണ്ടി പൊറുക്കലിനെ തേടൽ അത്യാവശ്യമാണ്. കാരണം അതുമുഖേന അദ്ദേഹം പൊരുത്തപ്പെടാനോ രക്ഷപ്പെടാനോ കാരണമായേക്കാം. ■

**“ ജഹ്ൽ എന്ന പദം ഇൽമ് (അറിവ്) എന്ന പദത്തിന്റെ വിപരീത പദമാണ്. എന്നാൽ ജഹാലത് എന്ന പദം ഹിൽമ്, വഖാർ (കാര്യബോധം, ഗാംഭീര്യം) എന്നിവയ്ക്ക് എതിരിലുള്ളതാണ്. അതായത് ജഹാലത് എന്ന പദം ഉപയോഗിക്കപ്പെടുന്നത് തന്നെ വിവരക്കേട് പ്രവർത്തിക്കുന്നതിനാണ്. ഗഹനമായി ചിന്തിക്കുമ്പോൾ ഒരാളുടെ പ്രവർത്തി പാപകരമായിത്തീരുന്നത് അത് വിവരക്കേടാകുമ്പോഴാണ്. ”**

കവർ സ്റ്റോറി

**മർഹൂം ശൈഖുനാ അബ്ദുൽ കരീം ഖാസിമി.(ഖു:സി)**
സമ്പാ: അബ്ദു റഷീദ് മൗലവി അൽകൗസരി, ഇടത്തല.

# ഹജ്ജ്, ഉംറ നിർവ്വഹിക്കേണ്ട വിധം

ഹജ്ജ് മൂന്ന് വിധം ഉണ്ട് ഒന്ന് ,ഹജ്ജിന് വേണ്ടി മാത്രം ഇഹ്റാം കെട്ടി പോകൽ ഇതിന് ഇഫ്റാദ് എന്ന് പറയപ്പെടുന്നു. രണ്ട്, ഹജ്ജിനും ഉംറയ്ക്കും ഒരുമിച്ച് ഇഹ്റാം കെട്ടൽ ഇതിന് ഖിറാൻ എന്ന് പറയപ്പെടുന്നു. മൂന്ന്, ഉംറയ്ക്ക് വേണ്ടി മാത്രം ഇഹ്റാം കെട്ടിപ്പോകൽ; മക്കയിൽ ചെന്ന് ഉംറയുടെ അമലുകൾ നിർവ്വഹിച്ച ശേഷം പുരുഷന്മാർ മുടി കളഞ്ഞും സ്ത്രീകൾ മുടിവെട്ടിയും ഇഹ്റാമിൽ നിന്ന് ഒഴിവാകുക പിന്നീട് ദുൽഹജ്ജ് എട്ടിന് ഹജ്ജിന് ഇഹ്റാം കെട്ടി ഹജ്ജിന്റെ അമലുകൾ നിർവ്വഹിക്കുക, ഇതിന് തമത്തുഅ് എന്ന് പറയപ്പെടുന്നു. സാധാരണക്കാരെ സംബന്ധിച്ചിട ത്തോളം മൂന്നാമത് പറഞ്ഞ രൂപമാണ് എളുപ്പവും സൂക്ഷ്മകരവും ആയതുകൊണ്ട് മൂന്നാമത്തെ രൂപം മാത്രമാണ് ഇവിടെ വിവരിക്കുന്നത്.

ഹജ്ജിന് പുറപ്പെടുന്നതിന് മുമ്പായി എല്ലാ വിധ ബാധ്യതകളിൽ നിന്നും പൂർണ്ണമായി ഒഴിവാകുകയും പാപങ്ങളിൽ നിന്നും നിഷ്കളങ്കമായി പശ്ചാത്തപിക്കു കയും ചെയ്യേണ്ടതാണ്, യാത്ര പുറപ്പെടുന്നതിന് മുമ്പും യാത്ര പുറപ്പെട്ടതിന് ശേഷവും എന്തെങ്കിലും ദാനധർമ്മങ്ങൾ ചെയ്യുന്നത് നല്ലതാണ്.

യാത്ര പുറപ്പെടാൻ വിചാരിക്കുമ്പോൾ യാത്രയുടെ രണ്ട് റകഅത്ത് സുന്നത്ത് നമസ്കരിച്ച് ദുആ ചെയ്ത് പുറപ്പെടണം. വീട്ടിൽ നിന്നും പുറപ്പെടുമ്പോൾ ഈ ദുആ ഓതി പുറപ്പെടുക; ബിസ്മില്ലാഹി ആമൻതുബില്ലാഹി തവക്കൽതു അലല്ലാഹി ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹി.

വിമാന മാർഗ്ഗം ഹജ്ജിന് പോകുമ്പോൾ വിമാനത്തിൽ കയറുന്നതിന് മുമ്പായി ഇഹ്റാം കെട്ടുന്നതാണ് നല്ലത്. താമസിക്കുന്ന സ്ഥലത്തു നിന്നോ എയർപ്പോർട്ടിൽ നിന്നോ ഇഹ്റാം കെട്ടാവുന്നതാണ്, ബോർഡിംഗ് കാർഡ് കിട്ടിയ ശേഷം ഇഹ്റാം കെട്ടലായിരിക്കും ഉത്തമം, കാരണം എന്തെങ്കിലും കാരണവശാൽ വിമാനം ക്യാൻസലായിപ്പോയാൽ ഇഹ്റാമിൽ തന്നെ കഴിയേണ്ടിവരും സാധാരണക്കാർക്ക് അത് പ്രയാസകരമായിരിക്കും.

## ഇഹ്റാം കെട്ടുന്നതിനുള്ള ഒരുക്കങ്ങൾ

നഖം മുറിക്കുക, താടി ഒതുക്കുക, കക്ഷത്തിലേയും ഗുഹ്യഭാഗത്തേയും രോമങ്ങൾ നീക്കം ചെയ്യുക, ഇഹ്റാമിന്റെ കുളി എന്നുള്ള നിയ്യത്തിൽ സോപ്പോ മറ്റോ ഉപയോഗിച്ച് നന്നായി അഴുക്ക് തേച്ചു കളഞ്ഞ് കുളിക്കുക, അശുദ്ധിയുള്ള സ്ത്രീകൾക്കും കുളി സുന്നത്താണ്. തലമുടിയും താടിയും പൊഴിയുവാനുള്ള തെല്ലാം പൊഴിഞ്ഞു പോകത്തക്ക നിലയിൽ ചീർപ്പ് കൊണ്ട് നന്നായി ചീകുക, സ്ത്രീകൾ അവരുടെ തലമുടെ നന്നായി ചീകി കെട്ടുക, മുടി അഴിഞ്ഞു പോകാതെയും പറന്നു പോകാതെയും ടവ്വൽ പോലുള്ള ഏതെങ്കിലും തുണികൊണ്ട് നന്നായി ഒതുക്കി കെട്ടുന്നത് നല്ലതാണ്. ഇഹ്റാമിന് മുമ്പ് സുഗന്ധവസ്തുക്കൾ പൂശുന്നത് സുന്നത്താണ്.

## ഇഹ്റാം കെട്ടുന്ന വിധം

കുളിച്ച ശേഷം പുരുഷന്മാർ ഇഹ്റാമിന്റെ രണ്ട് വസ്ത്രങ്ങൾ ധരിക്കണം, ഒന്ന് ഉടുക്കുകയും മറ്റൊന്ന് പുതയ്ക്കുകയും ചെയ്യണം. സ്ത്രീകൾക്ക് ഇഹ്റാമിന്റെ പേരിൽ പ്രത്യേകമായി ഒന്നും ധരിക്കുവാനില്ല, അവർ മുഖവും മുൻകയ്യും ഒഴികെ ശരീരം മുഴുവൻ മറയത്തക്ക വിധം വസ്ത്രങ്ങൾ ധരിച്ചാൽ മതി. ഇഹ്റാമിന്റെ വസ്ത്രം ധരിച്ചതിന് ശേഷം ഇഹ്റാമിന്റെ സുന്നത്തായ നമസ്കാരം ഞാൻ അല്ലാഹുവിനുവേണ്ടി നമസ്കരിക്കുന്നു എന്നുള്ള നിയ്യത്തിൽ രണ്ട് റകഅത്ത് നമസ്കരിക്കണം. ഈ നമസ്കാരത്തിൽ പുരുഷന്മാർക്കും തല മറയ്ക്കാവുന്നതാണ്. കാരണം, ഇഹ്റാമിന്റെ നിയ്യത്തിന് ശേഷമാണ് തല മറയ്ക്കാൻ പാടില്ലാതെയാകുന്നത്. നമസ്കരിച്ച് സലാം വീട്ടിയ ശേഷം പുരുഷന്മാർ തലയിൽ നിന്നും തുണി മാറ്റുകയും ഇഹ്റാമിനു വേണ്ടി ഇപ്രകാരം നിയ്യത്ത് ചെയ്യുകയും വേണം; അല്ലാഹുമ്മ ഇന്നീ ഉരീദുൽ ഉംറത്ത ഫയസ്സിർഹാലീ വതഖബ്ബൽ ഹാ മിന്നീ. (അല്ലാഹുവേ! ഞാൻ ഉംറയ്ക്ക് നിയ്യത്ത് ചെയ്യുന്നു എനിക്ക് അതിനെ നീ എളുപ്പമാക്കി തരുകയും എന്നിൽ നിന്നും അതിനെ നീ സ്വീകരിക്കുകയും ചെയ്യണമേ!)

നിയ്യത്ത് ചെയ്ത ഉടൻ തന്നെ മൂന്ന് പ്രാവശ്യം തലബിയ്യത്ത് ചൊല്ലുകയും ഒരു പ്രാവശ്യം സ്വലാത്ത് ഓതുകയും വേണം.

## തൽബിയത്ത് ഇപ്രകാരമാണ്.

ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക് ലബ്ബൈക്ക ലാ ഷരീക്ക ലക ലബ്ബൈക്ക് ഇന്നൽ ഹംദ വന്നിഅ്മത ലക വൽമുൽക് ലാ ഷരീക ലക്. പുരുഷന്മാർ ഉറക്കെയും സ്ത്രീകൾ പതുക്കയും തൽബിയ്യത്ത് ചൊല്ലേണ്ടതാണ്. അശുദ്ധിയുള്ള സ്ത്രീകൾ ഖിബ്ലയ്ക്ക് അഭിമുഖമായി ഇരുന്ന് നിയ്യത്ത് ചെയ്യുകയും തൽബിയ്യത്ത് ചൊല്ലുകയും വേണം. ഇത്രയും കാര്യങ്ങൾ കൊണ്ട് ഇഹ്റാമായിത്തീരുന്നതാണ്.

## ഇഹ്റാം കെട്ടിയ ശേഷം സൂക്ഷിക്കേണ്ട കാര്യങ്ങൾ;

ഇഹ്റാം കെട്ടിയ ശേഷം തല മറയ്ക്കുക, തുന്നിയ വസ്ത്രങ്ങൾ ധരിക്കുക, കൈ ഉറ ധരിക്കുക, മണവസ്തുക്കൾ പൂശുക, മുടി ചീകുക, താടി രോമം പൊഴിയുന്ന വിധത്തിൽ താടിയുടെ ഇടയിൽഇ കൈവിരൽ കടത്തുക, സോപ്പ് തേക്കുക, ശരീരം തേച്ചുകുളിക്കുക മുതലായവ പാടില്ലാത്തതാകുന്നു. ഭാര്യഭർത്താക്കൾ തമ്മിലുള്ള ബന്ധങ്ങളും എല്ലാ വിധ സല്ലാപങ്ങളും നിഷിദ്ധമാണ്. പുരുഷന്മാർ കാൽപാദത്തിന്റെ മുകളും മടമ്പ് കാലും മറയുന്ന രീതിയിലുള്ള ചെരുപ്പ് ധരിക്കാനും പാടില്ലാത്തതാണ്. തുന്നിച്ചേർത്ത വസ്ത്രങ്ങൾ ധരിക്കുവാനോ തല മറയ്ക്കുവാനോ പാടുള്ളതല്ല എന്ന നിയമത്തിൽ നിന്നും സ്ത്രീകൾ ഒഴിവാണ്. ഇഹ്റാമിന് ശേഷം എല്ലാ പാപകരമായ കാര്യങ്ങളും പാടേ വർജ്ജിക്കേണ്ടതാണ്. ഇഹ്റാം കെട്ടിയ ശേഷം ഏറ്റവും ശ്രേഷ്ഠമായ ദിക്റായ, തൽബിയ്യത്ത് കൂടുതലായി എപ്പോഴും ചൊല്ലിക്കൊണ്ടിരിക്കണം. ഉറക്കത്തിൽ നിന്നും ഉണരുമ്പോഴും കൂട്ടുകാരെ കണ്ടുമുട്ടുമ്പോഴും ഉയർന്ന സ്ഥലത്തേക്ക് കയറുമ്പോഴും താഴേയ്ക്ക് ഇറങ്ങുമ്പോഴും നിൽക്കുന്നയാൾ ഇരിക്കുമ്പോഴും ഇരിക്കുന്നയാൾ എഴന്നേൽക്കുമ്പോഴും രാവിലെയും വൈകിട്ടും നമസ്കാരങ്ങൾക്ക് ശേഷവും തൽബിയ്യത്ത് പ്രത്യേകം ചൊല്ലേണ്ടതാണ്.

## ജിദ്ദയിൽ നിന്നും മക്കയിലേക്കുള്ള യാത്ര.

ജിദ്ദയിൽ നിന്നും മക്കയിലേക്ക് പോകുമ്പോൾ വളരെ ഭയഭക്തിയോടു കൂടിയും ദിക്ര്, തൽബിയ്യത്ത് മുതലായവ ചൊല്ലിക്കൊണ്ടും പോകേണ്ടതാണ്.

**“ ഉറക്കത്തിൽ നിന്നും ഉണരുമ്പോഴും കൂട്ടുകാരെ കണ്ടുമുട്ടുമ്പോഴും ഉയർന്ന സ്ഥലത്തേക്ക് കയറുമ്പോഴും താഴേയ്ക്ക് ഇറങ്ങുമ്പോഴും നിൽക്കുന്നയാൾ ഇരിക്കുമ്പോഴും ഇരിക്കുന്നയാൾ എഴന്നേൽക്കുമ്പോഴും രാവിലെയും വൈകിട്ടും നമസ്കാരങ്ങൾക്ക് ശേഷവും തൽബിയ്യത്ത് പ്രത്യേകം ചൊല്ലേണ്ടതാണ്. ”**

ഹറമിന്റെ അതിർത്തിയിലേക്ക് പ്രവേശിക്കുമ്പോൾ സാധിക്കുമെങ്കിൽ നിർത്തി ദുആ ചെയ്യണം.

മക്കയിൽ എത്തിക്കഴിഞ്ഞാൽ സാധനങ്ങൾ ഭദ്രമായി സൂക്ഷിച്ചു വെച്ച ശേഷം ഉംറയുടെ അമലുകൾ നിർവ്വഹിക്കേണ്ടതാണ്. ഉംറയുടെ അമലുകളിൽ അടുത്ത അമൽ ത്വവാഫ് ആണ്. ത്വവാഫ് ചെയ്യുന്ന സമയത്ത് വുളു ഉണ്ടായിരിക്കണം.

ത്വവാഫിൽ ഔറത്ത് മറയ്ക്കൽ നിർബന്ധമാണ്. സ്ത്രീകളുടെ പാദവും കൂടി ഔറത്തായത് കൊ

ണ്ട് അവർ ത്വവാഫ് ചെയ്യുമ്പോൾ കാലുറ ധരിച്ചിരിക്കേണ്ടതാണ്.

## ത്വവാഫ് ചെയ്യുന്ന വിധം

ത്വവാഫിന് വേണ്ടി മസ്ജിദുൽ ഹറാമിലേക്ക് വലത്കാൽ വെച്ച്, അല്ലാഹുമ്മഫ്തഹ് ലീ അബ്വാബ റഹ്മത്തിക്ക ഫഗ്ഫിർലീ ദുനൂബീ, എന്ന ദുആ ഓതി പ്രവേശിക്കണം. ബാബുസ്സലാമിൽ കൂടി പ്രവേശിക്കൽ സുന്നത്താണ്. മസ്ജിദുൽ ഹറാമിലേക്ക് പ്രവേശിക്കുമ്പോൾ കഅ്ബയെ കാണുന്നതാണ്. കഅ്ബയെ ആദ്യമായി കാണുമ്പോൾ ദുആ ഖബൂലാകുന്ന സന്ദർഭമായത് കൊണ്ട് കഅ്ബയെ കണ്ട ഉടൻ അവിടെ നിന്നും സമാധാനമായി അറിയാവുന്ന ഭാഷയിൽ ദുആ ചെയ്യണം. കഅ്ബയെ കണ്ട ഉടൻ രണ്ട് കൈകളുമുയർത്തി അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ എന്ന് പറയുകയും സ്വലാത്ത്, ദുആ മുതലായവ ഓതുകയും വേണം. ദുആയ്ക്ക് ശേഷം ത്വവാഫ് തുടങ്ങുന്നതിനായ് ഹജറുൽ അസ്വദിന്റെ ഭാഗത്തേയ്ക്ക് പോകണം. മക്കയിൽ പോയ ഉടനെ ആദ്യമായി ചെയ്യുന്ന ത്വവാഫ് ഉംറയുടെ ത്വവാഫ് ആയത് കൊണ്ട് ഈ ത്വവാഫിന്റെ ആദ്യത്തെ മൂന്ന് ചുറ്റലിൽ പുരുഷന്മാർ കാൽ അടുപ്പിച്ചടുപ്പിച്ച് ചവുട്ടിയും രണ്ട് തോളുകളും കുലുക്കിയും വേഗത്തിൽ നടക്കുന്നതും അവരുടെ രണ്ടാം മുണ്ട് വലത്തെ കക്ഷത്തിനടിയിലൂടെ എടുത്ത് ഇടത്തെ തോളിന് മുകളിലിടുന്നതും ത്വവാഫിന്റെ ഏഴ് ചുറ്റലിലും സുന്നത്താണ്. സ്ത്രീകൾക്ക് ഇവ രണ്ടും ഇല്ലാത്തതാകുന്നു. ആയത്കൊണ്ട് പുരുഷന്മാർ രണ്ടാം മുണ്ട് വലത്തെ കക്ഷത്തിനടിയിലൂടെ എറുത്ത് ഇടത്തെ തോളിന് മുകളിലിട്ട് ഹജറുൽ അസ്വദിനെ പൂർണ്ണമായും തന്റെ വലതു ഭാഗത്താക്കി കൊണ്ട് കഅ്ബയെ അഭിമുഖമായി നിന്ന് ഇപ്രകാരം നിയ്യത്ത് ചെയ്യണം, അല്ലാഹുവേ! ഞാൻ ഉംറയുടെ ത്വവാഫ് ചെയ്യാൻ കരുതുന്നു. ഇതിനെ എനിക്ക് നീ എളുപ്പമാക്കിത്തരുകയും എന്നിൽ നിന്നും സ്വീകരിക്കുകയും ചെയ്യേണമേ!

നിയ്യത്ത് ചെയ്ത ശേഷം അല്പം വലത്തോട്ട് നീങ്ങി ഹജറുൽ അസ്വദിന്റെ നേരേ നിൽക്കുകയും രണ്ട് കൈകളെയും ഹജറുൽ അസ്വദിൽ വെച്ചതായി സങ്കൽപിച്ച് കൊണ്ട് അവ രണ്ടിനെയും നമസ്കാരത്തിൽ ഉയർത്തുന്നത് പോലെ ഉയർത്തി ബിസ്മില്ലാഹി അല്ലാഹു അക്ബർ ലാഇലാഹ ഇല്ലല്ലാഹു വലില്ലാഹിൽ ഹംദ്. എന്ന് പറഞ്ഞുകൊണ്ട് രണ്ട് കൈകളും മുത്തണം. ഇങ്ങനെ മൂന്ന് പ്രാവശ്യം മുത്തുക. ഇങ്ങനെ മുത്തുന്നതിന് ഇസ്തിലാം എന്ന് പറയുന്നു. ഇസ്തിലാം ചെയ്ത ശേഷം ത്വവാഫ് തുടങ്ങേണ്ടതാണ്.

ത്വവാഫിൽ അതാത് സ്ഥലങ്ങളിൽ ഓതേണ്ട ദുആകൾ അറിഞ്ഞുകൂടാത്തവർ സുബഹാനല്ലാഹി വൽഹംദു ലില്ലാഹി വലാഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹിൽ അലിയ്യിൽ അളീം. എന്ന് ഓതിക്കൊണ്ട് ത്വവാഫ് ചെയ്യണം. ഹജറുൽ അസ്വദിൽ നിന്നും ത്വവാഫ് തുടങ്ങി മൂന്നാമത്തെ മൂലക്ക് റുക്നുൽ യമാനി എന്ന് പറയും, അവിടെ വരുമ്പോൾ ആൾക്കൂട്ടമില്ലെങ്കിൽ ആ മൂലയെ തൊട്ടുമുത്തുന്നത് സുന്നത്താണ്. അവിടെ കൈ ഉയർത്തലോ ബിസ്മില്ലാഹി അല്ലാഹു അക്ബർ എന്ന് പറയലോ ആവശ്യമില്ല, ത്വവാഫ് ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ ആദ്യം മുതൽ അവസാനം വരെയും കഅ്ബ തന്റെ ഇടതു ഭാഗത്ത് തന്നെ ആയിരിക്കേണ്ടതാണ്, ത്വവാഫിൽ ഹജറുൽ അസ്വദിനെ ഇസ്തിലാം ചെയ്യുന്ന അവസരത്തിൽ മാത്രമേ കഅ്ബയെ അഭിമുഖീകരിക്കാൻ പാടുള്ളു, ഹജറുൽ അസ്വദിൽ നിന്നു തുടങ്ങി ഹജറുൽ അസ്വദിൽ മടങ്ങി എത്തുമ്പോൾ ഒരു ചുറ്റ് പൂർത്തിയായി. ഓരോ പ്രാവശ്യവും ഹജറുൽ അസ്വദിൽ വരുമ്പോഴും നേരത്തെ വിവരിച്ച പ്രകാരം ഹജറുൽ അസ്വദിനെ ഇസ്തിലാം ചെയ്യണം. ഇങ്ങനെ ഏഴ് ചുറ്റു പൂർത്തിയാകുമ്പോൾ അവസാനമായി ഹജറുൽ അസ്വദിനെ ഇസ്തിലാം ചെയ്തു കഴിഞ്ഞ് മഖാമു ഇബ്രാഹീമിൽ പോയി രണ്ട് റക്അത്ത് നമസ്കരിക്കണം മഖാമു ഇബ്രാഹീം തന്റെ മുന്നിൽ ആക്കിക്കൊണ്ട് എത്ര പുറകോട്ട് വേണമെങ്കിലും നിന്ന് നമസ്കരിക്കാവുന്നതാണ്.

> **“ നിയ്യത്ത് ചെയ്ത ശേഷം അല്പം വലത്തോട്ട് നീങ്ങി ഹജറുൽ അസ്വദിന്റെ നേരേ നിൽക്കുകയും രണ്ട് കൈകളെയും ഹജറുൽ അസ്വദിൽ വെച്ചതായി സങ്കൽപിച്ച് കൊണ്ട് അവ രണ്ടിനെയും നമസ്കാരത്തിൽ ഉയർത്തുന്നത് പോലെ ഉയർത്തി ബിസ്മില്ലാഹി അല്ലാഹു അക്ബർ ലാഇലാഹ ഇല്ലല്ലാഹു വലില്ലാഹിൽ ഹംദ്. എന്ന് പറഞ്ഞുകൊണ്ട് രണ്ട് കൈകളും മുത്തണം. ഇങ്ങനെ മൂന്ന് പ്രാവശ്യം മുത്തുക. ”**

ആൾക്കൂട്ടം കുറവാണെങ്കിൽ കഴിയുന്നതും മഖാമു ഇബ്രാഹീമിന്റെ അടുത്ത് തന്നെ നിന്ന് നമസ്കരിക്കാൻ ശ്രമിക്കണം. ആദ്യത്തെ റക്അത്തിൽ, ഖുൽയാ അയ്യുഹൽ കാഫിറൂൻ എന്ന സൂറത്തും രണ്ടാമത്തെ റക്അത്തിൽ, ഖുൽഹുവല്ലാഹു അഹദ് എന്ന സൂറത്തും ഓതുന്നത് സുന്നത്താണ്. മഖാമു ഇബ്രാഹീമും ദുആ ഖബൂലാകുന്ന സ്ഥലങ്ങളിൽ വളരെ പ്രധാനപ്പെട്ട സ്ഥലമാണ്. ആയത്കൊണ്ട് നമസ്കരിച്ച ശേഷം എല്ലാ കാര്യങ്ങൾക്കു വേണ്ടിയും അവിടെ വെച്ച് ദുആ ചെയ്യണം. ദുആ കഴിഞ്ഞ് സംസം വെള്ളം കുടിക്കാൻ വേണ്ടി പോകണം. സംസം വെള്ളം ബിസ്മി പറഞ്ഞ് കഅ്ബയ്ക്ക് അഭിമുഖമായി നിന്ന് കുടിക്കണം. ഒന്ന് കുടിച്ച് നിർത്തിട്ട് രണ്ടാമത് കുടിക്കുന്നതിന്റെ ഇടയിൽ അൽഹംദുലില്ലാഹ് എന്ന് പറയണം. സംസം വെള്ളം കൂടുതൽ കുടിക്കുന്നത് ഈമാന്റെ അടയാളമാണ്. അയത്കൊണ്ട് സാധിക്കുന്നിടത്തോളം അത് കുടിക്കണം. സംസം വെള്ളം കുടിക്കുമ്പോൾ ഈ ദുആ ഓതുന്നത് സുന്നത്താണ്.

'അല്ലാഹുമ്മ ഇന്നീ അസ്അലുക്ക ഇൽമൻ നാഫിഅൻ വരിസ്ഖൻ വാസിഅൻ വഷിഫാഅൻ മിൻ കുല്ലി ദാഅ്' സംസം കിണറും ദുആ ഖബൂലാകുന്ന സ്ഥലങ്ങളിൽ പെട്ടതാണ് ആയത്കൊണ്ട് അവിടെയും എല്ലാ കാര്യങ്ങൾക്ക് വേണ്ടിലുൾയും പ്രത്യേകം ദുആ ചെയ്യണം. (ഇപ്പോൾ ഈ സൗകര്യം എടുത്ത് കളഞ്ഞത്കൊണ്ട് സംസം കുടിച്ച ശേശം എല്ലാ കാര്യങ്ങൾക്കുവേണ്ടിയും ദുആ ചെയ്യണം) അതിന് ശേഷം തിരക്ക് കുറവാണെങ്കിൽ മുൽതസമിൽ (ഹജറുൽ അസ്വദിനും കഅ്ബയുടെ വാതിലിനും ഇടയിലുള്ള ഭാഗം) വന്നു ദുആ ചെയ്യണം. അതും ദുആ ഖബൂലാകുന്ന സ്ഥലങ്ങളിൽ പെട്ടതാണ്.

ഉംറയുടെ അമലുകളിൽ മൂന്നാമത്തേത് സഅ് യ് ആണ്. അതായത് സഫാ മർവായുടെ ഇടയിലുള്ള നടത്തം. സഅ് യിനുവേണ്ടി ഹജറുൽ അസ്വദിന്റെ അടുക്കൽ വരികയും മുമ്പ് പറഞ്ഞ നിലയിൽ ഹജറുൽ അസ്വദിനെ ഇസ്തിലാം ചെയ്യുകയും വേണം. അത് കഴിഞ്ഞ് മസ്ജിദുൽ ഹറാമിന്റെ ബാബുസ്സഫായിൽ കൂടി സഫായിലേക്ക് പ്രവേശിക്കണം. സഫായിലേക്ക് പ്രവേശിക്കുമ്പോൾ; ഇന്നസ്സഫാ വൽ മർവത.. എന്ന് തുടങ്ങുന്ന ആയത് ഓതൽ സുന്നത്താണ്. സഫായിൽ നിന്നു നോക്കിയാൽ കഅ്ബ കാണത്തക്ക നിലയിൽ മുകളിലേയ്ക്ക് കയറിനിന്ന് ഇപ്രകാരം നിയ്യത്ത് ചെയ്യണം ;സഫാ മർവായുടെ ഇടയിൽ ഏഴു പ്രാവശ്യം സഅ് യ് ചെയ്യുവാൻ ഞാൻ കരുതുന്നു. അല്ലാഹുവേ! എനിക്കിതിനെ എളുപ്പമാക്കിത്തരികയും എന്നിൽ നിന്നും നീ ഇതിനെ സ്വീകരിക്കുകയും ചെയ്യേണമേ! അതിന് ശേഷം കഅ്ബയിലേക്ക് തിരിഞ്ഞു നിന്നു ദുആയ്ക്ക് വേണ്ടി കൈ ഉയർത്തുന്നത് പോലെ തോളോടൊപ്പം രണ്ട കൈകളുമുയർത്തി അല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹു അൽഹംദുലില്ലാഹ് ഇവ ഉച്ചത്തിൽ ചൊല്ലുകയും നബി (സ) യുടെ മേൽ സ്വലാത്ത് പതുക്കെ ചൊല്ലുകയും വേണം സ്ത്രീകൾ എപ്പോഴും എല്ലാ ദുആക്കളും പതുക്കെ ചൊല്ലേണ്ടതാണ്. ഏതാണ്ട് ഇരുപത്തിയഞ്ച് ആയത്ത് ഓതിത്തീർക്കുന്ന സമയത്തോളം സഫായിൽ നിന്ന് തനിക്കും, മറ്റുള്ളവർക്കും എല്ലാ ഖൈറുകൾക്ക് വേണ്ടിയും പ്രത്യേകം ദുആ ചെയ്യണം. ദുആ കഴിഞ്ഞ് സാധാരണ നടത്തത്തിൽ സഫായിൽ നിന്നും മർവയിലേക്ക് നടക്കണം. ഈ നടത്തത്തിൽ തനിക്കറിയാവുന്ന ഏത് ദുആ വേണമെങ്കിലും ഓതാവുന്നതാണ്. എന്നിരുന്നാലും 'റബ്ബിഗ്ഫിർ വർഹം വതജാവസ് അമ്മാ തഅ്ലം ഇന്നക്ക അൻതൽ അഅസ്സുൽ അക്റം' എന്ന ദുആ ഓതൽ വളരെ ശ്രേഷ്ഠമായതാണ്. പച്ച ലൈറ്റ് ആയിക്കഴിഞ്ഞാൽ അടുത്ത പച്ച ലൈറ്റ് വരെയും വേഗത്തിൽ നക്കേണ്ടതാണ്. വേഗത്തിൽ ഓടുന്നതും മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നതുമെല്ലാം തെറ്റായ കാര്യങ്ങളാണ്. സ്ത്രീകൾ സാധാരണ നിലയിൽ നടന്നാൽ മതിയാകും.

മർവ്വയിൽ എത്തിക്കഴിഞ്ഞാൽ മുകളിലേക്ക് കയറി അല്പം വലത്തേക്ക് തിരിഞ്ഞ് കഅ്ബയ്ക്ക് അഭിമുഖമായി നിൽക്കണം. സഫായിൽ ഓതിയത് പോലെ ഇവിടെയും അല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹ്, അൽഹംദുലില്ലാഹ്, എന്നിവകൾ ചൊല്ലുകയും ദുആ ചെയ്യുകയും വേണം. അവിടെ നിന്നും സാധാരണ നടത്തത്തിൽ സഫയിലേക്ക് വരണം. പച്ച ലൈറ്റുകൾക്കിടയിൽ വേഗത്തിൽ നടക്കണം. സഫയിലും മർവയിലും നേരത്തെ പറഞ്ഞത് പോലെ നിൽക്കുകയും മേൽ പറഞ്ഞത് പോലെ ചെയ്യുകയും വേണം. സഫയിൽ നിന്നും മർവയിലേക്കുള്ള നടത്തം ഒന്ന് മർവയിൽ നിന്നും സഫയിലേക്കുള്ള നടത്തം രണ്ട്, ഇങ്ങനെ ഏഴ് പ്രാവശ്യം സഫാ മർവായുടെ ഇടയിലുള്ള സഅ് യ് പൂർത്തിയാക്കരൾണം. മർവയായിൽ വെച്ച് ഏഴാമത്തേത് പൂർത്തിയാകുന്നതാണ്. സഅ് യ് കഴിഞ്ഞ് മസ്ജിദുൽ ഹറാമിൽ എവിടെയെങ്കിലും സഅ് യിന്റെ രണ്ട് റക്അത്ത് നമസ്കരിക്കൽ സുന്നത്താ ണെന്ന് ഫുഖഹാക്കളിൽ ചിലർ പറഞ്ഞിട്ടുണ്ട്.

നമസ്കാരത്തിന് ശേഷം പുരുഷന്മാർ തല മുടി

കളയുകയും സ്ത്രീകൾ എല്ലാ മുടിയുടെയും തുമ്പ് കിട്ടത്തക്ക വിധം കൂട്ടിപ്പിടിച്ച് ഒരു വിരൽ പുച്ചത്തോളം മുടി വെട്ടിക്കളയുകയും വേണം. ഇങ്ങനെ മുടി വെട്ടുന്നതിന് തഹല്ലുലാകുക എന്ന് പറയപ്പെടുന്നു. പുരുഷന്മാർ മുടി കളയുകയും സ്ത്രീകൾ മുടിവെട്ടുകയും ചെയ്യുന്നതോടെ ഇഹ്റാമിൽ നിന്നും ഒഴിവാകുന്നതാണ്. ഇപ്പോൾ ഇഹ്റാം കൊണ്ട് നിഷിദ്ധമായിരുന്ന എല്ലാ കാര്യങ്ങളും അനുവദനീയമായിത്തീരുന്നതാണ്. പുരുഷന്മാർ മുടു മുഴുവൻ വെട്ടണം. ചില മുടികൾ മാത്രം വെട്ടിയാൽ മതി എന്നു പറയുന്നത് സൂക്ഷ്മത കുറവും സുന്നത്തിന് മാറ്റവുമാണ്. സൂക്ഷ്മതയില്ലാത്തവർ ഇങ്ങനെ ചെയ്യുന്നത് കണ്ട് നാം അതിനെ അനുകരിക്കരുത് ഹനഫീ മദ്ഹബ് അനുസരിച്ച് കുറഞ്ഞത് ആകെ മുടിയുടെ കാൽ ഭാഗം വെട്ടിക്കളയുകയോ വടിച്ച് കളയുകയോ ചെയ്യാതിരുന്നാൽ ഇഹ്റാമിൽ നിന്നും ഒഴിവാകുന്നതല്ല.

ഇഹ്റാം കെട്ടിയ ഒരാൾ തന്റെ മുടി കളഞ്ഞ് അല്ലെങ്കിൽ മുടി വെട്ടി ഹലാലാകുന്നതിന് മുമ്പ് മറ്റൊരാളുടെ മുടി വെട്ടിക്കൊടുകുക്കാൻ പാടില്ല, സ്ത്രീകൾ തങ്ങളുടെ മുടി അന്യ പുരുഷന്മാരെക്കൊണ്ട് വെട്ടിക്കുകയോ, അന്യ പുരുഷന്മാരുടെ മുന്നിൽ വെച്ച് വെട്ടുകയോ ചെയ്യരുത്.സ്ത്രീകളുടെ മുടിയും ഔറത്താണ്. ഭർത്താവിനെക്കൊണ്ട് വെട്ടിക്കുന്നതിൽ തെറ്റൊന്നുമില്ല. ഇത്രയും കാര്യങ്ങൾ കൊണ്ട് ഉംറ തീർന്നു.

## ഹജ്ജിന്റെ അഞ്ചു ദിവസങ്ങൾ

ദുൽഹജ്ജ് എട്ടിന്റെയന്ന് രാവിലെ ഹജ്ജിനു വേണ്ടി ഇഹ്റാം കെട്ടേണ്ട ദിവസമാണ്. ഇഹ്റാം കെട്ടുന്നതിനെപ്പറ്റിയെല്ലാം മുമ്പ് പറഞ്ഞു കഴിഞ്ഞുവല്ലോ! അതനുസരിച്ച് കുളിച്ച്, സുഗന്ധ വസ്തുക്കൾ പൂശി ഇഹ്റാമിന്റെ വസ്ത്രങ്ങളണിഞ്ഞ് മസ്ജിദുൽ ഹറാമിൽ പോയി രണ്ട് റക്അത്ത് നമസ്കരിച്ച് ഹജ്ജിന് വേണ്ടി ഇപ്രകാരം ഇഹ്റാം കെട്ടണം, അല്ലാഹുമ്മ ഇന്നീ ഉരീദുൽ ഹജ്ജ ഫയസ്സിർഹു ലീ വതഖബ്ബൽഹു മിന്നീ (അല്ലാഹുവേ! ഞാൻ നിനക്കു വേണ്ടി ഹജ്ജിന് ഇഹ്റാം കെട്ടുന്നു. അതിനെ എനിക്ക് നീ എളുപ്പമാക്കിത്തരികയും എന്നിൽ നിന്നും അതിനെ നീ സ്വീകരിക്കുകയും ചെയ്യേണമേ) ശാഫീ മദ്ഹബ് അനുസരിച്ച് താൻ താമസിക്കുന്ന സ്ഥലത്ത് നമസ്കരിച്ച് ഇഹ്റാം കെട്ടാവുന്നതാണ്. ഇഹ്റാം കെട്ടിയ ശേഷം പുരുഷൻമാർ ഉച്ചത്തിലും സ്ത്രീകൾ പതുക്കെയും തൽബിയ്യത്ത് കൂടുതലായി ചൊല്ലിക്കൊണ്ടിരിക്കണം. ഇഹ്റാം കെട്ടി സൂര്യനുദിച്ച് അല്പം ഉയർന്ന ശേഷം മക്കയിൽ നിന്നും മിനായിലേക്ക് പുറപ്പെടണം. വഴിയിൽ തൽബിയത്ത്, ദിക്ര്, സ്വലാത്ത് ഇവകൾ കൂടുതലായി ചൊല്ലണം. മിനായിലെത്തിക്കഴിഞ്ഞാൽ സാധനങ്ങളെല്ലാം ഒതുക്കിവെച്ച ശേഷം ദിക്ര്, തസ്ബീഹ്, തൽബിയത്ത് ഖുർആൻ ശരീഫ് ഓതൽ മുതലായ അമലുകളിൽ കഴിഞ്ഞുകൂടണം. എട്ടിന്റെ അന്നത്തെ ളുഹ്റ്, അസർ, മഗ്രിബ്, ഇശാ ഒൻപതിന്റെ അന്നത്തെ സുബ്ഹി ഈ അഞ്ചു വഖ്ത്ത് നമസ്കാരം മിനായിൽ നമസ്കരിക്കൽ സുന്നത്താണ്. ബുദ്ധിമുട്ടില്ലെങ്കിൽ മസ്ജിദുൽ ഖൈഫിൽ പോയി നമസ്കരിക്കുന്നതാണ് നല്ലത്. സ്ത്രീകൾ കൂടെയുള്ളത്കൊണ്ടോ, തിരക്കുള്ളത്കൊണ്ടോ പള്ളിയിൽ പോകാതിരിക്കുന്നത്കൊണ്ട് തെറ്റൊന്നുമില്ല.

ഒൻപതിന്റെയന്ന് രാവിലെ സൂര്യൻ ഉദിച്ചതിന് ശേഷം അറഫയിലേക്ക് പോകണം. ഇന്നത്തെ ദിവസമാണ് ഹജ്ജിന്റെ ഏറ്റവും പ്രധാന ദിവസം. ആയത്കൊണ്ട് മിനായിൽ നിന്നും അറഫയിലേക്കുള്ള യാത്രയിൽ വളരെ ഭയഭക്തിയോടുകൂടി തൽബിയ്യത്ത്, സ്വലാത്ത് അല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹ്, അസ്തഗ്ഫിറുല്ലാഹ് ഇവ കൂടുതലായി ചൊല്ലണം. അറഫയിലെത്തിക്കഴിഞ്ഞാൽ ളുഹറിന് മുമ്പ് തന്നെ ആഹാരം മുതലായ എല്ലാ ആവശ്യങ്ങളും നിർവ്വഹിക്കേണ്ടതാണ്. ളുഹർ മുതൽ മഗ്രിബ് വരെയുള്ള സമയം ഇബാദത്തുകളിൽ മാത്രം കഴിച്ചുകൂട്ടേണ്ട ഏറ്റവും പ്രധാനപ്പെട്ട സമയമാണ്. ളുഹറും അസറും അതാതിന്റെ സമയങ്ങളിലോ ജംആക്കിയോ നമസ്കരിക്കാവുന്നതാണ്. മക്കയിൽ നിന്നും മിനയിലേക്ക് പുറപ്പെടുമ്പോൾ യാത്രയെ കരുതിയാൽ ഖസറാക്കുകയും ചെയ്യാം. ഹനഫീ മദ്ഹബ് പ്രകാരം ജംഅ് ആക്കുന്നതിന് അവിടുത്തെ പ്രധാന ഇമാമിനെ തുടർന്ന് നമസ്കരിക്കണം, അല്ലെങ്കിൽ ളുഹറും അസറും അതാതിന്റെ സമയങ്ങളിൽ നമസ്കരിക്കേണ്ടതാണ്.

ളുഹർ നമസ്കാരം കഴിഞ്ഞാൽ മഗ്രിബ് വരെയുള്ള സമയം ദുആയിലും, ഇസ്തിഗ്ഫാറിലും, തൗബയിലുംമായി കഴിച്ചുകൂട്ടണം തനിക്ക് വേണ്ടിയും, ഭാര്യാമക്കൾക്ക് വേണ്ടിയും, കൂട്ടുകുടുംബാദികൾക്ക് വേണ്ടിയും, ദുആ കൊണ്ട് വസിയ്യത്ത് ചെയ്തവർക്ക് വേണ്ടിയും ലോകമൊട്ടുക്കുള്ള മുസ്ലിംകൾക്ക് വേണ്ടിയും ദുആ ചെയ്യണം, കൂടാരത്തിനുള്ളിലും തുറന്ന മൈതാനിയിലുമെല്ലാം നിന്നും ഇരുന്നും ദുആ, ദിക്റ് മുതലായ ഇബാദത്തുകൾ ചെയ്യേണ്ടതാണ്. ദുആ ചെയ്യുന്നതാണ് ഏറ്റവും ശ്രേഷ്ഠമായത് സൗകര്യ പ്പെട്ടാൽ അറഫയിലുള്ള ജബലുർറഹ്

മയിൽ പോയി ദുആ ചെയ്യുന്നത് വളരെ നല്ലതാണ്.

മഗ്രിബിന് സമയമായാൽ മുസ്ദലിഫയിലേക്ക് പുറപ്പെടണം. മഗ്രിബ്, ഇശായോടു ചേർത്ത് മുസ്ദലിഫയിൽ ചെന്ന് നമസ്കരിക്കണം. ഏതെങ്കിലും കാരണവശാൽ മുസ്ദലിഫയിൽ എത്തുന്നതിന് മുമ്പ് ഇശായുടെ സമയം കഴിഞ്ഞുപോകുമെന്ന് കണ്ടാൽ മാത്രം മുസ്ദലിഫയിൽ എത്തുന്നതിന് മുമ്പ് വഴിയിൽ വെച്ച് മഗ്രിബും, ഇശായും നമസ്കരിക്കണം. മുസ്ദലിഫയിൽ എത്തിക്കഴിഞ്ഞാൽ ആദ്യമായി ചെയ്യേണ്ടത് ഒരു ബാങ്ക് കൊണ്ടും രണ്ട് ഇഖാമത്ത് കൊണ്ടും മഗ്രിബും, ഇശായും ഒരുമിച്ച് നമസ്കരിക്കുക എന്നുള്ളതാണ്. ഇന്നത്തെ രാത്രി വളരെ വിലപ്പെട്ട രാത്രിയാണ്. ലൈലത്തുൽ ഖദ്ർന് തുല്യമായ വളരെ വിശേഷപ്പെട്ട രാത്രിയാണെന്ന് ഹദീസിൽ വന്നിട്ടുണ്ട്. ആയത്കൊണ്ട് മുസ്ദലിഫയുടെ രാത്രിയിൽ കഴിയുന്നിടത്തോളം ദുആയിലും ഇസ്തിഗ്ഫാറിലും, മറ്റ് ഇബാദത്തുകളിലും കഴിച്ചുകൂട്ടണം. സുബഹിക്ക് ശേഷം അൽപ സമയമെങ്കിലും മുസ്ദലിഫയിൽ താമസിക്കൽ നിർബന്ധമാണ്. കാരണം ഫജ്ർ സാദിഖിനു (കിഴക്കു വെള്ള വീശുക) ശേഷം അൽപസമയമെങ്കിലും മുസ്ദലിഫയിൽ താമസിക്കുക എന്നത് ഹജ്ജിന്റെ ഒരു പ്രധാന അമലാണ്. ഹനഫീ മദ്ഹബനുസരിച്ച് ഫജ്ർ സാദിഖിനു മുമ്പ് മുസ്ദലിഫ വിട്ട് പോകുകയാണെങ്കിൽ പ്രായശ്ചിത്തമായി ഒരു ആട് അറുത്ത് കൊടുക്കേണ്ടി വരും. മിനായിൽ കല്ലെറിയുന്നതിന് മുസ്ദലിഫയിൽ നിന്ന് ഈത്തപ്പഴക്കുരുവിന്റെയോ, കടലക്കയുടേയോ വലിപ്പമുള്ള ഏഴ് കല്ലുകൾ പെറുക്കി സൂക്ഷിക്കണം. ഫജ്ർ സാദിഖ് കഴിഞ്ഞ് സൂര്യനുദിക്കുന്നതിന് അൽപ സമയം ബാക്കിയുള്ള്പ്പോൾ മുസ്ദലിഫയിൽ നിന്ന് മിനായിലേക്ക് പുറപ്പെടണം. തന്റെ താമസസ്ഥല ത്തെത്തി സാധനങ്ങളെല്ലാം അവിടെ സൂക്ഷിച്ച് വച്ചശേഷം ജംറത്തുൽ അഖബയിൽ അഥവാ മൂന്നാമത്തെ തൂണിൽ കല്ലെറിയുന്നതിനായി പോകണം. ഇന്നത്തെ ദിവസം ജംറത്തുൽ അഖബയിൽ മാത്രമാണ് കല്ലെറിയേണ്ടത്. ജംറത്തുൽ അഖബയിൽ കല്ലെറിയുന്നതിന് വേണ്ടി മക്ക തന്റെ ഇടത് ഭാഗവും മിന വലത് ഭാഗവും ആകത്തക്ക നിലയിൽ ജംറയ്ക്ക് അഭിമുഖമായി നിന്ന് കക്ഷം വെളിവാകത്തക്ക നിലയിൽ കൈയ്യുയർത്തി പെരുവിരലും ചൂണ്ട് വിരലും കൊണ്ട്, ബിസ്മില്ലാഹി അല്ലാഹു അക്ബർ റഗ് മൻ ലിശ്ശയ്ത്വാനി വരിളൻ ലിർറഹ്മാനി, എന്നു പറഞ്ഞു കൊണ്ട് ഏഴ് കല്ലുകൾ ഓരോന്നായി എറിയണം. കല്ലെറിയുന്നതിനുള്ള സ്ഥലം അടയാളപ്പെടുത്തിയിട്ടുള്ള തൂണിൽ നിന്നും അഞ്ച് മുഴം അകലെ നിൽക്കണം. ഇതിനേക്കാൾ അടുത്ത് നിൽക്കുന്നത് കറാഹത്താണ്. എറിയുന്ന കല്ലുകൾ തൂണിന്റെ ചുവട്ടിൽ തന്നെ വീഴേണ്ടതാണ്. കല്ലെറിയുന്നതിനുള്ള സമയം സൂര്യനുദിച്ചത് മുതൽ ളുഹർവരെയാണ്. ളുഹറിന്റെ ശേഷം മഗ്രിബ് വരെ എറിയുന്നതിന് അനുവാദമുണ്ട്. മഗ്രിബിന് ശേഷം പിറ്റേന്ന് സുബഹിവരെ എറിയാമെങ്കിലും ഇത്രയും പിന്തിക്കുന്നത് കറാഹത്താണ്. ആദ്യത്തെ കല്ലെറിയുന്നതിനോടുകൂടി തൽബിയ്യത്ത് നിർത്തേണ്ടതാണ്. കല്ലെറിഞ്ഞതിനു ശേഷം ബലി അറുക്കണം. അറുത്തുകൊടുത്ത ശേഷം പുരുഷന്മാർ മുടി കളയുകയും സ്ത്രീകൾ മുടി വെട്ടുകയും വേണം. ഇപ്പോൾ ഇഹ്റാമിന്റെ പേരിൽ നിഷിദ്ധമായിരുന്ന സ്ത്രീ പുരുഷ ബന്ധം ഒഴികെ മറ്റെല്ലാ കാര്യങ്ങളും അനുവദനീയമാകുന്നതാണ്.

കല്ലെറിയുക, അറുത്ത് കൊടുക്കുക, മുടി കളയുക ഇവ മൂന്നും ചെയ്തതിന് ശേഷം ത്വവാഫുസ്സിയാറത്തിന് വേണ്ടി മക്കയിലേക്ക് പോകേണ്ടതാണ്. ത്വവാഫു സ്സിയാറത്ത് പത്തിനു തന്നെ ചെയ്യുന്നതാണ് നല്ലത്, പന്ത്രണ്ടിന്റെ അന്ന് മഗ്രിബ് വരെ ചെയ്യുന്നതിന് സമയമുണ്ട് ഈ ത്വവാഫ് കഴിഞ്ഞ് ഹജ്ജിന്റെ സഅ് യും കൂടി ചെയ്യേണ്ടതാണ്. ത്വവാഫുസ്സിയാറത്ത് ചെയ്യുന്നതുവരെയും പൂർണ്ണമായി ഇഹ്റാമിൽ നിന്ന് ഒഴിവാകുന്നതല്ല, ആയത്കൊണ്ട് ത്വവാഫുസ്സിയാറത്ത് ചെയ്യുന്നത് രെയും സ്ത്രീപുരുഷബന്ധങ്ങൾ നിഷിദ്ധമാണ്. പതിനൊന്നിനും പന്ത്രണ്ടിനും മിനായിൽ തന്നെ താമസിക്കേണ്ടതാണ്. പത്ത്, പതിനൊന്ന്, പന്ത്രണ്ട് എന്നീ മൂന്ന് ദിവസങ്ങളിലും രാത്രി മിനായിൽ താമസിക്കുക എന്നത് ഹജ്ജിന്റെ അമലുകളിൽ പെട്ടതാണ്. പതിനൊന്ന്, പന്ത്രണ്ട്,പതിമൂന്ന് ദിവസങ്ങളിൽ ളുഹറിന് ശേഷം മൂന്ന് ജംറകളിലും ഏഴു കല്ലുകൾ വീതം എറിയണം. എറിയുന്ന സമയം നേരത്തെ പറഞ്ഞ ദുആ പറയണം.

ആദ്യത്തെ രണ്ടു ജമറാത്തുകളിൽ എറിഞ്ഞ ശേഷം മുമ്പൊട്ടു ഇടതു ഭാഗത്തേക്ക് നീങ്ങി നിന്നു ദുആ ചെയ്യണം.

പന്ത്രണ്ടിന്റെ അന്നു ജമറാത്തിൽ എറിഞ്ഞി ശേഷം മഗ്രിബിന് മുമ്പ് മിന വിട്ടു പോകുന്നവർക്ക് അതിന് അനുവാദമുണ്ട്. മഗ്രിബ് സമയം മിനായിൽ ഉണ്ടായാൽ അടുത്ത ദിവസം കൂടി അവിടെ നിന്നു മൂന്നു ജമറാത്തുകളിലം എറിഞ്ഞ ശേഷമേ പോകാൻ അനുവാദമുള്ളൂ. ഇതോടെ ഹജ്ജിന്റെ അമലുകൾ പൂർത്തിയായി. മക്ക വിട്ടു പോകുന്ന അവസാന വേളയിൽ വിടവാങ്ങൾ ത്വവാഫ് നടത്തണം.

ശേഷം ദുആ ചെയ്തു കഅ്ബയെ നോക്കി സങ്കടപ്പെട്ടു വീണ്ടും വരാനുള്ള സൗഭാഗ്യം ചോദിച്ചു കൊണ്ടു മടങ്ങണം. ■

## കവർ സ്റ്റോറി

**സൈൻ**

# വാർദ്ധക്യം സംരക്ഷണം വേണം

അത്യാവശ്യം സാമ്പത്തിക ഭദ്രതയും കച്ചവടത്തിൽ മികവും പുലർത്തിയിരുന്ന കോട്ടയം സ്വദേശി ഈസാ ഹാജി വളരെ സൗമ്യഭാവിയും ഹൃദ്യമായി ഇടപെടുന്നവരും ദീനീ മാർഗത്തിൽ സജീവമായി പുറപ്പെടുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരു മായിരുന്നു.അല്ലാഹുവിന്റെ വിധിവശാൽ ഗ്ളൂക്കോമാ പോലുള്ള എന്തോ രോഗം ബാധിച്ചു കണ്ണിന്റെ കാഴ്ച മങ്ങുകയും ക്രമേണ പൂർണ്ണ അന്ധകാരത്തിൽ ജീവിക്കേണ്ടി വരികയും ചെയ്തു.

ദീനീ പ്രവർത്തനത്തിൽ നിറഞ്ഞു നിൽക്കുന്ന തിനും ആദിത്യ മര്യാദയുടെ അസൂയാർഹമായ നിലവാരത്തോടെ മറ്റുള്ളവരെ ഉപചരിക്കുന്ന തിനും ഇബാദത്തുകളിൽ ഉത്സാഹ പൂർവ്വം മുഴുകുന്നതിനും കാഴ്ചയില്ലായ്മ ഒരു വിഘ്നവും വരുത്തിയതേയില്ലെന്നായിരുന്നു അടുത്തറിയാവു ന്നവരുടെ മുഴുവൻ ഏകാഭിപ്രായം. ജന്മനാ ബാധിക്കുന്ന അന്ധത യേക്കാൾ പലമടങ്ങ് പ്രയാസകരമാണ് കാഴ്ചയുണ്ടാ യിരുന്ന വരെ ഇടയ്ക്ക് ബാധിക്കുന്ന അന്ധത. വെളിച്ചത്തിൽ ചെയ്തിരുന്ന പ്രവർത്തനങ്ങളൊക്കെ അന്ധതയിൽ ചെയ്യുന്നതിന് പരസഹായം അല്ലാതെ മറ്റൊരത്താ ണിയും ഇല്ലാത്ത ദുഃഖത്തിൽ ആയിരിക്കും അവരുടെ ജീവിതം.

കിലോമീറ്റർ കണക്ക് ദൈർഘ്യതയുള്ള യാത്രകൾ മാത്രമല്ല ഒരു തവണ കാലൊന്ന് എടുത്തു വയ്ക്കാനും, ഒന്നു ബാത്റൂമിൽ പോയിവരാനും, കൃത്യമായ സൈഡ് തെറ്റിയിട്ടില്ലെന്ന് ഉറപ്പിച്ച് വസ്ത്രം എടുത്തുടുക്കാനും ഷർട്ടിന്റെ ബട്ടൺ ഹോളുകൾ കൃത്യമായാണ് കണക്ട് ചെയ്തിരിക്കു ന്നതെന്നും, മുണ്ടിന്റെ രണ്ട് തുമ്പുകളും വലിയ കയറ്റിറക്കങ്ങൾ ഇല്ലാതെയാണ് ധരിക്കപ്പെട്ടിരിക്കു ന്നതെന്നും, ഭക്ഷണം എവിടെയാണ് ഇരിക്കുന്ന തെന്നും ഏതൊക്കെ കറികൾ എവിടെയൊക്കെ യാണ് വെച്ചിരിക്കുന്നത് കുടിവെള്ളം എവിടെയാണ് ഇരിക്കുന്നതെന്നും പല്ലുകൾക്കിട യിൽ നിന്ന് ഭക്ഷണാവശിഷ്ടം പൂർണമായും ഒഴിവായോ യെന്നും പരസഹായത്തോടുകൂടി മസ്ജിദിൽ വന്നു കയറിയാൽ തന്നെ താൻ നിൽക്കുന്നത് സ്വഫ്ഫിലാ ണോ, ഖിബ്‌ലയ്ക്ക് അഭിമുഖമായാണോ പിന്തിരിഞ്ഞാണോ... ഇങ്ങനെ അഭിമുഖീകരിക്കുന്ന സർവ്വ പ്രശ്നങ്ങളിലും പരസഹായം വേണ്ടിവരുന്ന താകും അന്ധത ഇടയ്ക്ക് കടന്നു വരുന്നവരുടെ ജീവിത നിമിഷങ്ങൾ ഓരോന്നും. ചെയ്തു പോന്നിരുന്ന കച്ചവടവും വരുമാനം നേടിത്തന്ന കൃഷിയും ദൃഢബന്ധം സ്ഥാപിച്ചിരുന്ന സൗഹൃദ വലയവും സെൽഫോണിലും ഡയറിയിലും ഒക്കെയായി സൂക്ഷിച്ചു വച്ചിരുന്ന നിരവധി സൗഹൃദ കോൺടാക്ടുകളെ തിരിച്ചറിഞ്ഞ് ഫോൺ വഴി പോലും ബന്ധം പുതുക്കാൻ ആവാത്തതിന്റെ ശൂന്യതയും മനസ്സിൽ തോന്നുന്ന സ്ഥലത്തൊക്കെ വാഹനമോടിച്ച് സ്വയം എത്തിയിരുന്ന മനുഷ്യന് ഉണ്ടായിരുന്ന ആത്മവിശ്വാസവും മറ്റുള്ളവരെ കാണുമ്പോൾ സ്വദഖക്ക് സമാനമെന്ന് വിശുദ്ധ നബി (സ്വ) വിവരിച്ച ഹൃദ്യമായ പുഞ്ചിരി കൈമാറാനോ എന്തിനേറെ മക്കളെയും ചെറു മക്കളെയും അടുത്ത് വിളിച്ച് വാരിപ്പുണരാനോ ഉമ്മ വയ്ക്കാനോ സാധ്യമാവാതെ വരുന്നവരുടേ ഹൃദയ നൊമ്പരവും പതിതോവസ്ഥയും വ്യാകുലതയുടെ ആഴവും പരപ്പും ഒരു നിപുണനായ ഭാഷാ പണ്ഡിതന്റെ വാഗ്‌വിലാസങ്ങളിലും ഒതുങ്ങാത്തതാണ്. സ്വയം അനുഭവിക്കുന്ന ഉള്ളിലെ നീറ്റൽ മനസ്സിൽ തരിമ്പും അലോസരമാവാതിരിക്കാൻ ഭഗീരഥ പ്രയത്നം ചെയ്യുന്ന മക്കളും ഭാര്യയും മുൻപ

ത്തെക്കാൾ കൂടുതൽ സ്നേഹവും പരിഗണനയും പരിലാളനവും അദ്ദേഹത്തിന് വാരിക്കോരി നൽകുകയായിരുന്നു. ഇരു കണ്ണുകൾ മാത്രം ഉണ്ടായിരുന്ന ആ മനുഷ്യൻ തന്റെ ഭാര്യയുടെയും മക്കളുടെയും സർവ്വ കണ്ണുകളും തന്റെ കണ്ണായി മാറുന്നത് അക്ഷരാർത്ഥത്തിൽ അനുഭവിച്ചറിഞ്ഞു.

പൊതുവേ കണ്ണുകളുടെ കാഴ്ച മങ്ങിയവരുടെ മുഖത്ത് രൂപപ്പെടുന്ന വ്യാകുല ഭാവമോ അനിശ്ചിതത്വമോ ഒന്നും പ്രസരിപ്പുള്ള ആ വൃദ്ധ മുഖത്ത് രൂപപ്പെട്ടില്ലെന്നു മാത്രമല്ല മുൻപത്തെതി നേക്കാൾ കൂടുതൽ പ്രശോഭിതവും തിളക്കമാർന്ന തുമായി അത് നിലനിന്നു. കാഴ്ചയുള്ള കാലത്ത് ജീവിതത്തിന്റെ ഏതൊക്കെ വ്യവഹാര മേഖലകളിലാണോ അദ്ദേഹം മേഞ്ഞത് അവിടങ്ങളിലൊക്കെ ഒരിക്കൽ പോലും മുടങ്ങാതെ എത്തിക്കുക എന്നതാണ് എന്റെ പ്രഥമദൗത്യം എന്ന തീരുമാനിച്ചുറപ്പിച്ച മകന്റെ വലതു കൈവെള്ളയിൽ വളരെ ഭദ്രമായി തന്റെ പിതൃ കൈപ്പത്തികളെ സ്നേഹപൂർവ്വം ചേർത്തു പിടിച്ചുകൊണ്ട് ദീനിന്റെ മാർഗത്തിൽ പലതവണ ജമാഅത്തിൽ പുറപ്പെട്ട് സഞ്ചരിക്കുന്നത് ഈ വിനീതന് കണ്ണ് നിറയെ കാണാൻ പലപ്പോഴും അവസരം കിട്ടിയിട്ടുണ്ട്. അന്ധതയുടെ മറവിൽ ആലസ്യത്തോടെ ചടഞ്ഞു കൂടാൻ അവസരം ലഭിക്കാതെ അവസാനം നിമിഷം വരെയും ഉപയോഗിച്ച് സ്വാലിഹുകളും അബ്റാറും ഒക്കെയായ മക്കളുടെ പിതാവായ അദ്ദേഹം സുസ്മേര വദനനായി നാഥന്റെ സമക്ഷത്തിലേക്ക് യാത്രയായി.

ശിഷ്ടകാലത്തിന്റെ അതിജീവിതത്തിന് അമ്പതുകളുടെ ഉത്തരാർദ്ധത്തിൽ വേർപെട്ട പ്രിയപ്പെട്ട ജീവിത പങ്കാളിയുടെ നിത്യ ഹരിതാഭമായ ഓർമ്മകൾ മാത്രം പോരെന്ന കൃത്യമായ തിരിച്ചറിവിൽ നിന്നാണ് ഒരു പെണ്ണുകാണലിന് ഫുലാൻ സന്നദ്ധനായത്. ഇബാദത്തുകളിൽ ഒരുവിധം ശ്രദ്ധാലവും ജീവിതത്തിന് ഏറെക്കുറെ ലക്ഷ്യബോധവും ഉള്ള ഒരു പെൺകുട്ടിക്ക് മൊശടനും അലസനും വിവാഹത്തിന്റെ ലക്ഷ്യം തന്നെ ഭാര്യാ-വീട്ടിലെ പണം കായ്ക്കുന്ന മരമാണെന്ന ദൃഢമായ മൂഢ വിശ്വാസവുമായി ജീവിക്കുന്ന ശല്യക്കാരനെ ഫസ്ഖ് ചെയ്ത് സ്വസ്ഥയായവ ളായിരുന്നു തന്റേടിയായ ആ വനിത.

കൂടെ ജീവിക്കാൻ നല്ലതല്ലാത്ത കൂട്ടുള്ളതിനേക്കാൾ നല്ലത് സ്വസ്ഥതയുള്ള ഏകാന്ത ജീവിതമാണെന്ന നിഗമനത്തിൽ കഴിഞ്ഞു വരവേയാണ് ഈ പെണ്ണുകാണൽ ചടങ്ങ് നടന്നത്. കര്യശേഷിയുള്ള ഥയ്യിബായ വനിതയും, ജീവിതം എന്തെന്നറിയാവുന്ന പുരുഷനും തമ്മിലുള്ള ഒത്തു ചേരൽ ആയതിനാൽ സമഗ്രമായി ആലോചിച്ചും ചിന്തിച്ചും ചർച്ച ചെയ്തും വിവാഹിതരാവാൻ അവർ ഇരുവർക്കും സാധിച്ചു. അത്യാവശ്യം കാര്യ പ്രാപ്തിയുടെ പ്രായത്തിലെത്തിയ മക്കളോട് ഇവ്വിഷയകമായി സംസാരിക്കാനുള്ള ചുമതല എനിക്കായിരുന്നു.

ആവുന്ന ഭാഷയിൽ കാര്യങ്ങൾ പലതവണ പറഞ്ഞു അപൂർണ്ണമായെങ്കിലും സമ്മതം കിട്ടിയപ്പോൾ ഒരു വാക്ക് മൂത്തമകൻ അധീഷണലായി പറഞ്ഞിരുന്നു. ആണ്ടുകൾ കഴിഞ്ഞെങ്കിലും ആത്മസംഘർഷം സൃഷ്ടിച്ച ആ വാക്ക് ഇപ്പോഴും മനസ്സിൽ പെരുമ്പറ മുഴക്കുന്നുണ്ട്. വാപ്പച്ചിയോട് മക്കൾ ഉണ്ടാകാതെ നോക്കിക്കോ ളാൻ പറയണം; ഈ സ്വത്ത് ഇനിയും അധിക മാർക്കും പങ്കുവെക്കാൻ ഞങ്ങൾ ഒരുക്കമല്ല എന്നതായിരുന്നു പൈശാചിക ധിക്കാരത്തിന്റെ സർവ്വ സീമകളും ലംഘിച്ച ആ വാക്ക്.

ഒരു മനുഷ്യന്റെ ഊർജ്ജസ്വലമായ യൗവനം മുതൽ വിശ്രമലേശമന്യേ അത്യദ്ധ്വാനം ചെയ്ത് സമാഹരിച്ച് ഉണ്ണാതെ ഉറങ്ങാതെ സ്വരുക്കൂട്ടിയ ചോര മണക്കുന്ന സമ്പാദ്യത്തെ പുതിയ തലമുറയിലെ പലരും വിളിക്കുന്ന നാമമാണ് കുടുംബ സ്വത്ത് എന്ന്. പിതാവിന്റെ കഴുത്തിന് നേരെ മടവാളുമോങ്ങി എനിക്കുള്ള എന്റെ വിഹിതം ഇങ്ങ് തന്നേക്ക് എന്ന് വെല്ലുവിളിച്ചിട്ടുള്ള നിരവധി മക്കളെ നമ്മിൽ പലർക്കും ഓർമ്മയുണ്ടാകും. അദ്ധ്വാനത്തിന്റെയും ത്വദ്വാരാ കൈവരുന്ന അവകാശത്തിന്റെയും ഊടും പാവും വേർപെടുത്തിയുള്ള കൃത്യമായ പരിശോധനയിൽ ധനം ഉടമയുടേതാണ്. ഉടമയുടേത് മാത്രമാണ്.

എട്ടിൽ ഒന്നിനോ, ചിലപ്പോൾ നാലിലൊന്നിനോ, ഭാര്യയും മൂന്നിലൊന്നു കൾക്കോ, ചിലപ്പോൾ ആറിൽ ഒന്നുകൾക്കോ മാതാപിതാക്കളും പകുതിക്കോ മൂന്നിൽ രണ്ടിനോ പെൺമക്കളും രണ്ടിലൊന്നിനോ നാലിലൊന്നിനോ ഭർത്താവും അവശേഷിക്കുന്ന സർവതിനും കൂടി ആൺപെൺമക്കൾ സംയുക്തമായും വിഹിതം ഉള്ളവരും അവകാശികളും ഒക്കെയായി മാറുന്നത് ഉടമയുടെ മരണശേഷം അദ്ദേഹത്തിന്റെ ബാധ്യതകളും വസിയ്യത്തുകളും നിറവേറ്റപ്പെട്ടതിനു ശേഷം മാത്രമാണെന്ന ഗൗരവകരമായ തിരിച്ചറിവ് പോലും നഷ്ടപ്പെട്ടിട്ടാണ് എന്റെ വിഹിതം ഇങ്ങ് തന്നേക്ക് എന്നും നിങ്ങളുടെ മകൾക്ക് കൊടുക്കാനുള്ള വിഹിതം ഇപ്പോഴേ അങ്ങോട്ട് കൊടുത്തേക്ക് എന്നുമൊക്കെയുള്ള ആക്രോശങ്ങൾ പല സ്ഥലങ്ങളിലും വന്യരൂപം പ്രാപിക്കുന്നത്. വൃദ്ധസദനങ്ങളിൽ വളരെ കുറച്ചു മാത്രം അന്തേവാസികളെ സമർപ്പിക്കുന്നവർ മുസ്ലിംകളായ നാമാണെന്ന് ഉൾപ്പുളകത്തോടെയും ആഹ്ലാദത്തിന്റെ കാഹള ധ്വനിയോടെയും പ്രഖ്യാപിക്കുകയും പ്രസംഗിക്കുകയും സീമാതീതമായ സോഷ്യൽ ഇടങ്ങളിൽ പ്രചരിപ്പിക്കുകയുമൊക്കെ ചെയ്യുന്നവരാണ് നാം.

ചില ഇടവക ഇടയന്മാരുടെ പ്രഭാഷണ ശകലങ്ങൾ അടിവരയിടാൻ വേണ്ടി നാം ഉപയോഗിക്കുകയും മുസ്ലിം ജാതിക്കാരൻ അന്താരാഷ്ട്രതലത്തിൽ ഒന്നാമത്. മറ്റെല്ലാ ജാതിയും വെറും ചീള് എന്ന ഭാവേന

നെഗളിക്കുകയും ചെയ്യാറുണ്ട്.

മാതാപിതാക്കളെ വൃദ്ധ സദനത്തിൽ പാർപ്പിക്കരുത്' എന്നൊരു നിർദ്ദേശം ഖുർആനിലോ നബി വചനത്തിലോ നമുക്ക് കാണാൻ സാധിക്കില്ല.

മക്കൾ മാതാപിതാക്കളോട് ചെയ്യുന്ന ഒരേയൊരു അപരാധം അവരെ വൃദ്ധസദനത്തിൽ പാർപ്പിക്കലാണ് എന്ന ഭാവനയാണ് പലപ്പോഴും വിഷയാവതരണത്തിന്റെ അലകും പിടിയും ഒരുങ്ങുന്നത്.

കരുണയുടെ ഇടമുറിയാത്ത അക്ഷയ സാഗരം മാതാപിതാക്കളുടെ നേരെ നിരന്തരം വർഷിച്ചുകൊണ്ടിരുന്നാലും കടപ്പാടുകൾ തീരാത്തതുകൊണ്ട് നിനക്ക് സാധ്യമായതിനപ്പുറത്തും ബഹുദൂരം അവർ ആഹ്ലാദപൂർവ്വം മുന്നേറാൻ കാരുണ്യത്തിന്റെ അത്ഭുത താഴ്വരകളിലേക്ക് അവർക്ക് ഇടമൊരുക്കാൻ സർവ്വശക്തനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും കൂടി ചെയ്യണം എന്നാണ് വേദപാഠം. നീ ഇങ്ങനെയും പിന്നിങ്ങനെയും നിരന്തരം പ്രാർത്ഥിച്ചു കൊണ്ടേയിരിക്കണം എന്ന അടിക്കുറിപ്പോടെ രണ്ടേ രണ്ട് പ്രാർത്ഥനകളാണ് വിശുദ്ധ ഖുർആൻ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

ഒന്ന് വൈജ്ഞാനിക വർദ്ധനവിന് വേണ്ടിയുള്ള ദുആഉം, അടുത്തത് എന്റെ മാതാവിനും പിതാവിനും കരുണ ചൊരിയണമേ എന്ന് നാഥനോടുള്ള യാചനയുമാണ്.

വൃദ്ധസദനത്തിൽ പാർപ്പിക്കാതിരിക്കുക എന്നതിനപ്പുറത്തേക്ക് കടമയുടെയും കടപ്പാടിന്റെയും അതിരുകളില്ലാത്ത സ്നേഹബഹുമാനാദരങ്ങൾ നിറഞ്ഞ നിരന്തരമായ ഇടപെടലുകളുടെ അനർക്ഷളമായ പ്രവാഹം ഒരു തവണ പോലും മുടങ്ങാതെ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കണം എന്നാണ് റബ്ബും, റസൂലും, കണിശതയോടെ നമ്മെ ഉണർത്തുന്നത്.

മാതാപിതാക്കളോടുള്ള വർത്തമാനം നിലപാട് നിലവാരം സമീപനംആക്റ്റിറ്റ്യൂഡ് ശരീരഭാഷ സ്വഭാവം നിരന്തര-പ്രാർത്ഥന എന്നിങ്ങനെ നിരവധി മേഖലകളിലേക്ക് വിശുദ്ധഗ്രന്ഥം നമ്മെ മാടിവിളിക്കുന്നുണ്ട്.

ഒരു തവണ പരിഗണിച്ചു എന്നതല്ല ഒരു തവണ പോലും അവഗണിച്ചിട്ടില്ല എന്നതാവണം അവരോടുള്ള നമ്മുടെ പെരുമാറ്റത്തിന്റെ കാതൽ.

ഷട്ടിൽ ബാറ്റ് എടുത്തു പുറത്തു തൂക്കി എൻഫീൽഡ് ബുള്ളറ്റ് സ്റ്റാർട്ട് ചെയ്ത് ടർഫിലേക്ക് ബാഡ്മിന്റൺ കളിക്കാൻ പോയി. അവിടുന്ന് വിയർത്തൊലിച്ച് തിരിച്ചു വന്ന് ബൈക്ക് പോർച്ചിൽ കയറ്റിവെച്ച് സെക്കൻഡ് വണ്ടി എടുത്തു കുട്ടികളെ സ്കൂളിൽ വിട്ടു വന്നു. കുളിച്ചു ഫ്രഷ് ആയി ബ്രേക്ക് ഫാസ്റ്റ് കഴിച്ചു. പിന്നെ ഡ്രസ്സ് ചെയ്തശേഷം സ്റ്റാറ്റസിന്റെ സിംപിൾ വെഹിക്കിളുമെടുത്ത് സ്ഥാപനത്തിലേക്കോ, ഓഫീസിലേക്കോ, പോകുമ്പോൾ ചുമച്ചു കൊണ്ട് വഴിയോരത്തെ പോസ്റ്റിൽ കൈപിടിച്ച് ഹോസ്പിറ്റലിലേക്ക് എത്താനുള്ള ലൈൻ ബസ് കാത്തു നിൽക്കുകയോ, കൈകാണിച്ചിട്ടും നിറുത്താതെ പോയ ഓട്ടോറിക്ഷ ഡ്രൈവർ തന്നെ പരിഹസിക്കുകയായിരുന്നുവോ എന്ന് ചിന്തിച്ചോ നിൽക്കുന്ന പിതാവിനെ കണ്ടു.മരുന്നു വാങ്ങാൻ വേണ്ട പണം കൊടുത്തിട്ടാണ് മകൻ പോയത്. അയാൾ ചെയ്തത് മഹാ സേവനമാണെന്ന് വിലയിരുത്തി ആശ്വസിക്കാനും അവന്റെ സേവനത്തിൽ ഉള്ള് തുറന്ന് പുളകം കൊള്ളാനും, എന്റെ മകനെ സമൃദ്ധമായി നീ അനുഗ്രഹിക്കണേ നാഥാ എന്ന് പിതാവ് പ്രാർത്ഥിക്കാനും ഈ

> **കരുണയുടെ ഇടമുറിയാത്ത അക്ഷയ സാഗരം മാതാപിതാക്കളുടെ നേരെ നിരന്തരം വർഷിച്ചുകൊണ്ടി രുന്നാലും കടപ്പാടുകൾ തീരാത്തതുകൊണ്ട് നിനക്ക് സാധ്യമായതിനപ്പുറത്തും ബഹുദൂരം അവർ ആഹ്ലാദപൂർവ്വം മുന്നേറാൻ കാരുണ്യത്തിന്റെ അത്ഭുത താഴ്വരകളിലേക്ക് അവർക്ക് ഇടമൊരുക്കാൻ സർവ്വശക്തനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും കൂടി ചെയ്യണം എന്നാണ് വേദപാഠം.**

ചെയ്തത്രയും മതിയോ എന്ന് നാം എപ്പോഴെങ്കിലും മനസ്സാക്ഷിയോട് ചോദിച്ചിട്ടുണ്ടോ? ചിലപ്പോഴൊക്കെ മനസ്സോടെയും പലപ്പോഴും മനസ്സില്ലാമനസ്സോടെയും നീട്ടുന്ന ചെറിയ നോട്ടു കൂട്ടങ്ങളാണ് മാതാപിതാക്കളോടുള്ള മക്കളുടെ കടപ്പാടുകളുടെ നെല്ലിപ്പലക എന്ന വീക്ഷണം മിതമായ ഭാഷയിൽ പറഞ്ഞാൽ ബാലിശമാണ്.

നീയും നിന്റേതും നിന്റെ പിതാവിന്റേതാണ് എന്ന പുണ്യ റസൂലി(സ്വ)ന്റെ ഉണർത്തൽ അക്ഷരാർത്ഥത്തിൽ സഫലമാകണമെങ്കിൽ ഇനിയും എത്രയായിരം കാതം താണ്ടാനുണ്ടെന്ന ചിന്ത നമ്മുടെ കണ്ണുകളെ ഈറനണിയിക്കേണ്ടതാണ്. ആഗ്രഹം തോന്നുന്ന ഭക്ഷണമൊക്കെ തട്ടുകടയിൽ നിന്ന് കഴിച്ചോളൂ പൈസ എത്രയായാലും ഞാൻ കൊടുത്തോളാം എന്ന നെടുങ്കൻ ഓഫറിന് പിതാവിന്റെ ഇഷ്ടാനിഷ്ടങ്ങൾ മുഴുവനും നോക്കി ജീവിത സാഹചര്യം ഒരുക്കി കൊടുക്കുകയും ആഗ്രഹം തോന്നുന്ന ഭക്ഷണങ്ങൾ മുഴുവനും കഴിപ്പിക്കുകയും ചെയ്യുന്ന സ്നേഹ സാ

മ്രാട്ടായ മകൻ എന്ന് ഏതെങ്കിലും ഭാഷാ ഡിക്ഷ്ണറിയിൽ അർത്ഥമുണ്ടോ ആവോ.

ഭാര്യയോടും മക്കളോടും ഒരുമിച്ച് ലക്ഷ്വറി വാഹനങ്ങളിലും നിരവധി സ്റ്റാറുകളുള്ള ഹോട്ടലുകളിലും, മോട്ടലുകളിലും പർച്ചേസുകളുടെ അനന്ത സാഗരമായ സൂപ്പർ മാർക്കറ്റുകളിലും, ഹൈപ്പർ മാർക്കറ്റുകളിലും ഒഴുകി നടക്കുമ്പോൾ രണ്ടു ചിറകുകളിൽ ഒന്നിന് സമാനമായ ഇണക്കിളി കാലം ചെയ്ത ഒറ്റപ്പെടലിന്റെ കനൽപദങ്ങളിൽ ഏകാന്തവാസത്തിന് വിധിച്ചു പോയ പത്നിയുടെ വേർപാട് വരുത്തിവെച്ച ജീവിതത്തിലെ ഏറ്റവും വലിയ ആഘാതവും ശൂന്യതയും ഏറ്റവും ക്രിയാത്മകമായി പരിഹരിക്കുന്നതിന് പകരം സ്വന്തം പിതാവിന് പെണ്ണ് ഒരു വീക്ക്നെസ് ആയിരുന്നു എന്ന് ചാനലുകാരുടെ മുമ്പിൽ പറഞ്ഞു ഫലിപ്പിക്കുന്ന മകൻ അനന്തവും അജ്ഞാതവും,അവർണ്ണനീയവുമായ ജീവിത ഗോളത്തിന്റെ ഒരു മണൽത്തരി പോലും കാണാത്ത അന്ധനാണ് എന്ന് നമുക്ക് തീർത്തു പറയാൻ കഴിയും.

കൗമാരത്തിലും യൗവനത്തിലും ഉള്ളതിന്റെ ആയിരം ഇരട്ടിയാണ് ജീവിതപങ്കാളിയുടെ അനിവാര്യത, ജീവിത വാർദ്ധക്യത്തിന്റെ സായാഹ്നങ്ങളിലെന്ന തിരിച്ചറിവ് പകർന്ന് നൽകാൻ ഉപകരിക്കുന്ന ഒരു ബോധവൽക്കരണവും സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ബാനറിൽ ഇന്നോളം കാണേണ്ടി വന്നിട്ടില്ലാത്തവരാണ് നാമൊക്കെ. പെൻഷനും, പെയിനാന്റ് പാലിയേറ്റീവ് കെയറും വയോ മിത്രവും എല്ലാം കൂടി ലഭിച്ചാലും വാർദ്ധക്യത്തിൽ കൂടെയുള്ള ജീവിതപങ്കാളിയെ കൊണ്ട് സാധ്യമാകുന്നതിന്റെ ആയിരത്തിൽ ഒന്ന് സാധിക്കില്ലെന്ന് ആർക്കാണ് അറിയാത്തത്.

മസ്ജിദ് കമ്മിറ്റിയുടെ നോട്ടത്തിൽ, വയോവൃദ്ധയായ ഒരു സ്ത്രീ കൊടുവന്താനം മസ്ജിദിന്റെ ഓഫീസിൽ വന്നു. എന്റെ ഭർത്താവ് മരണപ്പെട്ടു പോയതാണ്. എനിക്കൊരു വിവാഹം കഴിക്കണമെന്നുണ്ട്. നിങ്ങൾക്ക് എന്തെങ്കിലും ചെയ്തു തരാൻ പറ്റുമോ ? ആർജ്ജവവും തന്റേടവും ആവോളം ഉള്ളതുകൊണ്ട് ഭാര്യാ ഭർത്താക്കന്മാരിൽ ഒരാൾ വേർപെട്ടവരുടെ ജീവിത പങ്കാളിയുടെ ഒറ്റപ്പെടൽ വിവരിക്കാൻ ലക്ഷങ്ങൾ നിശബ്ദരായ സ്ഥലത്ത് ആ ഒരു സഹോദരിക്ക് ഉശിരുള്ള ഒരു ചോദ്യം ഉന്നയിക്കാൻ സാധിച്ചു.

നോക്കട്ടെ എന്ന മറുപടിയിൽ തൽക്കാലത്തേക്ക് അവരെ ഒഴിവാക്കുകയാണെന്ന് മാത്രമാണ് ആ പാവം സ്ത്രീ കരുതിയത്. പക്ഷേ എന്നെന്നേക്കുമായാണ് കമ്മിറ്റി കയ്യൊഴിഞ്ഞതെന്ന് അവർ വൈകിയെങ്കിലും തിരിച്ചറിഞ്ഞു. മറ്റൊരിക്കൽ കൂടി അവർ അതേ മസ്ജിദിന്റെ ഓഫീസിൽ വന്ന് അമുസ്ലിമായ ഒരു സഹോദരൻ ഇസ്ലാം മതം സ്വീകരിക്കാനും എന്നെ വിവാഹം കഴിക്കാനും സന്നദ്ധനായിട്ടുണ്ട് അതിന്റെ ഏർപ്പാടുകൾ നിങ്ങൾ ചെയ്തു തരാമോ എന്ന് ചോദിച്ചപ്പോഴും മഹല്ല് രാജാക്കന്മാരുടെ മുഖത്ത് ഊറി നിന്നത് പുച്ഛം നിറഞ്ഞ അവഗണനയായിരുന്നു.

കുറെനാളിനുശേഷം ആ മഹല്ലിലെ ഇമാം തന്റെ മക്കളോടും ഭാര്യയോടുമൊപ്പം ആലപ്പുഴ ബീച്ചിൽ കറങ്ങാൻ പോയതിന്റെ യാത്രാനുഭവം വിവരിച്ചു. അതിനൊടുവിൽ പുഷ്കലമായി നിന്ന മറ്റൊരു ഉപവാർത്തയുണ്ടായിരുന്നു. ഞാൻ ഇമാമായിരുന്ന പള്ളിയിൽ രണ്ടുതവണ എനിക്കൊരു ഭർത്താവിനെ ആവശ്യമുണ്ട് എന്നു പറഞ്ഞ് വന്ന സ്ത്രീ അന്നുസൂചിപ്പിച്ച മനുഷ്യനെ വിവാഹം കഴിച്ച് നാട്ടിൽ നിന്നും മാറി ആലപ്പുഴ ഭാഗത്ത് എവിടെയോ ആഹ്ലാദത്തോടെ ജീവിക്കുന്നുണ്ടെന്ന്. ഇനിയൊരി ക്കലും എന്റെ ജീവിതത്തിൽ ഉണ്ടാവുകയില്ലെന്ന് കരുതിയ മധുവിധുവിന്റെ ഹണിമൂൺ ദിനങ്ങൾ വാർദ്ധക്യത്തിൽ കടന്നുവന്നതിന്റെ ആഹ്ളാദം അക്ഷരാർത്ഥത്തിൽ തന്നെ എല്ലാം മറന്ന് ബീച്ചിലെ മണൽ പരപ്പിൽ പകുത കൈവിടാതെ ആ മിഥുനങ്ങൾ അർമാദിക്കുകയായിരുന്നു.

ഒരു സ്കൂട്ടർ അപകടത്തെ തുടർന്ന് ചരിത്രമായ ദീനി പ്രവർത്തകനും എൻജിനീയറും ആയിരുന്ന മീര സാഹിബിനെ സാന്ദർഭികമായി ഓർത്തുപോയി. വാർദ്ധക്യത്തിൽ എത്തി ഭാര്യമാർ മരിച്ചുപോയ വിഭാര്യരോടും, ഭർത്താക്കന്മാർ മൺമറഞ്ഞ വൃദ്ധരായ വിധവകളോടും വളരെ അർത്ഥപൂർണ്ണവും ഇസ്ലാമികവുമായ ഒരു മമത തന്നെ അദ്ദേഹം മനസ്സിൽ സൂക്ഷിച്ചിരുന്നു. അത്തരം ആൾക്കാരെ സന്ദർശിച്ച് അവർക്കു ഉചിതമായ ജീവിത പങ്കാളികളെ കണ്ടെത്താനും അത്തരം വൈവാഹികതകളുടെ സർവീസീന് വേണ്ടി വിലപ്പെട്ട സമയവും സ്വന്തം പോക്കറ്റിലെ പണവും ചെലവഴിച്ച് അദ്ദേഹം ശ്രമിച്ചിരുന്നു.

നിരവധി ആൾക്കാരുടെ ജീവിത സായാഹ്നങ്ങളിൽ പങ്കാളികളെ ഒരുക്കി കൊടുക്കുക എന്നതിനപ്പുറ ത്തേക്ക് ദീനീ പ്രവർത്തനത്തിന്റെ പ്രതിദിന മുലാഖാത്തുകളിൽ അവരുടെ ഭവനങ്ങൾ ഉൾപ്പെടുത്തി സന്ദർശിക്കാനും അവർക്ക് മധുര പലഹാരങ്ങൾ വാങ്ങിക്കൊണ്ടുപോയി സമ്മാനിക്കാനും ഒരു തരം ആവേശം നിറഞ്ഞ ശ്രദ്ധ തന്നെ അദ്ദേഹം വെച്ച് പുലർത്തിയിരുന്നു.

വാർദ്ധക്യത്തിന്റെ പടവുകൾ കയറി നിന്റെ മുന്നിലെത്തിയവരെ എങ്ങനെ നിന്റെ സ്വർഗ്ഗത്തി ലേക്കുള്ള പാതയിലെ പാഥേയമാക്കി മാറ്റാം എന്നതിന് ഉപകരിക്കുന്ന ഏറ്റവും ക്രിയാത്മകമായ നിർദ്ദേശം അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ അക്ഷരങ്ങൾക്കിടയിൽ നിന്ന് നിർഗളിക്കുന്ന ആശയ കടലുകളുടെ മഹാസാഗരമാണെന്ന് തിരിച്ചറിയാൻ അള്ളാഹുവേ ഞങ്ങളെ അനുഗ്രഹിക്കേണമേ.

ആ മാർഗ്ഗേന സസൂക്ഷ്മം സഞ്ചരിക്കാനും...

ആമീൻ! ■

മൗലാനാ സയ്യിദ് മുഹമ്മദ് റാബിഅ് ഹസനി നദ്‌വി

# പ്രഥമ ഹജ്ജ് യാത്ര

1949-ൽ മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി (റ) പുണ്യമായ ഹജ്ജിന് തയ്യാറായി. മൗലാനാ യുടെയും ഞങ്ങളുടെയും ശൈഖ് കൂടിയായ മൗലാനാ അബ്ദുൽ ഖാദിർ റായ്പൂരി (റ) അടുത്ത വർഷം പോകാമെന്ന് പറഞ്ഞതിനനുസരിച്ച് മൗലാനാ അടുത്ത വർഷത്തേക്ക് യാത്ര മാറ്റിവെച്ചു. ഇതിനിടയിൽ ശൈഖ് റായ്പൂരിയും യാത്രയ്ക്ക് തയ്യാറായി. ഇരുമഹത്തുക്ക ളോടൊപ്പം ഞങ്ങൾ ധാരാളം കുടുംബ മിത്രങ്ങളും കൂടുകയുണ്ടായി. 1950 ജൂലൈ അവസാനത്തിൽ ഞങ്ങൾ ബോംബയിലേക്ക് പുറപ്പെട്ടു. അവിടെ നിന്നും കപ്പലിലായിരുന്നു യാത്ര. യാത്രാ രേഖകളും മറ്റും ശരിയാക്കിയിരുന്നത് മുംബൈയിലുള്ള ഹജ്ജ് കമ്മിറ്റി ഓഫീസിലായിരുന്നു. ഹിജാസിൽ ഏതാണ്ട് മൂന്ന് മാസം താമസിക്കേണ്ടതിനാൽ അതിനുള്ള ആഹാരങ്ങളും കൈയ്യിൽ കരുതാറുണ്ടായിരുന്നു. കപ്പലിലെ ലോക്കൽ ടിക്കറ്റിന് മുന്നൂറ് രൂപയും ഉയർന്ന ക്ലാസിന് എണ്ണൂറ് രൂപയുമായിരുന്നു ചാർജ്ജ്.

ഞങ്ങൾ മുംബൈയിൽ പല ദിവസം താമസിച്ചു. തുടർന്ന് ഇസ്‌ലാമി എന്ന പേരുള്ള കപ്പലിൽ യാത്രയായി. മുംബൈ-ജിദ്ദ യാത്രയ്ക്ക് അന്ന് പത്ത് ദിവസം എടുത്തിരുന്നു. കപ്പലിലെ യാത്ര അത്ഭുതകരമായിരുന്നു. കടൽ ഇളകി മറിയുമ്പോൾ പലർക്കും ചർദ്ദിയുണ്ടാകുമായിരുന്നു. ശാന്തമായ സമയത്ത് വളരെ സന്തോഷം അനുഭവപ്പെട്ടിരുന്നു. യാത്ര പുറപ്പെടുന്ന സമയം വികാരനിർഭരമായിരുന്നു. യാത്രയാകുന്നവരും യാത്ര അയക്കാൻ വന്നവരും കണ്ണുനീർ വാർക്കുകയും വലിയ സ്നേഹാദര വുകളോടെ യാത്ര അയക്കുകയും ചെയ്തിരുന്നു.

യാത്ര തുടങ്ങി ആദ്യം ലഭിച്ച ആഹാരം വലിയ രുചികരമായി അനുഭവപ്പെട്ടു. എന്നാൽ, മൂന്ന് മണിക്കൂർ കഴിഞ്ഞപ്പോൾ കടൽക്ഷോഭം ആരംഭിക്കുകയും ഏതാണ്ട് എല്ലാവരും ചർദ്ദിക്കുകയും ചെയ്തു. പിന്നെ സദാസമയവും ഇതേ അവസ്ഥ തന്നെയായിരുന്നു. ആഹാരം ഉണ്ടായിരുന്നെങ്കിലും കഴിക്കാനെന്നല്ല നോക്കാൻ പോലും സാധിച്ചില്ല. വയറുകൾ കാലിയായി എല്ലാവരും മരണപ്പെടുമോയെന്ന് ഭയന്നു. എന്നാൽ മൂന്ന് ദിവസം കഴിഞ്ഞപ്പോൾ സമുദ്രം ശാന്തമാവുകയും എല്ലാവരും ആരോഗ്യം വീണ്ടെടുക്കുകയും ചെയ്തു.

ആറ് ദിവസം കഴിഞ്ഞപ്പോൾ ഹള്റമൗത്ത് തുറമുഖത്തിലെത്തി. അവിടെ നിന്നും ധാരാളം ഹാജിമാർ യാത്രയിൽ തുടർന്നു. ആ കൂട്ടത്തിൽ ഹള്റമൗത്ത് ഖാളിയുടെ മകനും ചില പ്രധാന വ്യക്തിത്വങ്ങളുമുണ്ടായിരുന്നു. അവർ മൗലാനായെ ക്കുറിച്ച് അറിയുകയും ഇടക്കിടെ സന്ദർശിക്കുകയും ചെയ്തു. അവർക്ക് കവിതയുമായി വലിയ ബന്ധമുണ്ടായിരുന്നു. പക്ഷേ, ഖാഫ് ഉച്ചരിക്കാൻ സാധിക്കാത്തതിനാൽ അതിന് പകരം ഗായാണ് ഉച്ചരിച്ചിരുന്നത്. മൗലാനാ അവർക്ക് ആഹാരം കൊടുത്തപ്പോൾ അവർ ഇപ്രകാരം പാടി: താങ്കളുടെ കുറഞ്ഞ ആഹാരം തന്നെ ഞങ്ങൾക്ക് മതിയായതാണ്. പക്ഷേ, താങ്കളുടെ കുറഞ്ഞ ഉപഹാരത്തിന് കുറഞ്ഞതെന്ന് പറയുക സാധ്യമല്ല!

പത്താം ദിവസം ജിദ്ദ തുറമുഖത്ത് ഞങ്ങൾ എത്തിച്ചേർന്നു. ജിദ്ദ തുറമുഖത്തിന് ആഴം വളറെ കുറവായതിനാൽ കപ്പൽ അവിടെ വരെ പോകുമായിരുന്നില്ല. ഏതാണ്ട് ഒരു മൈൽ ദൂരത്ത് ഉൾക്കടലിൽ നിർത്തുകയും അവിടെ നിന്നും ബോട്ടുകളിൽ പോർട്ടിൽ എത്തിച്ചേരുകയും ചെയ്തിരുന്നു. ജിദ്ദയിൽ ഇറങ്ങിയപ്പോൾ വലിയ സന്തോഷം അനുഭവപ്പെട്ടു. ഒരു ഭാഗത്ത് പരിശുദ്ധ ഹറമിന്റെ മുറ്റത്തേക്ക് ഞങ്ങൾ അടുക്കുന്നു. മറുഭാഗത്ത് പത്ത് ദിവസം നാല് ഭാഗത്തും ജലം മാ

ത്രം കണ്ട് ഞങ്ങൾ മടുത്തിരുന്നു. ഇപ്പോൾ കരയും ജനങ്ങളും കണ്ട് വലിയ സന്തോഷമുണ്ടായി. വിശിഷ്യാ ഇത്ര ചെറിയ പ്രായത്തിൽ അനുഗ്രഹീത നാട്ടിലെത്തി യതിൽ വിനീതൻ അത്യധികം സന്തോഷിക്കുകയും പടച്ചവന് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ജിദ്ദയിൽ ഇന്ത്യക്കാർ തടികൊണ്ട് നിർമ്മിച്ച ഒരു ഹജ്ജ് ഹൗസ് ഉണ്ടായിരുന്നു. അല്ലാമാ റഹ്മത്തുല്ലാഹ് കീരാനവിയുടെ ഒരു കുടുംബാംഗമായ ഹകീം നഈം സാഹിബായിരുന്നു അതിന്റെ മേൽ നോട്ടക്കാരൻ. അദ്ദേഹം ഞങ്ങളെ സ്വീകരിച്ചു. രണ്ട് ദിവസം അവിടെ തങ്ങിയ ശേഷം ഞങ്ങൾ ബസ്സിൽ മക്കാമുകർറമ യിലേക്ക് യാത്രയായി. നാല് ഭാഗത്തും പർവ്വതങ്ങളും ചെടികളൊന്നുമില്ലാത്ത പ്രദേശങ്ങളുമായിരുന്നെങ്കിലും വല്ലാത്ത ഒരി പ്രിയങ്കരത അനുഭവപ്പെട്ടു. അതെ, ലോക നായകൻ മുഹമ്മദുർറസൂലുല്ലാഹി (സ) യാത്ര ചെയ്തതും ജിബ്‌രീൽ (അ) വഹ്‌യുമായി വന്നതുമായ പ്രദേശങ്ങളാണിത്. ഇവിടെ ചെടികളും പുഷ്പനങ്ങളൊന്നുമില്ല. പക്ഷേ, ഇവിടുത്തെ പ്രകാശത്തിന് മുന്നിൽ ആകാശവും തല കുനിക്കുന്നു. കൂടാതെ, ഇത് ഒരു സുവർണ്ണ ഭൂതകാലത്തിന്റെ ചരിത്രങ്ങൾ പാടുന്ന മണൽത്തരികൾ കൂടിയാണ്. ഇവിടുത്തെ പ്രദേശങ്ങളെല്ലാം മഹാന്മാരായ മുൻഗാമികളുടെ അപദാനങ്ങൾ പുകഴ്ത്തിപ്പറയുന്നു. വഴിയിൽ വെറും സാധാരണത്വം നിറഞ്ഞ ഒന്ന്, രണ്ട് കടകളിൽ ഇറങ്ങി കാപ്പി കുടിച്ചു. മക്കാഹറമിലേക്ക് ദൂരമുണ്ടെങ്കിലും ഇവിടെയെല്ലാം വലിയ പ്രകാശ ഐശ്വര്യങ്ങൾ അനു'വപ്പെട്ടു.

മക്കാ മുകർറമയിൽ എത്തിയ ഞങ്ങൾ മസ്ജിദുൽ ഹറാമിലേക്ക് നീങ്ങി. ബാബുസ്സലാമിലൂടെ പ്രവേശിച്ചു. ബൈത്തുല്ലാഹി കണ്ടപ്പോൾ എല്ലാവരുടെയും മനസ്സുകളുടെ നിയന്ത്രണം വിട്ടുപോയി. പ്രകാശത്തിന്റെയും ആത്മീയതയുടെയും ഒരു വൻ ശക്തി ഞങ്ങളെ നയിക്കാൻ തുടങ്ങി. പ്രത്യേകിച്ചും ഞങ്ങളുടെ സംഘത്തിന്റെ നായകൻ അല്ലാഹുവിന്റെ വലിയൊരു ഉത്തമ ദാസൻ കൂടിയായപ്പോൾ പ്രകാശ ഐശ്വര്യങ്ങൾക്ക് വലിയ വർദ്ധനവുണ്ടായി. ശൈഖിന്റെ കൂട്ടത്തിൽ ഞങ്ങൾ വളരെ ശാന്തമായി ഉംറ നിർവ്വഹിച്ചു. തുടർന്ന് ഞങ്ങളുടെ താമസം ഭോപ്പാൽ സഹോദരങ്ങൾ നിർമ്മിച്ച റുബാത്തിലായിരുന്നു. ഹജ്ജിന്റെ ദിനങ്ങളഞ അടുത്തിരുന്നു. ശൈഖിനെ കാണാൻ ധാരാളം ആളുകൾ വരുമായിരുന്നു. അഞ്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഹജ്ജിന്റെ അനുഗ്രഹീത സുദിനങ്ങൾ ആരം'ിച്ചു. ദുൽ ഹജ്ജ് 8-ന് ഞങ്ങൾ മിനായുടെ മലഞ്ചെരുവിലെത്തി. 9-ന് അറഫാത്തിൽ കഴിഞ്ഞു. 10-ന് മുസ്ദലിഫ വഴി വീണ്ടും മിനയിലെത്തി കല്ലേറ് നടത്തുകയും മുടി എടുക്കുകയും മൃഗത്തെ അറുക്കുകയും ചെയ്തു. ഇടയിൽ മക്കാമുകർമയിൽ പോയി ത്വവാഫും സഅ്യും നിർവ്വഹിച്ചു.

ഹജ്ജ് കഴിഞ്ഞ ഉടനെ ശൈഖ് റായ്പൂരി (റ) മദീന മുനവ്വറയിലേക്ക് യാത്രയായി. ഞങ്ങൾ ഒരു വർഷം താമസിക്കാൻ തീരുമാനിച്ചതിനാൽ കുറേ നാളുകൾ കൂടി മക്കയിൽ താമസിച്ചു. ശൈഖ് റായ്പൂരിയും കൂട്ടരും മദീനാ മുനവ്വറയിൽ നിന്നും ഇന്ത്യയിലേക്ക് മടങ്ങി. മൗലാനാ നദ്‌വി മക്കാമുകർറമയിൽ തന്നെ താമസിക്കുകയും വിവിധ പണ്ഡിതന്മാരെ സന്ദർശിക്കുകയും ചെയ്തു. അന്ന് സൗദി അറേബ്യയിൽ കടുത്ത പട്ടിണിയായിരുന്നു. സാമ്പത്തിക കാര്യങ്ങൾ ഒഴിച്ചുള്ള വകുപ്പുകൾ നോക്കുന്ന അദ്ധ്യക്ഷന്മാർക്ക് മുദീർ എന്നാണ് പറയപ്പെട്ടിരുന്നത്. സാമ്പത്തിക കാര്യങ്ങൾ നോക്കുന്ന വ്യക്തിയ്ക്ക് മാത്രം മന്ത്രിയെന്ന് പറയപ്പെട്ടിരുന്നു. അത് അബ്ദുല്ലാഹിബ്നു സുലൈമാനായിരുന്നു. അദ്ദേഹത്തിന്റെ സഹായി മുഹമ്മദ് സുറൂർ സബ്ബാനായിരുന്നു. ഇദ്ദേഹം സാഹിത്യത്തെ വളരെ സ്നേഹിക്കുന്ന വ്യക്തിയായിരുന്നു. കൂടാതെ, വേറെയും ധാരാളം സാഹിത്യകാരന്മാർ അന്ന് അവിടെ ഉണ്ടായിരുന്നു. ഈജിപ്തിലെ ഉന്നത സാഹിത്യകാരാ നായ അബ്ബാസ് മഹ്മൂദ് ഉഖാദ് അതിൽ പ്രധാനിയായിരുന്നു. ഇവരുമായി ബന്ധപ്പെട്ട മൗലാനായുടെ സന്ദേശങ്ങൾ അവർക്കിടയിൽ വളരെയധികം പ്രചരിച്ചു. ചിലർ സെക്യുലർ ചിന്താഗതിക്കാർ ആയിരുന്നെങ്കിലും മൗലാനായോട് സംശയങ്ങൾ തുറന്ന് ചോദിക്കുകയും മൗലാനാ എല്ലാവർക്കും വിശദമായ മറുപടി നൽകുകയും ചെയ്തിരുന്നു. ഇവരെല്ലാവരും തബ്ലീഗ് പ്രവർത്തനവുമായി അടുക്കണമെന്ന് മൗലാനാ വളരെയധികം ആഗ്രഹിക്കുകയും അതിനുവേണ്ടി പല നിലയിൽ പരിശ്രമിക്കുകയും ചെയ്തിരുന്നു. ഒരു ദിവസം മൗലാനാ ഇവരെ എല്ലാവരെയും മക്കാ നഗരത്തിൽ നിന്നും പതിനഞ്ച് കിലോമീറ്റർ ദൂരത്തുള്ള വാദി ഫാത്തിമ എന്ന സ്ഥലത്തേക്ക് ഉല്ലാസ യാത്രയ്ക്ക് ക്ഷണിച്ചു. മക്കയിൽ ജലത്തിന് വലിയ ബുദ്ധിമുട്ടായിരുന്നു. പക്ഷേ ഇവിടുത്തെ അന്തരീക്ഷം വളരെ സുന്ദരമായിരുന്നു. മൗലാനാ അവരെല്ലാവരെയും ഇവിടെയുള്ള ഒരു മസ്ജിദിൽ കൊണ്ട് വന്ന് താമസിപ്പിക്കുകയും തബ്‌ലീഗിന്റെ ശൈലിയിൽ താമസിക്കുകയും ചെയ്തു.

ഈ യാത്രയിൽ ഒരു വ്യക്തിയുടെ കൂട്ടത്തിൽ റേഡിയോ ഉണ്ടായിരുന്നു. അന്ന് വരെയും റേഡിയോ പൊതുവിൽ ആരും ഉപയോഗിച്ചിരുന്നില്ല. പരിഷ്കാരികളായ ആളുകൾ മാത്രമെ അത് ഉപയോഗിച്ചിരുന്നുള്ളൂ. അദ്ദേഹം വാർത്ത കേൾക്കണം എന്നാണ് ആഗ്രഹം പറഞ്ഞത്. മൗലാനാ പ്രബോധനത്തിന്റെ നന്മ മുന്നിൽ കണ്ട് അദ്ദേഹത്തിന് അനുമതി കൊടുത്തു. അത് ഫലപ്പെടുകയും ചെയ്തു. മൗലാനാ ജനങ്ങളുടെ അവസ്ഥ നോക്കി ഇടപെട്ടു നിന്നു. അവർ മൗലാനായിലേക്ക് അടുക്കുകയുണ്ടായി. അവർ മൗലാനായുടെ പ്രഭാഷണങ്ങൾ റേഡിയോയിൽ കൊടുക്കുകയും മൗലാനായെ നല്ല നിലയിൽ പരിചയപ്പെടുത്തകയും ഇതിനിടയിൽ അവരിൽ ചിലർ മൗലാ

നായെ ത്വാഇഫിലേക്ക് പോകാൻ പ്രേരിപ്പിച്ചു. അവിടെ അന്ന് നല്ല കാലാവസ്ഥയായിരുന്നു. ശൈഖ് ഈ യാത്രയിൽ ഞങ്ങളോടൊപ്പം ഹിജാസിലെ തബ്‌ലീഗ് പ്രവർത്തനത്തിന്റെ അമീർ മൗലാനാ സഈദ് അഹ്മദ് ഖാൻ മക്കിയും ഉണ്ടായിരുന്നു.

അന്ന് അറബ് ലോകത്ത് സാഹിത്യ മുന്നേറ്റം വളരെയധികം പ്രകടമായിരുന്നു. ഇതിൽ ഏറ്റവും മുൻപന്തിയിൽ നിന്നിരുന്നത് ഈജിപ്ത് പണ്ഡിതരാണ്. അവരിൽ ഭൂരിഭാഗവും വലിയ പുരോഗമന വാദികളായിരുന്നു. ഇന്ത്യൻ പണ്ഡിതർ അറബി ഭാഷയിൽ വളരെ പിന്നിലായിരുന്നു. അതുകൊണ്ട് തന്നെ അവരിൽ പലരും മൗലാനായുമായി സംസാരിച്ച് തുടങ്ങിയത് വളരെ നിസ്സാരമായ ശൈലിയിലാണ്. എന്നാൽ മൗലാനാ അവരുടെ ചോദ്യങ്ങൾക്ക് നൽകിയ മറുപടികൾ അവരുടെ നിലവാരത്തേക്കാളും വളരെ ഉയർന്നതിനാൽ അവർ ആകൃഷ്ടരാവുകയും കൂട്ടത്തിൽ മൗലാനായുടെ സ്വഭാവം അവരെ ആകർഷിക്കുകയും ചെയ്തു. അവരിൽ പലരും മൗലാനായെ അവരുടെ സ്ഥാപനങ്ങളിലേക്ക് ക്ഷണിച്ചു. ശൈഖ് അബ്ദുൽ ഗഫൂർ അത്താർ, ജിദ്ദ റേഡിയോയിൽ മൗലാനായെ കൊണ്ട് പ്രഭാഷണം നടത്തിക്കുകയും അൽ ഹജ്ജ് മാസികയിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഇക്കാലത്താണ് മൗലാനായുടെ മാസ്റ്റർ പീസ് ഗ്രന്ഥമായ മാദാ ഖസിറൽ ആലം (മുസ്‌ലിം അധപതനത്തിലൂടെ ലോകത്തിനുണ്ടായ നഷ്ടം) ഈജിപ്തിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ടത്. ഇതും അവർക്കിടയിൽ വലിയ സ്വീകാര്യതയ്ക്ക് കാരണമായി. കൂടാതെ അറബ് ലോകത്തെ ഉണർത്താൻ വേണ്ടി മൗലാനാ മുമ്പ് തയ്യാറിക്കിയിരുന്ന ധാരാളം രചനകളും ഞങ്ങൾ വിതരണം ചെയ്തിരുന്നു. ഇതര പണ്ഡിതരും സാഹിത്യകാരന്മാരും അവരുടെ പ്രവർത്തനങ്ങൾക്കിടയിൽ സാമ്പത്തിക സഹായങ്ങൾ സ്വീകരിച്ചിരുന്നു. എന്നാൽ മൗലാനാ ഇതിൽ നിന്നും പൂർണ്ണമായി അകന്ന് നിന്നത് മൗലാനായുടെ പ്രവർത്തനങ്ങൾക്ക് വലിയ ശക്തി പകർന്നു. പ്രത്യേകിച്ചും ഭരണകൂടവുമായി ബന്ധപ്പെട്ടവരിൽ നിന്നും ഹദ്‌യ പോലും സ്വീകരിച്ചിരുന്നില്ല. സത്യത്തിൽ മൗലാനായുടെ ഈ സമീപനം സ്വീകാര്യതയുടെ പ്രധാന അടിസ്ഥാനമായി.

അറേബ്യയിലെ സാഹിത്യകാരന്മാരെയും നേതാക്കളെയും മറ്റുള്ളവരെയും മൗലാനാ നിരന്തരം സന്ദർശിച്ച് കൊണ്ടിരുന്നു. അവരിൽ പലരും മൗലാനായുടെ സന്ദേശങ്ങൾ ആഴത്തിൽ പഠിക്കുകയും പകർത്തുക


# വാദീഹുദാ
## തർബിയത്തുൽ ബനാത്തിൽ സ്കൂൾ

**പഠനത്തോടൊപ്പം ഹാഫിളഃ / ആലിമഃ ആകാൻ അവസരം.**

**മികവുറ്റ അധ്യാപികമാരുടെ ശിക്ഷണത്തിൽ ആത്മീയ - ഭൗതിക വിജ്ഞാനം സമന്വയിപ്പിച്ചു കൊണ്ട്.**

**NIOS ന്റെ SSLC & Plus 2 ഇതേ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അറഫ അക്കാദമിയിൽ പഠിച്ച് എഴുതാൻ സൗകര്യം. അഞ്ചാം ക്ലാസ്സ് കഴിഞ്ഞ 10 വയസിനു മുകളിലുള്ള എല്ലാ പെൺകുട്ടികൾക്കും.**

**വെക്കേഷൻ തർബിയത്ത് കോഴ്സ്**

10th / Plus 2 കഴിഞ്ഞവർക്ക്

മെയ് 10 മുതൽ ജൂൺ 20 വരെ (40 ദിവസം)

- ഖുർആൻ ഹദീസ് ഫിഖ്ഹ് ചരിത്രം
- അറബി സ്വഭാവസംസ്കരണം

രജിസ്ട്രേഷൻ അവസാന തീയതി : ഏപ്രിൽ 30

**വാദീഹുദാ തർബിയത്തുൽ ബനാത്ത്.**

**വാരിശ്ശേരി - കോട്ടയം.**

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : Phone : 9645143255, WhatsApp: 99462 50786**

യും പ്രചരിപ്പിക്കുകയും ചെയ്തു. അൽ മൻഹൽ മാസികയുടെ എഡിറ്റർ അബ്ദുൽ ഖുദ്ദൂസ് അൻസാരി, അൽ ഹജ്ജ് മാസികയുടെ എഡിറ്റർ സഊദ് ആമൂദി ഇവർ ഇക്കൂട്ടത്തിൽ പ്രത്യേകം സ്മരണീയരാണ്. ഈ പത്രങ്ങളിൽ തുടർച്ചയായി മൗലാനായുടെ ലേഖനങ്ങളും പ്രഭാഷണങ്ങളും പ്രസിദ്ധീകരിച്ചിരുന്നു.

മസ്ജിദുൽ ഹറാമിലെ ഇമാമുമാരുമായി മൗലാനാ വരെയധികം അടുത്തു. ഹറം കാര്യാലയത്തിന്റെ ഉപാധ്യക്ഷനായ ശൈഖ് അബ്ദുർ റസാഖ് ഹംസയുമായി കഴിഞ്ഞ യാത്രയിൽ തന്നെ ബന്ധപ്പെടുകയും മാദാ ഖസിറയുടെ കൈയ്യെഴുത്ത് പ്രതി അദ്ദേഹം വായിക്കുകയും ചെയ്തിരുന്നു. ഹറമിലെ മറ്റൊരു പ്രധാന പണ്ഡിതനായ സയ്യിദ് അലവി മാലികിയും മൗലാനായെ പ്രത്യേകം ആദരിച്ചു. അദ്ദേഹത്തിന്റെ മകനെ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയിലോ ദാറുൽ ഉലൂം ദേവ്ബന്ദിലോ പഠിപ്പിക്കാൻ അദ്ദേഹം വളരെയധികം ആഗ്രഹിച്ചിരുന്നു.

ഇപ്രകാരം ഏതാനം മാസങ്ങൾ ഞങ്ങൾ മക്കയിലും മദീനയിലുമായി കഴിച്ചു കൂട്ടി. തുടർന്ന് മൗലാനാ മുഈനുല്ലാഹ് നദ്‌വി, മൗലാനാ അബ്ദുർ റഷീദ് നദ്‌വി, ഡൽഹി മർകസ് നിസാമുദ്ദീനിലെ മൗലാനാ ഉബൈദുല്ലാഹ് ബൽയാവി എന്നിവരോടൊപ്പം മൗലാനാ ഈജിപ്തിലേക്ക് യാത്രയായി. ഞങ്ങൾ ഹറമുകളിൽ തന്നെ താമസിച്ച് വൈജ്ഞാനിക പ്രബോധന സംസ്കരണ പ്രവർതനങ്ങൾ തുടർന്നു. ഈ വഴിയിൽ ഞങ്ങൾ പ്രധാനമായും ഗ്രന്ഥാലയങ്ങൾ സന്ദർശിച്ചിരുന്നു. അവിടെ ഞങ്ങൾ സ്വതന്ത്രമായി പാരായണങ്ങൾ നടത്തുകയും ഗ്രന്ഥങ്ങൾ കൊണ്ട് വന്ന് വായിക്കുകയും ചെയ്തിരുന്നു. ഹറം ശരീഫിലെ ഇമാമായ ശൈഖ് അബൂ സംഹിന്റെ ഇളയ സഹോദരൻ ശൈഖ് അബ്ദുൽ മുഹൈമിൻ ഇടയ്ക്ക് ഇമാമത്ത് നിൽക്കുമായിരുന്നു. തജ്‌വീദിന്റെ ഉന്നതൻ പണ്ഡിതൻ കൂടിയായ അദ്ദേഹത്തോട് പഠിക്കാനുള്ള ആഗ്രഹം ഞങ്ങൾ പ്രകടിപ്പിച്ചു. അങ്ങനെ കുറേ നാളുകൾ ഹറം ശരീഫിൽ ഖുർആൻ പഠിക്കാനുള്ള ഭാഗ്യമുണ്ടായി. അന്ന് വരെ സഊദി ഭരണകൂടം ഔദ്യോഗികമായി പാഠശാലകൾ ആരംഭിച്ചിരുന്നില്ല. എന്നാൽ ഇന്ത്യയിലെ മഹത്തുക്കൾ നിരവധി മദ്റസകൾ സ്ഥാപിച്ചിരുന്നു. അതിലേറ്റവും പ്രധാനപ്പെട്ടത് അല്ലാമാ റഹ്മത്തുല്ലാഹ് കീരാനവി മക്കാ മുകർറയിൽ സ്ഥാപിച്ച മദ്റസ സൗലത്തി യ്യയാണ്. മഹാനവരുടെ കുടുംബം തന്നെയാണ് പ്രസ്തുത മദ്റസ നോക്കിയിരുന്നത്. അതിന്റെ സാമ്പത്തിക സഹായം ചെയ്തിരുന്നവരിൽ കൂടുതലും ഇന്ത്യക്കാർ തന്നെയായിരുന്നു. മറ്റൊരു മദ്റസ മൗലാനാ സയ്യിദ് ഹുസൈൻ അഹ്മദ്‌നിയുടെ സഹോദരൻ മൗലാനാ സയ്യിദ് അഹ്മദ് മദീനാ മുനവ്വറയിൽ സ്ഥാപിച്ച മദ്റസ ഉലൂമുശറഇയ്യയാണ്. സ്വദേശികളും വിദേശികളുമായ ധാരാളം വിദ്യാർത്ഥികൾ പഠിച്ചിരുന്ന ഈ മദ്റസയിൽ മൗലാനാ സയ്യിദ് ഹുസൈൻ അഹ്മദ് മദനി വർഷങ്ങളോളം പഠിപ്പിച്ചിരുന്നു.

ഈ ഹജ്ജ് യാത്രയിലെ സമുന്നതമയൊരു അനുഗ്രഹം മൗലാനാ മർഹൂമിനോടൊപ്പം ഞങ്ങൾ സഹയാത്രി കർക്കും മറ്റ് ധാരാളം സഹോദരങ്ങൾക്കും കഅ്ബാ ശരീഫക്കുള്ളിൽ പ്രവേശിക്കാൻ കഴിഞ്ഞുവെന്ന് ഉള്ളതാണ്. പടച്ചവന്റെ കൃപകൊണ്ട് സമാധാന ത്തോടെ അവിടെ സുന്നത്ത് നമസ്കരിച്ചു. ഈ വിവരമറിഞ്ഞ ചില സഹോദരങ്ങൾ മൗലാനായോട് വീണ്ടും ശുപാർശ ചെയ്യണമെന്ന് അപേക്ഷിച്ചു. അടുത്ത ദിവസം മൗലാനാ അവരെയും ഞങ്ങളെയും കൂട്ടി താക്കോൽ സൂക്ഷിപ്പുകാരാനായ ശൈബി സാഹിബിനെ കണ്ട് തുറക്കണമെന്ന് അപേക്ഷിച്ചു. അദ്ദേഹം പൊലീസുകാരോടൊപ്പം വന്ന് വീണ്ടും തുറന്നു. അങ്ങനെ വിനീതന് രണ്ടാമതും അവിടെ പ്രവേശിക്കാനുള്ള ഭാഗ്യമുണ്ടായി. എന്റെ ജീവിതത്തിലെ ആദരവ് നിറഞ്ഞ ദിനമായി അതിനെ കാണുന്നു. ഈ രണ്ട് അവസരങ്ങളിലും ശൈഖ് റായ്പൂരിയും കൂട്ടത്തിലുണ്ടായിരുന്നു. ശൈഖ് റായ്പൂരിയുടെ ഐശ്വര്യം എന്ന നിലയിലാണ് മൗലാനാ ഈ സംഭവത്തെ വിനയം കാരണം അനുസ്മരിച്ചിരിക്കുന്നത്. ഇതിന്റെ മഹത്വം കൂടുതൽ വ്യക്തമായത് ഏതാനം വർഷങ്ങൾക്ക് ശേഷം 1964ൽ റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമിയുടെ അംഗമായി വിനീതൻ മക്കാ മുകർറമയിൽ ചെന്നപ്പോഴാണ്. ഹജ്ജിനോടടുത്ത ഈ സന്ദർഭത്തിൽ റാബിത്വയുടെ അംഗങ്ങൾക്കെല്ലാം കഅ്ബാ ശരീഫയുടെ അകത്ത് കയറാൻ അവസരം ഒരുക്കപ്പെട്ടു. എന്നാൽ അതിന് വേണ്ടി വലിയ കോണിപ്പടി സ്ഥാപിക്കപ്പെട്ട ഉടനെ വലിയ തിരക്കുണ്ടാവുകയും ഞങ്ങളാർക്കും അതിന്റെ അടുത്തേക്ക് പോലും പോവാൻ കഴിയാതെ വരികയും ചെയ്തു. മറ്റൊരു പ്രാവശ്യം മർഹൂം ഫൈസൽ രാജാവും പ്രധാനപ്പെട്ടവരും കഅ്ബാ ശരീഫ കഴുകുന്നതിന് വേണ്ടി വന്നപ്പോൾ മസ്ജിദുൽ ഹറാമിന്റെ അടുത്ത് തന്നെ താമസിച്ചിരുന്ന മൗലാനായെ കൂട്ടത്തിൽ കൂടുന്നതിന് ക്ഷണിക്കപ്പെട്ടു. ആദരണീയ സുഹൃത്ത് മൗലാനാ മുഹമ്മദ് മൻസൂർ നുഅ്മാനിയോടൊപ്പം കഅ്ബാ ശരീഫയുടെ അരികിൽ വരെ എത്തിയെങ്കിലും അതിന്റെ കവാടം അടയ്ക്കപ്പെട്ടു കഴിഞ്ഞിരുന്നു. മൗലാനാ പറയുന്നു : ശൈഖ് റായ്പൂരിയുടെ ബർകത്ത് കൊണ്ട് മാത്രമാണ് യഥാർഥത്തിൽ അന്ന് കഅ്ബാ ശരീഫയിൽ പ്രവേശിക്കാൻ കഴിഞ്ഞതെന്ന് ഞാൻ വിശ്വസിക്കുന്നു (കാർവാനേ സിൻന്ധഗി)

ഈജിപ്ത്, സുഡാൻ, ശാം എന്നിവിടങ്ങളിൽ എട്ട് മാസം കഴിച്ചു കൂട്ടിയ മൗലാനാ തുടർന്ന് ഹിജാസിൽ ഞങ്ങളുടെ അരികിലെത്തി. തുടർന്ന് ഞങ്ങൾക്ക് ശക്തി ലഭിക്കുകയും ഏതാനം മാസം കൂടി അവിടെ പ്രവർത്തിച്ച് നാട്ടിലേക്ക് മടങ്ങുകയും ചെയ്തു. ■

ലേഖനം

ഹാഫിസ് ഫൈസൽ മൗലവി

# ബലി കർമ്മം

ബലി പെരുന്നാൾ ദിവസം വിശ്വാസികൾ നിർവഹിക്കുന്ന കർമ്മങ്ങളിൽ ഏറ്റവും പ്രധാനമായതാണ് ബലി കർമ്മം. മുഅക്കദായ സുന്നത്താണത്. സക്കാത്ത് കൊടുക്കൽ നിർബന്ധമാവുന്ന തോതിൽ ശേഷിയുള്ളവർക്ക് വാജിബാണെന്നതാണ് ഹനഫീ വീക്ഷണം.

ഖലീലുല്ലാഹി ഇബ്റാഹീം നബിക്ക് വാർദ്ധക്യത്തിൽ ലഭിച്ച പ്രിയ പുത്രനെ റബ്ബിന്റെ കൽപ്പന പ്രകാരം രക്ഷിതാവിന് വേണ്ടി ബലി അറുക്കാൻ സന്നദ്ധനായതിനെ പിൻ തുടർന്നാണ് ഈ കർമ്മം നിർവഹിക്കുന്നത്. ആ സംഭവം ഖുർആൻ വിവരിക്കുന്നുണ്ട്. എന്നിട്ട് ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കുഞ്ഞുമകനേ! ഞാൻ നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു.അതുകൊണ്ട് നോക്കൂ:നീ എന്താണ് അഭിപ്രായപ്പെടുന്നത്? അവൻ പറഞ്ഞു: എന്റെ പിതാവേ, കൽപ്പിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ക്ഷമാശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്. അങ്ങനെ അവർ ഇരുവരും കീഴ്പ്പെടുകയും, അവനെ നെറ്റിമേൽ ചരിച്ചു കിടത്തുകയും ചെയ്ത സന്ദർഭം! നാം അദ്ദേഹത്തെ വിളിച്ചു പറഞ്ഞു: ഹേ! ഇബ്രാഹിം തീർച്ചയായും താങ്കൾ സ്വപ്നം സാക്ഷാൽകരിച്ചിരിക്കുന്നു. തീർച്ചയായും അപ്രകാരമാണ് നാം സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്.തീർച്ചയായും ഇത് സ്പഷ്ടമായ പരീക്ഷണം തന്നെയാണ്. അവന് പകരം ബലി അർപ്പിക്കാനായി മഹത്തായ ഒരു ബലി മൃഗത്തെ നാം നൽകുകയും ചെയ്തു. (ഖുർആൻ 37, 102-107) ഇവിടെ ചരിത്രവായനയെക്കാൾ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് അതിന്റെ കർമ്മശാസ്ത്രവായന. കർമ്മശാസ്ത്രം പറയുന്ന രീതിയിൽ അറുത്താ ലല്ലാതെ, അതിന്റെ വിധിയിൽ നൽകിയാലല്ലാതെ ഒരാളുടെ ബലി കർമ്മവും സ്വീകാര്യമാവുകയില്ല.

## ലക്ഷ്യം

ബലികർമ്മം നിയമമാക്കപ്പെട്ടതിന്റെ പരമപ്രധാന ലക്ഷ്യം കേവലം ഒരു മൃഗത്തെ അറുക്കലോ അതിന്റെ രക്തം ഒലിപ്പിക്കലോ മാംസവിതരണം നടത്തലോ മാത്രം അല്ല. മറിച്ച് മനുഷ്യനിൽ അന്തർലീനമായി ക്കിടക്കുന്ന പൈശാചിക സ്വഭാവങ്ങളെ പ്രതീകാത്മക മായി ബലികഴിപ്പിക്കുകയും തുടർന്നുള്ള ജീവിതരീതികളെ ക്രിയാത്മകമായി പരിവർത്തന വിധേയമാക്കുകയും ഇലാഹീസ്നേഹം കരഗതമാക്കുകയും ചെയ്യുകയാണ് അതിന്റെ ലക്ഷ്യം.

അല്ലാഹു തആല പറയുന്നു: (നിങ്ങൾ ബലി അറുക്കുന്ന) മൃഗത്തിന്റെ മാംസമോ രക്തമോ അല്ലാഹുവിന്റെ അടുക്കൽ എത്തിച്ചേരുന്നില്ല മറിച്ച് നിങ്ങളുടെ തഖ്വയാണ് അവനിലേക്ക് എത്തിച്ചേരുന്നത് (ഹജ്ജ് 22,37). അതിനാൽ ബലി അറുക്കുന്ന ഓരോ വിശ്വാസിയും തന്റെ ബലികർമ്മത്തിലൂടെ ഇബ്രാഹീം(അ), ഇസ്മാഈൽ(അ) എന്നീ പ്രവാ

ചക മഹത്തുക്കളുടെ പരിശുദ്ധ ജീവിത സന്ദേശങ്ങൾ ഉൾക്കൊണ്ട് ജീവിതത്തെ അനുഗ്രഹപൂർണമാക്കിത്തീർക്കാൻ ശ്രമിക്കേണ്ട തുണ്ട്.

## മഹത്വം

ബലിമൃഗങ്ങളെ അല്ലാഹുവിന്റെ (ദീനിന്റെ) സ്മാരകങ്ങളാക്കിയിരിക്കുന്നു. അതിൽ നിങ്ങൾക്ക് വലിയ നന്മയുണ്ട്. (ഹജ്ജ്-36).

നാം താങ്കൾക്ക് ധാരാളം നന്മ നൽകിയിയിരിക്കുന്നു, ആകയാൽ താങ്കൾ താങ്കളുടെ റബ്ബിന്റെ തൃപ്തിക്കുവേണ്ടി നിസ്കരിക്കുകയും, ബലി അറുക്കുകയും ചെയ്യുക. (കൗസർ-1,2)

ആയിശ(റ) നിവേദനം: റസൂലുല്ലാഹി(സ്വ) അരുളി: ബലി പെരുന്നാൾ ദിവസം ബലി അറുക്കുന്നതിനേ ക്കാൾ അല്ലാഹുവിങ്കൽ പ്രിയങ്കരമായ മറ്റൊരു കർമ്മവും ഇല്ല. ബലിമൃഗം ഖിയാമത്ത് നാളിൽ അവയുടെ കൊമ്പുകളും രോമങ്ങളും, സർവ്വ വസ്തുക്കളുമായി ഹാജറാകും.(അവയ്ക്ക് പകരം ഉന്നത പ്രതിഫലം ലഭിക്കുന്നതാണ്).ബലി മൃഗത്തിന്റെ രക്തം ഭൂമിയിൽ വീഴുന്നതിന് മുമ്പുതന്നെ അല്ലാഹുവിങ്കൽ വിശിഷ്ട സ്ഥാനത്ത് എത്തിച്ചേരുന്നതാണ്, ആകയാൽ (കൂടുതൽ വിലയാകുന്നതിൽ ബുദ്ധിമുട്ട് വകവെക്കാതെ) സന്തോഷത്തോടെ ബലിയറുക്കുക.(ഇബ്നു മാജ, തുർമുദി, ഹാകിം).

ഇബ്നു ഉമർ(റ) വിവരിക്കുന്നു: റസൂലുല്ലാഹി(സ്വ) ഹിജ്റയ്ക്കു ശേഷം മദീനയിൽ പത്ത് വർഷം താമസിച്ചു. ഈ പത്ത് വർഷവും തുടർച്ചയായി തങ്ങൾ(സ്വ)ഉള്ഹിയ്യത്ത് നിർവ്വഹിച്ചിരുന്നു. (തിർമുദി)

## മര്യാദകൾ

ഉള്ഹിയ്യത്ത് അറുക്കുമ്പോൾ ധാരാളം മര്യാദകൾ ശ്രദ്ധിക്കേണ്ടതുണ്ട്.

ബലിമൃഗത്തെ സ്വന്തമായി അറുക്കുക, അല്ലെങ്കിൽ അറുക്കുന്നിടത്ത് ഹാജരാവുക, പെരുന്നാൾ നിസ്കാരം കഴിഞ്ഞ് അറുത്തുകൊടുക്കുക, പകൽ സമയത്ത് അറുക്കുക, അറുക്കുന്ന സമയത്ത് ഖിബ്ലക്ക് നേരെ തിരിയുക, അറുക്കുമ്പോൾ ബിസ്മില്ലാഹി അല്ലാഹു അക്ബർ എന്ന് പറയുക, ബിസ്മിയും തക്ബീറും പറഞ്ഞതിന് ശേഷം അല്ലാഹുമ്മ മിൻക വഇലയ്ക ഫതഖബ്ബൽ മിന്നീ (അല്ലാഹുവേ, ഇത് നീ നല്കിയ അനുഗ്രഹമാണ്. ഇത് നിന്റെ മുമ്പിൽ തന്നെ സമർപ്പിക്കുകയാണ്, നീ ഇതിനെ സ്വീകരിക്കേണമേ) എന്ന് പ്രാർത്ഥിക്കുക.

ബലിമൃഗത്തെ കാണുമ്പോഴും അതിന്റെ ശബ്ദം കേൾക്കുമ്പോഴും തക്ബീർ ചൊല്ലുക എന്നിവയെല്ലാം സുന്നത്താണ്. ഉള്ഹിയ്യത്ത് അറുക്കാൻ ഉദ്ദേശി



**“ബലിമൃഗത്തെ സ്വന്തമായി അറുക്കുക, അല്ലെങ്കിൽ അറുക്കുന്നിടത്ത് ഹാജരാവുക, പെരുന്നാൾ നിസ്കാരം കഴിഞ്ഞ് അറുത്തുകൊടുക്കുക, പകൽ സമയത്ത് അറുക്കുക, അറുക്കുന്ന സമയത്ത് ഖിബ്ലക്ക് നേരെ തിരിയുക, അറുക്കുമ്പോൾ ബിസ്മില്ലാഹി അല്ലാഹു അക്ബർ എന്ന് പറയുക, ബിസ്മിയും തക്ബീറും പറഞ്ഞതിന് ശേഷം അല്ലാഹുമ്മ മിൻക വഇലയ്ക ഫതഖബ്ബൽ മിന്നീ എന്ന് പ്രാർത്ഥിക്കുക.”**



ക്കുന്നവർ ദുൽഹിജ്ജ ഒന്നു മുതൽ അറുക്കുന്നത് വരെ നഖം, മുടി എന്നിവ നീക്കം ചെയ്യരുത്. ഉമ്മു സലമ(റ)പറയുന്നു : ദുൽ ഹജ്ജിന്റെ ആദ്യ പത്ത് ആരംഭിച്ചാൽ നിങ്ങളിൽ ബലി ഉദ്ദേശിക്കുന്നവർ ബലി അറുക്കുന്നത് വരെ മുടിയും നഖവും മുറിക്കാതിരുന്നു കൊള്ളട്ടെ! (മുസ്ലിം, ഇബ്നു മാജ).ബലി മൃഗത്തെ നന്നായി ഭക്ഷണം കൊടുത്ത് പുഷ്ടിപ്പെടുത്തൽ അതിനെ ആദരിക്കുന്നതിന്റെ ഭാഗമാണ്.

## ഉള്ഹിയ്യത്ത് മൃഗങ്ങൾ

അഞ്ച് വയസ്സ് പൂർത്തിയായ ഒട്ടകം, രണ്ട് വയസ്സ് പൂർത്തിയായ മാട്, കോലാട്.ഒരു വയസ്സ് പൂർത്തിയാവുകയോ ആറു മാസത്തിനുശേഷം പല്ല് കൊഴിയുകയോ ചെയ്ത നെയ്യാട് എന്നിവയാണ് ബലി മൃഗങ്ങൾ. കളർ പരിഗണിക്കുമ്പോൾ വെളുപ്പ്, മഞ്ഞ, മങ്ങിയ വെള്ള, ചുവന്നത്, ചുവപ്പും വെളുപ്പും കലർന്നത് എന്നീ ക്രമപ്രകാരമുള്ള സ്ഥാനങ്ങളാണ്.

## ബലി മൃഗത്തിന്റെ നിബന്ധനകൾ

ഉള്ഹിയ്യത്ത് മൃഗത്തിന്റെ മാംസം ചുരുക്കുകയോ മോശമാക്കുകയോ ചെയ്യുന്ന ന്യൂനതകൾ ഉണ്ടാകരുത്. മാംസത്തെ പ്രതികൂലമായി ബാധിക്കുന്നതോ, തടി ക്ഷയിപ്പിക്കുന്നതോ ആയ രോഗം, ചൊറി മുറിവ് വ്യക്തമായ മുടന്ത്, കാഴ്ചയില്ലായ്മ, കണ്ണ് നഷ്ടപ്പെടുക, കൂടുതൽ മെലിഞ്ഞ് മജ്ജയും പുഷ്ടിയും ചുരുങ്ങുക, ചെവി, നാവ്, വാൽ, അകിട് എന്നിവ പൂർണ്ണമായോ ഭാഗികമായോ മുറിയുക, ഒരവയവം ഇല്ലാതിരിക്കുക, ഗർഭം ഉണ്ടാകുക, തീറ്റയെ പ്രതികൂലമായി ബാധിക്കും വിധത്തിൽ പൂർണ്ണമായോ ഭാഗികമാ

യോ പല്ല് പൊട്ടുകയോ കൊഴിയുകയോ ചെയ്യുക, ചെവി ഇല്ലാതാകുക, തുടങ്ങി ന്യൂനതകളിലേതെങ്കിലുമൊന്ന് ഉദ്ഹിയ്യത്ത് മൃഗത്തിനുണ്ടായാൽ അത് ബലിദാനത്തിന് മതിയാവില്ല.(തുഹ്ഫ 9/351353)

## ഉള്ഹിയ്യത്തിലെ പങ്കാളിത്തം

ഒട്ടകത്തിലും മാടിലും ഏഴുപേർക്ക് പങ്കാളികളാകാം. ഇങ്ങനെ പങ്ക് ചേർന്ന് അറുക്കുമ്പോൾ ഓരോ വ്യക്തിയുടെയും കണക്കിൽ ഏറ്റവും ചുരുങ്ങിയത് ഏഴിലൊന്ന് ഉണ്ടാകേണ്ടതാണ്. എട്ടുപേർ ചേർന്ന് ഒരു മാട് വർഗത്തിൽ പെട്ടതിനെ അറുത്താൽ അത് ഒരാളെത്തൊട്ടും ഉള്ഹിയ്യത്തായി പരിഗണിക്കില്ല. കാരണം, ഓരോ വ്യക്തിയുടെയും വിഹിതം മൃഗത്തിന്റെ എട്ടിൽ ഒന്ന് മുതൽ മാത്രമായി.അതു പറ്റില്ല.14 പേർ ചേർന്ന് രണ്ട് മാടിനെ അറുത്താലും പരിഗണിക്കില്ല. കാരണം ഈ പതിനാലുപേർക്കും രണ്ടു മൃഗങ്ങളുടെ ഏഴിലൊന്നേ ലഭിക്കുകയുള്ളൂ. അപ്പോൾ ഒരു മൃഗത്തിന്റെ പതിനാലിലൊന്നേ ഓരോ വ്യക്തിക്കും ലഭിക്കുകയുള്ളൂ. അതും അംഗീകൃതമല്ല.

ഏഴുപേർ ചേർന്ന് ഒരംഗീകൃത മൃഗത്തെ അറുക്കുമ്പോൾ ഓരോരുത്തരും നൽകുന്ന സംഖ്യ ആ മൃഗത്തിന്റെ ഏഴിലൊന്നിനോട് തുല്യമാകണം. ഓരോരുത്തരുടെയും വിഹിതം ഓരോ ഉള്ഹിയ്യത്തിന്റെ സ്ഥാനത്താണ്. ഓരോ വ്യക്തിയുടെയും വിഹിതത്തിൽ നിന്നും അല്പം സ്വദഖ ചെയ്യൽ നർബന്ധമാണ്. ഏഴിൽ ഒരാൾ മാത്രം തന്റെ ഓഹരിയിൽ നിന്ന് എല്ലാവർക്കും വേണ്ടി വിഹിതം ചെയ്താൽ മതിയാകില്ല.

## നിയ്യത്ത്

അറവ് നടത്തുന്ന വേളയിലോ ആ ജീവിയെ അതിനുവേണ്ടി നീക്കിവെക്കുമ്പോഴോ അറവ് നടത്താൻ മറ്റൊരാളെ ഏല്പ്പിക്കുമ്പോഴോ നിയ്യത്ത് ചെയ്യാം. നിയ്യത്ത്, മാംസവിതരണം, അറവ് എന്നിവയൊന്നും സ്വന്തം ചെയ്യുന്നില്ലെങ്കിൽ ഇക്കാര്യമെല്ലാം മറ്റൊരാളെ ചുമതലതപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം. അല്ലെങ്കിൽ ഉള്ഹിയ്യത്ത് സാധുവാകില്ല. ഞാൻ സുന്നത്തായ ഉള്ഹിയ്യത്ത് അറുക്കുന്നുവെന്ന് കരുതിയാൽ മതി.

## സമയം

ബലി പെരുന്നാൾ ദിവസത്തെ സൂര്യൻ ഉദിച്ച് ചുരുങ്ങിയത് രണ്ട് റക്അത്ത് നിസ്കാരത്തിന്റെയും രണ്ട് ഖുതുബയുടെയും സമയം കഴിയുന്നതോടു കൂടി ഉള്ഹിയ്യത്തിന്റെ സമയം പ്രവേശിക്കും. സുര്യൻ ഉദിച്ച് ചുരുങ്ങിയ രണ്ട് റക്അത്ത് നിസ്കാരത്തിന്റെയും രണ്ട് ഖുതുബയുടെയും സമയം കഴിയുന്നതോടു കൂടി ഉള്ഹിയ്യത്തിന്റെ സമയം പ്രവേശിക്കും. സുര്യൻ ഉദിച്ച് ഇരുപത് മിനുട്ട് കഴിഞ്ഞ ശേഷം നിസ്കാരത്തിന്റെയും ഖുതുബയുടെയും സമയം കഴിഞ്ഞ് അറുക്കലാണ് ഏറ്റവും പുണ്യം. അയ്യാമുത്തശ്‌രീഖിന്റെ അവസാന ദിവസത്തെ സൂര്യൻ അസ്തമിക്കുന്നത് വരെ ഉള്ഹിയ്യത്തിന് സമയമുണ്ട്. ബലി പെരുന്നാൾ ദിവസം തന്നെ അറവ് നടത്തലാണ് കൂടുതൽ പുണ്യം.

**“ അറവ് നടത്തുന്ന വേളയിലോ ആ ജീവിയെ അതിനുവേണ്ടി നീക്കിവെക്കുമ്പോഴോ അറവ് നടത്താൻ മറ്റൊരാളെ ഏല്പ്പിക്കുമ്പോഴോ നിയ്യത്ത് ചെയ്യാം. നിയ്യത്ത്, മാംസവിതരണം, അറവ് എന്നിവയൊന്നും സ്വന്തം ചെയ്യുന്നില്ലെങ്കിൽ ഇക്കാര്യമെല്ലാം മറ്റൊരാളെ ചുമതലതപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം. ”**

## നേർച്ച

ഉള്ഹിയ്യത്ത് നേർച്ചയാക്കിയാൽ അത് നിർബന്ധമാകും. അതിന്റെ മാംസം മുഴുവനും സകാത്തിന്റെ അവകാശികളായ ഫകീർ, മിസ്കീൻ, എന്നിവർക്ക് നൽകണം. തോലോ, ഇറച്ചിയോ ഒന്നും തന്നെ സ്വന്തത്തിനു വേണ്ടിയോ താൻ ചെലവ് കൊടുക്കൽ നിർബന്ധമായവർക്കു വേണ്ടിയോ എടുക്കാവതല്ല.

## തോലു വിൽപ്പന

ഉള്ഹിയ്യത്തിന്റെ തോൽ സുന്നത്തായ ഉള്ഹിയ്യത്താ ണെങ്കിൽ ഉടമക്കും അനന്തരവകാശികൾക്കും ഉപയോഗിക്കാം എന്നല്ലാതെ അത് വില്പ്പന നടത്തൽ ഉടമക്കും അനന്തരവകാശികൾക്കും ഹറാമാണ്. നേർച്ചയാക്കപ്പെട്ട ഉള്ഹിയ്യത്താണെങ്കിൽ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കൽ പോലും നിഷിദ്ധമാണ്.

ഉള്ഹിയ്യത്തിന്റെ തോൽ വിറ്റോ ലേലം ചെയ്തോ കിട്ടിയ കാശ് സ്വദഖ ചെയ്താലും കുറ്റത്തിൽ നിന്നും ഒഴിവാകില്ല. കാരണം തോൽ വിൽക്കുക എന്ന ഹറാം അവൻ ചെയ്തു. ഉള്ഹിയ്യത്തിന്റെ തോലോ മാംസമോ അമുസ്‌ലിംകൾക്ക് നൽകാവുന്നതല്ല. ഉള്ഹിയ്യത്തിന്റെ ഉദ്ദേശ്യം മുസ്‌ലിംകൾക്ക് മാർദ്ദവം ചെയ്യലാണ്. (തുഹ്ഫ 9/363). പാവങ്ങൾക്ക് സ്വദഖ ചെയ്യുകയാണ് വേണ്ടത്. അവർക്കത് വിൽക്കുകയോ മറ്റോ ആവാം. ■

മൗലാനാ അർഷദ് മദനി

### പയാമെ ഇൻസാനിയത്ത്

# ജീവിതം ശിക്ഷയാക്കാതിരിക്കുക, നമുക്കും മറ്റുള്ളവർക്കും അനുഗ്രഹമാകുക!

## ഇന്ത്യാ മഹാരാജ്യത്തെ മനസ്സിലാക്കുക!

പടച്ചവൻ നമ്മുടെ മേൽ ധാരാളം അനുഗ്രഹങ്ങൾ ചെയ്തിട്ടുണ്ട്. ധാരാളം വസ്തുക്കൾ, അവസരങ്ങൾ എന്നിങ്ങനെ പടച്ചവന്റെ അനുഗ്രഹങ്ങൾ എണ്ണിയാൽ തീരുന്നതല്ല. പടച്ചവന്റെ അനുഗ്രഹങ്ങളിൽ വലിയൊരു അനുഗ്രഹമാണ് ഈ മഹാരാജ്യം നമുക്ക് നൽകിയത്. പ്രകൃതി വിഭവങ്ങൾ കൊണ്ട് സമ്പന്നവും സമുന്നതമായ പാരമ്പര്യവും വ്യത്യസ്ത നിറങ്ങളെയും മണങ്ങളെയും ഒരുമിച്ചു കൂട്ടിയതുമായ രാജ്യം യഥാർത്ഥത്തിൽ ഒരു ലോകം തന്നെയാണ്. ഭൂമിശാസ്ത്ര പരമായ സാങ്കേതിക ഭാഷയിൽ മാത്രമാണ് ഇതിനെ രാജ്യമെന്ന് പറയപ്പെടുന്നത്. ഇതിന്റെ ഒരു അറ്റത്ത് നിന്നും മറ്റേ അറ്റം വരെ നമ്മിൽ പലരും യാത്ര ചെയ്തുകാണുകയില്ല. രാജ്യത്തിന്റെ മുഴുവൻ ഭാഗങ്ങളിലും പോയിട്ടുള്ളവർ ഇല്ലായെന്ന് തന്നെ പറയാൻ സാധിക്കും. വിനീതൻ അടുത്ത് ലക്നൗവിൽ നിന്നും മദ്രാസ് വരെ യാത്ര ചെയ്യുകയുണ്ടായി. ഈ യാത്രയ്ക്കിടയിൽ മാത്രം കടന്നുപോയ വിവിധ നാടുകളെയും നാട്ടുകാരെയും അവസ്ഥകളെയും കണ്ട് അത്ഭുതപ്പെട്ടുപോയി. വൈജ്ഞാനിക ആവശ്യങ്ങൾക്ക് വേണ്ടി യൂറോപ്പിലേക്ക് എനിക്ക് പോകാൻ കഴിഞ്ഞിട്ടുണ്ട്. നിങ്ങളിൽ പലരും അവിടെ പോയിട്ടുണ്ടായിരിക്കും. വാഹനത്തിൽ കയറി ചെറിയ ഒരു യാത്ര ചെയ്യുമ്പോൾ തന്നെ നാം അറിയാതെ ഓരോ രാജ്യങ്ങളുടെയും അതിർത്തികൾ കടന്നുപോകുന്നതാണ്. എന്നാൽ ഇന്ത്യയിൽ അതി വേഗതയുള്ള ട്രൈനിൽ പല ദിവസങ്ങൾ യാത്ര ചെയ്താലും അതിർത്തിയിൽ എത്തിച്ചേരാൻ സാധിക്കുകയില്ല. അതെ, പടച്ചവൻ വലിയ ഒരു രാഷ്ട്രമാണ് നൽകിയിട്ടുള്ളത്. കൂടാതെ ഇവിടെ ധാരാളം സമുദായങ്ങളും, വിഭാഗങ്ങളും, സംസ്കാരങ്ങളും നിറഞ്ഞ് നിൽക്കുന്നു. കൂടാതെ ഇവിടുത്തെ രചനകളും സാഹിത്യങ്ങളും അമൂല്യമാണ്. പ്രകൃതി വിഭവങ്ങളാൽ ഈ രാജ്യം സമ്പന്നമാണ്. സർവ്വോപരി ഈ രാജ്യത്തെ മണ്ണിന് പടച്ചവൻ പ്രത്യേകമായ ഒരു മയവും സത്യാന്വേഷണത്തിന്റെ ആഗ്രഹവും നീതിയോടുള്ള താല്പര്യവും വെച്ചിട്ടുണ്ട്. പടച്ചവനെ കണ്ടെത്താനുള്ള പരിശ്രമങ്ങൾ എല്ലാ കാലത്തും ഇവിടെ നടന്നിട്ടുണ്ട്. ഈ വിഷയത്തിലുള്ള ദാഹം ഒരിക്കലും അവസാനിച്ചിട്ടില്ലെന്ന് മാത്രമല്ല, ഈ രാജ്യത്തുണ്ടായ പല മഹത്തുക്കളും ഈ വിഷയത്തിൽ വലിയ പ്രകാശം ചൊരിയുകയും ഇതര രാജ്യങ്ങൾക്ക് പോലും പ്രയോജനപ്പെടുകയും ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ പടച്ചവൻ നമുക്ക് വളരെ വിശാലമായ ഒരു ഭൂപ്രദേശമാണ് നൽകിയിരിക്കുന്നത്. പക്ഷെ, ഇന്ന് ഇവിടെ പാരമ്പര്യത്തിന് വിരുദ്ധവും മനുഷ്യത്വ രഹിതവുമായ പല

കാര്യങ്ങളും നടന്നുകൊണ്ടിരിക്കുന്നു. ഇത് ലോകത്തിന്റെ മുഴുവൻ അവസ്ഥയാണെങ്കിലും ഈ രാജ്യത്ത് ഇത് തിരുത്താനും നല്ല ഒരു അവസ്ഥ കൊണ്ടുവരാനും നാം പരിശ്രമിച്ചാൽ അത് ഈ രാജ്യത്തിന് മാത്രമല്ല, ലോകത്തിന്റെ ഇതര ഭാഗങ്ങൾക്കും വലിയ അനുഗ്രഹമായി മാറുന്നതാണ്.

## ലോകം കാത്തിരിക്കുന്നു!

ലോക നേതൃത്വം കരസ്ഥമാക്കുക എന്നത് നിസ്സാരമായ കാര്യമോ കളിയോ അല്ല. അതിന് വേണ്ടി വലിയ യോഗ്യതയും നീണ്ട പരിശ്രമങ്ങളും ആവശ്യമാണ്. പക്ഷെ, മാനവികതയുടെ വിഷയത്തിൽ ലോകത്ത് ഇന്ന് വലിയൊരു ശൂന്യത സംഭവിച്ചിരിക്കുകയാണ്. അതിന്റെ അടിസ്ഥാന കാരണം പടച്ചവനെ അറിയാത്തവരും മാനവ മഹത്വം ഗ്രഹിക്കാത്തവരുമായ ആളുകളുടെ കരങ്ങളിലാണ് ലോക നേതൃത്വം വന്നുപെട്ടിരിക്കുന്നത്. രാഷ്ട്രീയമായി മുന്നേറുക, ജനതയെ അടിമകളാക്കുക, കൂടുതൽ സ്ഥലങ്ങളിൽ അധികാരം പരത്തുക മറ്റുള്ളവരെ ഉന്മൂലനം ചെയ്ത് അവരുടെ സ്വത്ത് വകകൾ പിടിച്ചടക്കുക, അയൽവാസികളുടെ മേൽ ഗാംഭീര്യം നില നിർത്തുക, ഇടയ്ക്കിടയ്ക്ക് അവരെ വെല്ല് വിളിച്ച് മുട്ട് കുത്തിക്കുക മുതലായവയാണ് അവരുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. യൂറോപ്പാണ് ഇതിന് തുടക്കം കുറിച്ചതെങ്കിലും നമ്മുടെ രാജ്യവും ഇതിനെ ഏറ്റ് പിടിച്ചിരിക്കുകയാണ്.

യൂറോപ്പിന് ഒരു പ്രത്യേകതയുണ്ട്: അവിടെയുള്ള രാജ്യങ്ങളെല്ലാം വളരെ ചെറുതാണ്. അവരുടെ സാധന-സമഗ്രികളും പരിമിതമാണ്. അത് കൊണ്ട് തന്നെ അധികാരം വിശാലമാക്കാനും കമ്പോളം പിടിച്ചടക്കാനും ഞങ്ങളുടെ പക്കലാണ് കൂടുതൽ സാധനങ്ങളുള്ളതെന്ന് ജനങ്ങളെ കാണിക്കാനും അവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിന് വേണ്ടി ഇംഗ്ലീഷുകാരും, ഫ്രാൻസ്, ജർമ്മനി പോലുള്ള രാജ്യങ്ങളും ആഫ്രിക്ക പോലുള്ള പ്രദേശങ്ങൾ പിടിച്ചടക്കുകയും അവയെ കോളനികളാക്കുകയും ചെയ്തു. അവർക്ക് എന്തെങ്കിലും സേവനങ്ങൾ ചെയ്യാൻ വേണ്ടിയായിരുന്നില്ല ഇപ്രകാരം ചെയ്തത്. ഞങ്ങൾ വളരെ ശക്തരാണെന്ന് ജനങ്ങളെ കാണിക്കാൻ വേണ്ടി മാത്രമായിരുന്നു അവരുടെ ലക്ഷ്യം. തുടർന്ന് പടച്ചവന്റെ പ്രത്യേക വിധിയുടെ അടിസ്ഥാനത്തിൽ യൂറോപ്പ് ലോക നേതൃത്വത്തിലേക്ക് ഉയർന്നു. പക്ഷെ അപ്പോഴും അവർ ദുഷിച്ച ഉദ്ദേശ-ലക്ഷ്യങ്ങൾ ഉപേക്ഷിക്കാനോ ദൈവഭക്തി യുടെയും മാനവ സ്നേഹത്തിന്റെയും പാഠങ്ങൾ പഠിക്കാനും തയ്യാരായില്ല എന്നുള്ളത് ലോകത്തിന്റെ തന്നെ വലിയൊരു ദുരന്തമാണ്. ഇത്തരുണത്തിൽ ലോകം മുഴുവൻ പടച്ചവനെ പേടിക്കുകയും പടപ്പുകളെ സ്നേഹിക്കുകയും ചെയ്യുന്ന ഒരു പുതിയ നേതൃത്വത്തെ കാത്തിരിക്കുകയാണ്. നമ്മുടെ മഹത്തായ രാജ്യത്ത് ഈ ഗുണങ്ങളുള്ള ഒരു നേതൃത്വം ഉയർന്ന് വന്നാൽ അത് ഈ രാജ്യത്തിനും മുഴുവൻ ലോകത്തിനും അനുഗ്രഹം തന്നെയായിരിക്കും.

> **“മഹാന്മാരായ പ്രവാചകന്മാരുടെ പ്രധാനപ്പെട്ട പാഠം നിഷ്കളങ്കമായ സ്നേഹമാണ്. പ്രത്യേകിച്ചും നാമെല്ലാവരും സമുന്നത പ്രവാചകനായി വിശ്വസിക്കുന്ന ഈസാ നബി (അ) യുടെ മുഖ്യമായ സന്ദേശം സ്രഷ്ടാവിനോടുള്ള സ്നേഹവും സൃഷ്ടികളോടുള്ള സഹാനുഭൂതിയുമായിരുന്നു. യൂറോപ്പ് യേശുവുമായി ബന്ധമുണ്ടെന്നാണ് വാദിക്കുന്നത്. യേശുവിന്റെ മാർഗ്ഗത്തെ അഭിമാന ത്തോടെ അവർ ഉയർത്തിക്കാട്ടുന്നു.”**

## നിഷ്കളമായ സ്നേഹം വലിയൊരു ശക്തിയാണ്!

മഹാന്മാരായ പ്രവാചകന്മാരുടെ പ്രധാനപ്പെട്ട പാഠം നിഷ്കളങ്കമായ സ്നേഹമാണ്. പ്രത്യേകിച്ചും നാമെല്ലാവരും സമുന്നത പ്രവാചകനായി വിശ്വസിക്കുന്ന ഈസാ നബി (അ) യുടെ മുഖ്യമായ സന്ദേശം സ്രഷ്ടാവിനോടുള്ള സ്നേഹവും സൃഷ്ടികളോടുള്ള സഹാനുഭൂതിയുമായിരുന്നു. യൂറോപ്പ് യേശുവുമായി ബന്ധമുണ്ടെന്നാണ് വാദിക്കുന്നത്. യേശുവിന്റെ മാർഗ്ഗത്തെ അഭിമാന ത്തോടെ അവർ ഉയർത്തിക്കാട്ടുന്നു. പക്ഷെ, മഹാനായ മസീഹിന്റെ അടിസ്ഥാന അദ്ധ്യാപനങ്ങൾ പോലും അവർ ഉൾക്കൊണ്ടിട്ടില്ല എന്നത് ഒരു ദുഃഖ സത്യമാണ്. അതോടു കൂടി അവർ ലോക നേതൃത്തിലേക്ക് ഉയർന്നപ്പോൾ ലോകം മുഴുവൻ നാശ-നഷ്ടങ്ങൾ വ്യാപകമായി. സ്നേഹ-സഹകരണങ്ങളുടെ മൈതാനത്തിന് പകരം ലോകം തെറ്റായ മത്സരങ്ങളുടെ ഒരു കമ്പോളമായി മാറി. പണം വാരിക്കൂട്ടാനും അതിൽ മറ്റുള്ളവരെക്കാളും മുൻകടക്കാനും വലിയ മത്സരങ്ങൾ ആരംഭിച്ചു. ഇവിടെ പടച്ചവന്റെ സന്ദേശങ്ങളും മഹാ പുരുഷന്മാരുമായി ബന്ധപ്പെട്ട പൗരസ്ത്യ-ഏഷ്യൻ രാജ്യങ്ങൾക്ക്

മുന്നിട്ടിറങ്ങാൻ പറ്റിയ നല്ലൊരു അവസരമായിരുന്നു. ഇവർ ലോകത്തിന് ഇപ്രകാരം പഠിപ്പിക്കേണ്ടിയിരുന്നു: സഹോദരങ്ങളെ, ഭൗതിക യോഗ്യതകളും ബുദ്ധി സാമർത്ഥ്യവും സാങ്കേതിക വിദ്യകളും കൊണ്ട് മാത്രം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയില്ല. ആത്മാർത്ഥമായ സ്നേഹമാണ് സർവ്വ പ്രശ്നങ്ങളുടെയും പരിഹാരം. പടച്ചവന്റെ ദൂതന്മാരിലേക്ക് നോക്കുക: നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അവരുടെ നാമങ്ങൾ പ്രകാശിക്കുന്നു. ലോകം അവരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നു!... പ്രത്യേകിച്ചും സ്നേഹത്തിന്റെ ദൂതനായ ഈസാ നബി, കാരുണ്യത്തിന്റെ പ്രവാചകനായ മുഹമ്മദ് നബി പോലുള്ള മഹത്തുക്കളുമായി ബന്ധമുള്ളവർ ഈ കർത്തവ്യം നിർവ്വഹിക്കേണ്ടതായിരുന്നു. വിശിഷ്യാ, ലോകം മുഴുവനും സൂര്യ-ചന്ദ്ര മാസങ്ങളുടെ കണക്കിൽ അംഗീകരിച്ചിട്ടുള്ള രണ്ട് കലണ്ടറുകളായ ഗ്രിഗേറിയൻ-ഹിജ്‌രി കലണ്ടറുകൾ ഈ രണ്ട് മഹത്തുക്കളുമായി ബന്ധപ്പെട്ടതാണ്. പക്ഷെ, അടിസ്ഥാനപരമായ ഈ ദൗത്യം നിർവ്വഹിക്കാൻ നാമും മുന്നോട്ട് വന്നില്ല. ഇത് വലിയൊരു വീഴ്ചയാണ്. ഗുരുതരമായ ഈ വീഴ്ച ഇനിയെങ്കിലും നാം പരിഹരിക്കുക. വിശിഷ്യാ, സ്നേഹത്തിന്റെ മണ്ണായ ഇന്ത്യാ മഹാരാജ്യത്ത് നാം മാനവികതയുടെ സന്ദേശം സജീവമാക്കുക. ആദ്യം നാം ഇതിന്റെ ഗുണം അനുഭവിച്ചറിയുകയും ശേഷം ലോകത്തിന് കാട്ടിക്കൊടുക്കുകയും ചെയ്യുക. അതെ, ആത്മാർത്ഥ സ്നേഹമുണ്ടെങ്കിൽ കുറഞ്ഞ വസ്തുക്കളിൽ കൂടുതൽ ജോലികൾ നടക്കുന്നതാണ്. സ്നേഹം വലിയൊരു ശക്തിയാണ്. അത് ഇതര ശക്തികളെ യെല്ലാം കവച്ച് വെക്കും. ലോകത്ത് അറിവിന്റെയോ ബുദ്ധിയുടെയോ വസ്തുക്കളുടെയോ ശാസ്ത്ര സാങ്കേതിക വിദ്യകളുടെയോ ഒരു കുറവുമില്ല. നിഷ്കളങ്കമായ സ്നേഹത്തിന്റെ കുറവ് മാത്രമാണുള്ളത്.

## സംശയങ്ങളും ദുരുദ്ദേശങ്ങളും വർജ്ജിക്കുക!

ഇന്നത്തെ അവസ്ഥ വളരെ അത്ഭുതകരമാണ്. സദുദ്ദേശം വളരെ കുറയുകയും മറ്റുള്ളവരെ കുറിച്ചുള്ള സംശയങ്ങൾ അധികരിക്കുകയും ചെയ്തിരിക്കുന്നു. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് നോക്കൂ, മുഴുവൻ അധ്വാനങ്ങളും വിനയ-വണക്കങ്ങളും ത്യാഗങ്ങളും നടത്തുന്നത് ദുരുദ്ദേശത്തോട് കൂടിയാണ്. കൂട്ടത്തിൽ എതിരാളികളെ തെറ്റിദ്ധരിക്കുകയും സംശയിക്കുകയും ആരോപണങ്ങളുടെ അമ്പുകൾ എയ്യുകയും ചെയ്യുന്നു. തെരഞ്ഞെടുപ്പിന്റെയും രാഷ്ട്രീയത്തിന്റെയും കാര്യം മാത്രമല്ല, രണ്ട് പേർക്കിടയിലുള്ള ബന്ധങ്ങളിലും ഈ അവസ്ഥ സംജാതമായിരിക്കുന്നു. എന്തെങ്കിലും സംസാരിച്ചാൽ അതിന് പിന്നിൽ ദുരുദ്ദേശങ്ങൾ കടന്നുകൂടുന്നു. കൂട്ടത്തിൽ സംശയങ്ങൾ അവസാനിക്കുന്നുമില്ല. ഭരണരംഗം വളരെയധികം അധപതിച്ചിരിക്കുന്നു. എല്ലാവരും മറ്റുള്ളവരെ സംശയത്തോട് കൂടിയാണ് നോക്കുന്നത്. രാജ്യനിവാസികൾ മുഴുവനും പരസ്പരം സംശയങ്ങളിലാണ്. സഹോദരങ്ങൾക്കിടയിൽ പോലും വിശ്വാസമില്ല. പരസ്പരം മനസ്സ് തുറന്ന് സംസാരിക്കാൻ എല്ലാവരും മടിക്കുന്നു. തദ്ഫലമായി ലോകം തന്നെ നരകതുല്യമായിരിക്കുന്നു. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ നാം പരിശ്രമിക്കേണ്ടതാണ്. ഇതിന് രാഷ്ട്രീയക്കാരെ പ്രതീക്ഷിച്ച് മാറി നിൽക്കാൻ പാടില്ല. രാഷ്ട്രീയത്തോടോ രാഷ്ട്രീയക്കാരോടോ അന്ധമായ ഒരു എതിർപ്പുമില്ല. പക്ഷെ, സ്വാതന്ത്ര്യ സമരത്തിന്റെ സമയത്തുള്ള രാഷ്ട്രീയമാണ് നമുക്ക് ആവശ്യം. അന്ന് ജാതി-മത വ്യത്യാസമില്ലാതെ എല്ലാവരും തോളുരുമ്മി നിന്നുകൊണ്ട് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് സദുദ്ദേശത്തോടെ പോരാടി. അത് കൊണ്ടാണ് ഈ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചത്. പക്ഷെ, അതിന് ശേഷം അവസ്ഥ വീണ്ടും മോശമായി. നാമെല്ലാവരും മുൻഗാമികളായ മഹത്തുക്കളുടെ രാഷ്ട്രീയ ലക്ഷ്യത്തിലേക്കും മാർഗ്ഗത്തിലേക്കും മടങ്ങണമെന്ന് മാത്രമേ പറയുന്നുള്ളൂ.

> “
> **സ്നേഹത്തിന്റെ മണ്ണായ ഇന്ത്യാ മഹാരാജ്യത്ത് നാം മാനവികതയുടെ സന്ദേശം സജീവമാക്കുക. ആദ്യം നാം ഇതിന്റെ ഗുണം അനുഭവിച്ചറിയുകയും ശേഷം ലോകത്തിന് കാട്ടിക്കൊടുക്കുകയും ചെയ്യുക. അതെ, ആത്മാർത്ഥ സ്നേഹമുണ്ടെങ്കിൽ കുറഞ്ഞ വസ്തുക്കളിൽ കൂടുതൽ ജോലികൾ നടക്കുന്നതാണ്. സ്നേഹം വലിയൊരു ശക്തിയാണ്. അത് ഇതര ശക്തികളെ യെല്ലാം കവച്ച് വെക്കും.**
> ”

## മനുഷ്യത്വമില്ലായ്മ ഗുരുതരമായ പ്രശ്നം!

എന്തെങ്കിലും രോഗം പരന്നാൽ അവസാനം അതിൽ മനസ്സും മസ്തിഷ്കവും പ്രതിഫലിക്കുന്നതാണ്. ഇപ്രകാരം ഏറ്റവും വലിയ രോഗമായ മനുഷ്യത്വ മില്ലായ്മ ഇന്ന് പടർന്ന് പന്തലിക്കുകയും അത്

എല്ലാവരുടെയും മനസ്സിലും മസ്തിഷ്കത്തിലും മാറ്റമുണ്ടാക്കുകയും ചെയ്തിരിക്കുന്നു. ഇതിനുള്ള ഏക ചികിത്സ ആത്മാർത്ഥമായ സ്നേഹമുണ്ടാക്കിയെടുക്കലാണ്. ഓരോ കാലഘട്ടത്തിലെയും പ്രവാചകന്മാരും പരിഷ്കർത്താക്കളും ഗുരുവര്യന്മാരും ലോകത്തിന് നൽകിയ ഏറ്റവും വലിയ സമ്മാനം നിഷ്കളങ്കമായ സ്നേഹമാണ്. അവരും സംശയ ങ്ങളുടെയും തെറ്റിദ്ധാരണകളുടെയും ദുരുദ്ദേശങ്ങ ളുടെയും കാലഘട്ടത്തിലാണ് രംഗപ്രവേശനം ചെയ്തത്. എല്ലാവരും മനുഷ്യത്വം നഷ്ടപ്പെട്ട് കഠിനമായ നാശത്തിലേക്ക് മറിഞ്ഞ് വീണിരുന്നു. മനുഷ്യത്വമില്ലായ്മ മനുഷ്യന്റെ അധഃപതനത്തിന്റെ അങ്ങേയറ്റമാണ്. മറ്റുള്ളവരെ സംശയത്തോടെ നോക്കുന്നതും അവരിലേക്ക് അടുക്കാൻ പാടില്ല എന്ന് വിശ്വസിക്കുന്നതും സ്വന്തം കാര്യം മാത്രം ശരിയായാൽ മതിയെന്ന് ചിന്തിക്കുന്നതും വളരെ നിന്ദ്യമായ അവസ്ഥയാണ്. ഇത്തരമൊരു ഘട്ടത്തിൽ ആ മഹത്തുക്കൾ ശക്തമായി രംഗത്തിറങ്ങുകയും ജനങ്ങളെ ഉണർത്തുകയും ചെയ്തു. മറ്റുള്ളവരെ കുറിച്ച് സംശയിക്കുന്നതും നിരാശപ്പെടുന്നതും ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം മരണ വെപ്രാളത്തിന് തുല്യമായ അവസ്ഥയാണ്. നാട്ടുകാരെക്കുറിച്ച് നിങ്ങളുടെ സ്വന്തക്കാരായി കാണുക. അവരുടെ നാശം നിങ്ങളുടെയും നാശമാണ്. അവരിൽ തെറ്റ് വല്ലതുമുണ്ടെങ്കിൽ അത് തിരുത്താൻ പരിശ്രമിക്കുക. കാരണം, അവരുടെ നാശങ്ങളിലൂടെ നശിക്കുന്നത് അവർ മാത്രമല്ല, ഈ നാട് കൂടിയാണ്. ഈ നാട് നശിച്ചാൽ നാട്ടുകാരായ നാമെല്ലാവരും നശിക്കുന്നതാണ്.

## അപകടകരമായ മാനസികാവസ്ഥ!

ഇന്ന് നമ്മുടെ മനസ്സുകളിൽ വളരെ തെറ്റായ ഒരു വിചാരമുണ്ട്: മുകളിൽ പറയപ്പെട്ട കാര്യങ്ങളെല്ലാം ശരിയാണെങ്കിലും കോടിക്കണക്കിന് ജനങ്ങൾ വരുന്ന ഈ രാജ്യത്ത് ഞാൻ ഒരുവൻ മനുഷ്യത്വമുള്ളവനായത് കൊണ്ടോ, മറ്റുള്ളവരെ മാനവികതയിലേക്ക് ക്ഷണിച്ചത് കൊണ്ടോ യാതൊരു ഗുണവുമില്ല. ഇത് സമയം പാഴാക്കലും ഫലമൊന്നുമില്ലാതെ അധ്വാനിക്കലുമാണ്! ഇത് വളരെ അപകടകരമായ ഒരു ചിന്താഗതിയാണ്. രാജ്യനിവാസികളെല്ലാം ഇതേ വാക്ക് തന്നെയാണ് ആവർത്തിക്കുന്നത്. എല്ലാവരും മറ്റുള്ളവരെ കുറിച്ച് നിരാശപ്പെടുന്നു. മറ്റുള്ളവർ മറ്റുള്ളവർക്ക് മനുഷ്യത്വമില്ലാത്തതിനാൽ എനിക്ക് മാത്രം അതുണ്ടാകൽ കൊണ്ട് യാതൊരു ഗുണവുമില്ലെന്ന് വിശ്വസിക്കുന്നു. പ്രത്യുത സ്വന്തം നന്മകൾക്ക് വേണ്ടി കൂടുതൽ മോശമാകാൻ തയ്യാറെടുത്ത് കൊണ്ടിരിക്കുന്നു. തയ്യാറെടുപ്പ് മാത്രമല്ല, അവസരം കിട്ടിയാൽ കളത്തിലിറങ്ങി കളിക്കുകയും ചെയ്യുന്നു. രാജ്യത്ത് നടക്കുന്ന വിവിധ സംഭവങ്ങൾ ഇതിലേക്ക് തെളിവാണ്.

അടുത്ത സമയത്ത് ഒരു വിമാനം ഒരിടത്ത് തകർന്ന് വീഴുകയുണ്ടായി. ഇതറിഞ്ഞ നാട്ടുകാർ നാല് ഭാഗത്ത് നിന്നും ഓടിക്കൂടി. ചിലർ അതിന്റെ ആണിയും മറ്റ് ചിലർ പൊട്ടിയ കണ്ണാടിയും വേറെ ചിലർ തകർന്ന ടയറിന്റെ കഷ്ണവും, ചുരുക്കത്തിൽ ഓരോരുത്തരും കൈയ്യിൽ കിട്ടിയത് എടുത്ത് കൊണ്ടോടി. ഇതെത്രയോ മോശമായ അവസ്ഥയാണ്? ഇത് പോലെ ഒരു സ്ഥലത്ത് ട്രെയിൻ അപകടമുണ്ടായപ്പോഴും ഇതേ രീതിയിൽ കൈയ്യിൽ കിട്ടിയത് കൊണ്ട് ആളുകൾ ഓടുകയുണ്ടായി. പരുക്കേറ്റവരെ ശുശ്രൂഷിക്കുകയും ദാഹിച്ച് വലഞ്ഞവർക്ക് വെള്ളം കൊടുക്കുകയും പിടയ്ക്കുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്യേണ്ട ഈ സമയത്ത് അന്യരുടെ സാധനങ്ങൾ കട്ടും കൊള്ളയടിച്ചും ഓടുന്നത് അങ്ങേയറ്റം നിന്ദ്യവും പടച്ചവന്റെ ശാപ-കോപങ്ങൾ വിളിച്ചുവരുത്തുന്നതുമാണ്.

ഇത് പോലുള്ള ധാരാളം സംഭവങ്ങൾ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നു. ഇതിനോട് നമ്മുടെ മനസ്സിൽ വെറുപ്പും ഇത് മാറണമെന്ന് ആഗ്രഹവും അതിന് വേണ്ടിയുള്ള പരിശ്രമവും ഉണ്ടെങ്കിൽ നാമും സമൂഹവും രാജ്യവും രക്ഷപ്പെടും. അല്ലാത്ത പക്ഷം, രാജ്യത്തോടൊപ്പം നാമും നശിക്കും. രാജ്യം ഒരു കപ്പലാണ്. അക്രമികൾ കപ്പലിനെ നശിപ്പിച്ചാൽ സാത്വികനും പണ്ഡിതനും എല്ലാവരും മുങ്ങുന്നതാണ്. കപ്പലിൽ യാത്ര ചെയ്യുന്നതിന് നികുതി കൊടുക്കണം. ആ നികുതി കപ്പലിനെ നശിപ്പിക്കാതെ നോക്കുക എന്നതാണ്. ഇത് നോക്കിയില്ലെങ്കിൽ കപ്പൽ തകരുന്നതും യാത്രക്കാർ നശിക്കുന്നതുമാണ്. കപ്പൽ നശിക്കുമ്പോൾ അക്രമികളല്ലാത്തവരെ ആകാശ ത്തേക്ക് എടുത്തുകൊണ്ട് പോകാൻ പ്രത്യേക പറവകളൊന്നും വരുന്നതല്ല. മുങ്ങാതിരിക്കാനുള്ള വഴി കപ്പൽ നശിക്കാതിരിക്കുക എന്നത് മാത്രമാണ്.

ഞാനൊന്ന് ചോദിക്കട്ടെ, നാം ഇന്ന് ഈ രാജ്യത്തെ തകർന്ന വിമാനവും ട്രൈയിനും പോലെയല്ലേ കാണുന്നത്? ഇതിനിടയിൽ കിടന്ന് നിലവിളിക്കു ന്നവരെ രക്ഷിക്കാനോ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനോ നാം പരിശ്രമിച്ചിട്ടുണ്ടോ? നമ്മിലേക്കും ചുറ്റുവട്ടത്തേക്കും കണ്ണോടിക്കുക. കച്ചവടങ്ങളിലും ഉദ്യോഗങ്ങളിലും തൊഴിലുകളിലും എല്ലാം കുഴപ്പങ്ങൾ വ്യാപകമായിരിക്കുന്നു. എല്ലാവരും സ്വന്തം പ്രയോജനത്തെ മാത്രം നോക്കുന്നു. സ്വന്തം അവകാശം നേടിയെടുക്കണമെന്നല്ലാതെ മറ്റുള്ളവരെ അവകാശങ്ങളെ കുറിച്ച് ആർക്കും യാതൊരു ചിന്തയുമില്ല. എല്ലാവർക്കും അവ

രെയും അവർക്ക് ഇഷ്ടപ്പെട്ട ആളുകളെയും കുറിച്ച് വലിയ ചിന്തയാണ്. മറ്റുള്ളവരും ഇന്ത്യൻ പൗരന്മാരാണ് എന്ന ചിന്തയില്ല. മാത്രമല്ല, മാനുഷികമായ സഹായത്തിന്റെയും സഹാനുഭൂതിയുടെയും അംശങ്ങൾ പോലും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. പ്രത്യുത എല്ലാവർക്കും മറ്റുള്ളവരുടെ തകർച്ചകളിൽ നിന്നും എന്ത് മുതലെടുക്കാം എന്ന വിചാരം ശക്തമായിക്കൊ ണ്ടിരിക്കുന്നു. ഇത് വളരെ അപകടകരമായ മാനസികാവസ്ഥയാണ്. ഇത്തരം ചിന്താഗതികളുള്ള നാടും നാട്ടുകാരും ഒരിക്കലും രക്ഷപ്പെടുന്നതല്ലാ എന്ന് ഓർക്കുക.

## പരസ്പരം ധൈര്യം പകരുക.

അവസാനമായി പറയട്ടെ, അവസ്ഥകൾ വ്യക്തമാക്കാൻ വേണ്ടി മാത്രമാണ് രാജ്യത്തിന്റെ ചിത്രങ്ങൾ ഇവിടെ തുറന്ന് കാട്ടിയത്. ഇത് ആരെയും നിന്ദിക്കാനോ നിസ്സാരപ്പെടുത്താനോ വേണ്ടിയല്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഇവിടെ ചിത്രീകരിച്ചത് എന്റെ ചിത്രം തന്നെയാണ്. ഈ തെറ്റുകൾ തിരുത്താൻ ആദ്യമായി സംസാരിക്കുന്ന വ്യക്തിയും രണ്ടാമതായി ഈ കാര്യങ്ങൾ ശ്രദ്ധിച്ചവരും തയ്യാറാകുക എന്നതാണ് ഇതിന്റെ അടിസ്ഥാന ലക്ഷ്യം. ആകയാൽ നാം ഓരോരുത്തരും മറ്റുള്ളവർക്ക് ആത്മധൈര്യം പകരുക. നാം പരസ്പരം വിശ്വാസത്തിന്റെ കണ്ണുകൊണ്ട് കാണുക. സംശയത്തിന്റെ നോട്ടങ്ങൾ ഉപേക്ഷിക്കുക. എല്ലാവരെ കുറിച്ചും സദ്ഭാവനയും ഉത്തമ പ്രതീക്ഷകളും പുലർത്തുക. മറ്റുള്ളവർ പറയുന്ന കാര്യങ്ങൾ ചെവി കൊടുത്ത് കേൾക്കുക. മറ്റുള്ളവരുടെ മനസ്സിൽ വല്ല ദുഃഖങ്ങളുമുണ്ടെങ്കിൽ അവരെ വിലമതിക്കുകയും അവരുടെ ദുഃഖങ്ങളിൽ പങ്കെടുക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഇതിനാണ് മനുഷ്യത്വം എന്ന് പറയുന്നത്.

മനുഷ്യത്വം ഇല്ലെങ്കിൽ ഈ ലോകം വ്യാപാരികളും ഉപഭോക്താക്കളും മാത്രമടങ്ങിയ ഒരു കമ്പോളമായി മാറുന്നതും ജീവിതത്തിന്റെ രസങ്ങൾ നഷ്ടപ്പെടുന്നതുമാണ്. ഇതിലൂടെ മാനവിക മൂല്യങ്ങൾ നഷ്ടപ്പെടുന്നതും മനുഷ്യൻ ആഹാരത്തിന് ചുറ്റും മാത്രം കറങ്ങുകയും ആർത്തിയോടെ ഭൗതിക വസ്തുക്കളും സ്ഥാനമാനങ്ങളും നേടാൻ ഓടുകയും ചെയ്യുന്നവനായി മാറുന്നതാണ്.

## തെറ്റുകൾ മനുഷ്യപ്രകൃതിയ്ക്ക് എതിരല്ല!

നാം ഒരു കാര്യം മനസ്സിലാക്കുക. തെറ്റുകൾ സംഭവിക്കുന്നത് മനുഷ്യ പ്രകൃതിയ്ക്ക് എതിരല്ലായെന്ന വിഷയത്തിൽ ലോക മതങ്ങളും തത്വശാത്രങ്ങളും ഏകോപിച്ചിരിക്കുന്നു. മാത്രമല്ല, തെറ്റ് സംഭവിക്കുന്നത് ഒരു നിലയ്ക്ക് മനുഷ്യന്റെ പ്രത്യേകത കൂടിയാണ്. തെറ്റ് സംഭവിക്കുകയില്ലെങ്കിൽ മനുഷ്യർക്കും കല്ലുകൾക്കുമിടയിൽ ഒരു വ്യത്യാസവുമില്ല. ആകയാൽ മനുഷ്യനിൽ നിന്നും തെറ്റ് ഉണ്ടാകാറുണ്ട്. കൂട്ടത്തിൽ മനുഷ്യൻ തെറ്റിനെ സമ്മതിക്കുകയും ദുഃഖിക്കുകയും ഇനിയൊരിക്കലും ചെയ്യുകയില്ലെന്ന് തീരുമാനിക്കു കയും ചെയ്യുന്നതാണ്. ഇവിടെയാണ് മനുഷ്യന്റെ മഹത്വം നിലകൊള്ളുന്നത്. തെറ്റുകൾ സംഭവിച്ചിട്ടും തിരുത്താതെ തെറ്റുകളിൽ മുന്നേറുന്നത് മനുഷ്യന്റെ വലിയ ദുരന്തവും തകർച്ചയുമാണ്. ചുരുക്കത്തിൽ മനുഷ്യൻ തെറ്റുകളിലും പാപങ്ങളിലും അകപ്പെടുന്നവനാണ്. അതിനെ തിരുത്താൻ വേണ്ടിയാണ് പടച്ചവന്റെ ദൂതന്മാർ അയയ്ക്കപ്പെട്ടത്. ദൂതന്മാർ വന്ന് മനുഷ്യനെ തെറ്റ് കുറ്റങ്ങളിൽ നിന്ന് സ്നേഹത്തോടെ ഉണർത്തുകയും നേർവഴിയിലേക്ക് നയിക്കുകയും ചെയ്തു. അവസാനമായി അന്ത്യ പ്രവാചകൻ മുഹമ്മദുർ റസൂലുല്ലാഹി (സ്വ) ഈ ലോകത്ത് വന്ന് ഇതേ കർത്തവ്യം നിർവ്വഹിക്കുകയും നമ്മെ ഏൽപ്പിച്ചുകൊണ്ട് യാത്രയാകുകയും ചെയ്തു.

> **"തെറ്റുകൾ സംഭവിക്കുന്നത് മനുഷ്യ പ്രകൃതിയ്ക്ക് എതിരല്ലായെന്ന വിഷയത്തിൽ ലോക മതങ്ങളും തത്വശാത്രങ്ങളും ഏകോപിച്ചിരിക്കുന്നു. മാത്രമല്ല, തെറ്റ് സംഭവിക്കുന്നത് ഒരു നിലയ്ക്ക് മനുഷ്യന്റെ പ്രത്യേകത കൂടിയാണ്."**

നമ്മുടെ ഉത്തരവാദിത്വം ഉണർന്ന് പ്രവർത്തിക്കേണ്ട ഒരു സന്ദർഭം സമാഗതമായിരിക്കുകയാണ്. പ്രത്യേകിച്ചും മാനവികതയുടെ മൂല്യങ്ങൾ ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈലോക ജീവിതത്തിന്റെ ഏറ്റവും വലിയ രസം പരസ്പര വിശ്വാസവും ആത്മാർത്ഥമായ സഹകരണവുമാണ്. എല്ലാവരെയും സംശയത്തിന്റെ ദൃഷ്ടിയിൽ നോക്കുന്നതും മറ്റുള്ളവർ പറയുന്നത് കേൾക്കുക പോലും ചെയ്യാതെ അവരെ കുറിച്ച് മോശമായ വിചാരങ്ങൾ പുലർത്തുന്നതും തീരുമാനങ്ങൾ എടുക്കുന്നതും വളരെ മോശമാണ്. ദൗർഭാഗ്യവശാൽ മാനവികതയും മഹത്തായ ഗുണം നമ്മുടെ രാജ്യത്ത് വളരെയധികം കുറഞ്ഞുകൊണ്ടി രിക്കുന്നു. ഇത് ഉണ്ടാക്കിയെടുക്കാനുള്ള ആത്മാർ ത്ഥമായ പരിശ്രമമാണ് പയാമെ ഇൻസാനിയത്ത് (മാനവികതയുടെ സന്ദേശം) കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ■

ലേഖനം

പി ടി ശുക്കൂർ

# എന്തൊരു വേഗത

മാനത്ത് തിളങ്ങിക്കൊണ്ടിരിക്കുന്ന സൂര്യനെ നിങ്ങൾ കണ്ടിട്ടില്ലേ? ചന്ദ്രൻ ഉദിക്കുന്നതും അൽപാൽപം വളരുന്നതും പിന്നെ ചെറുതാകുന്നതും ഒടുവിൽ വൈക്കോൽ തുമ്പിനെ പോലെ ആയി മാറുന്നതും ശ്രദ്ധിച്ചിട്ടില്ലേ?

അരുണോദയത്തിന്റെ പൊൻകിരണങ്ങൾ കൺപീലികളെ തഴുകുമ്പോൾ മനസ്സിൽ വിരിയുന്ന പൂവുകൾക്കെന്തൊരു ചന്തം! ബാലാർക്കൻ കുസൃതിപ്രായം വിട്ട് യൗവനം തൂകുമ്പോൾ മുമെന്തൊരു ഗാംഭീര്യം! വീണ്ടും മുന്നോട്ട് നീങ്ങുമ്പോൾ അൽപാൽപം അതിന്റെ മുത്ത് ജരാനരകൾ ബാധിക്കുന്നോ? അസ്റിന്റെ സൂര്യന് ളുഹ്റിന്റെ സുര്യനോളം ചൂടില്ലേ? എന്തു പറ്റി? പകലോൻ ആകാശകോണിൽ തിരിതാഴ്ത്തുന്നതോടൊപ്പം രാക്കിളികൾ തുടങ്ങി വെക്കുന്ന താരാട്ടുപാട്ടുകൾക്കെന്തൊരീണം!

പ്രഭാതാർക്കൻ നമ്മെ വിളിച്ചുണർത്തി കാതിൽ ദിനാരംഭത്തിന്റെ മധുരഗീതം പാടിത്തരുന്നു. തലേദിവസത്തിന്റെ അദ്ധ്വാനഭാരമെല്ലാം വിരിച്ചു വെച്ച മെത്തയിൽ ഇറക്കി അത്യുൽസാഹത്തൊടെ നമ്മുടെ ദിവസംതുടങ്ങുകയായി. എന്തൊരാവേശം! നീലവാനത്തിൽ കളകളാരവം മുഴക്കി കിളിക്കൂട്ടങ്ങൾ അവയ്ക്കായി വിതറിയ അന്നം തേടി പ്രതീക്ഷയോടെ ചിറകു വിടർത്തി പറക്കുന്നതു കാണാൻ എന്തൊരു ചന്തം!

എല്ലാം സൂര്യനുമായി ബന്ധപ്പെട്ട കാര്യങ്ങൾ. സൂര്യനെ കുറിച്ച് ഒരുപാട് കാര്യങ്ങൾ ഇന്ന് നമുക്കറിയാം. അറിയുവാനായി ഒത്തിരി കാര്യങ്ങൾ ഇനിയും മുന്നിൽ ബാക്കിയുണ്ട്. അറിഞ്ഞിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ് സമയം. ജോലിക്കു പോകുന്നത്, വരുന്നത്, സ്കൂൾ തുറക്കുന്നത്, അടക്കുന്നത്, ജോലിക്കുള്ള വേതനം ലഭിക്കുന്നത്, ലാബ് ടെസ്റ്റുകൾ, ഗവേഷണങ്ങൾ ചികിൽസകൾ തുടങ്ങി എല്ലാമെല്ല്ലം സമയവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. സമയമോ, നേർക്കുനേരെ സൂര്യനുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. അല്ലാഹു പറയുന്നു-

وَسَخَّر لَكُمُ الشَّمْسَ وَالْقَمَرَ دَآئِبَينَ وَسَخَّرَ لَكُمُ اللَّيْلَ وَالنَّهَارَ

'സൂര്യനെയും ചന്ദ്രനെയും പതിവായിസഞ്ചരിച്ചു കൊണ്ടിരിക്കുന്ന നിലയിൽ അവൻ നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നു, രാപകലുകളെയും അവൻ നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നു. (ഇബ്റാഹീം 14: 33)

സൂര്യ ചന്ദ്രൻമാരുടെ ചലനം പറയുന്ന ഈ സൂക്തത്തിനു തൊട്ടുപിറകെ എണ്ണിതിട്ടപെടുത്താൻ അസാധ്യമായ അനുഗ്രഹങ്ങൾ വർഷിച്ചത് ഓർമ്മിപ്പിക്കുന്നുണ്ട് ഖുർആൻ. റമളാൻ മാസം, ഹജ്ജ് പെരുന്നാളുകൾ തുടങ്ങി പരിമിതമായി മാത്രമേ അറബ് മാസവുമായി പൊതുവിൽ ഇന്ന് നമുക്ക് ബന്ധമുള്ളു. നിക്കാഹ് സദസ്സുകളിൽ പോലും വിരളമായി മാത്രം ആവശ്യം വരുന്ന അറബ് തീയതി പണ്ഡിതന് ഓർമ്മയില്ലാത്തതിനാൽ കലണ്ടറിനെ ആശ്രയിക്കുന്നതു കാണാം. ഇംഗ്ലീഷ് തീയതികൾ ഓർക്കുന്ന പണ്ഡിതൻ എന്തു കൊണ്ട് അറബ് തീയതി ഓർക്കുന്നില്ല? നിത്യ ജീവിതത്തിൽ അത് ആശ്രയിക്കേണ്ടി വരുന്നില്ല എന്നാണുത്തരം..

വർഷങ്ങൾക്ക് മുമ്പ് ത്തറിൽ ജോലി ചെയ്തിരുന്ന ഹൈന്ദവനും ക്രൈസ്തവനുമെല്ലാം മുഹറം, സഫർ തുടങ്ങിയ മാസങ്ങളും തീയതികളും കൃത്യമായി ഓർമ്മയുണ്ടായിരുന്നു. കാരണം അവിടെ വേ

തനം ലഭിച്ചിരുന്നത് അറബ് മാസാടിസ്ഥാനത്തിൽ ആയിരുന്നു. ത്തർ പോലുള്ള അറബ് രാഷ്ട്രങ്ങൾ ഹിജ്റ: കലണ്ടർ ഒഴിവാക്കി. ഇസ്‌ലാമിക കലണ്ടറിലെ ആദ്യദിനമാണ് ഇന്ന് ത്തറിൽ മുഹർറം ഒന്ന്. വർഷത്തിൽ അര മാസത്തെ ശമ്പളത്തിന്റെ ലാഭമാണത്രെ അറബ് ബിസിനസ് മേലകളിൽ ഉള്ളവർക്ക് ഹിജ്റ: മാസത്തെ അകറ്റി നിർത്താൻ പ്രേരണ നൽകിയതത്രെ.

'ഞാൻ എന്റെ ുർആൻ പാരായണം അറബ് മാസവുമായി ബന്ധപ്പെടുത്തിയാണ് നടത്താറ്. അതിനാൽ അറബി മാസവുമായി സ്ഥിരം ബന്ധം നിലനിർത്താൻ സാധിക്കുന്നു.' ഒരു സാധാരണക്കാരന്റെ വാക്കാണിത്. ഇത് ഒരാൾ സ്വന്തം നിലയിൽ ശ്രമിക്കുന്ന കാര്യം മാത്രം. ഒരു സമൂഹത്തിന് സ്വന്തം ഐഡന്റിറ്റിയുടെ ഭാഗമായ വർഷം നിലനിർത്തുന്നതിൽ ഇത് പര്യാപ്തമല്ല. ഇക്കാര്യത്തിൽ ചിലതെല്ലാം നമുക്ക് ചെയ്യാൻ സാധിക്കും. പള്ളികളിലും അറബി കോളേജുകളിലുമെല്ലാം ശമ്പള സിസ്റ്റം ഹിജ്റ: കലണ്ടറിൽ ആക്കുക എന്നതാണത്. ഭൗതിക ജീവിതവുമായി ബന്ധമുണ്ടെങ്കിൽ മാത്രമേ സ്ഥിരമായി മനസ്സിൽ ഇനിയുള്ള കാലത്ത് ആ തിയതി വരികയുള്ളു. സമൂഹത്തിലെ ജീവൻ തുടിക്കുന്ന ഒരു കലണ്ടറായി ഇതിനെ മാറ്റാൻ വേറെ എന്തുണ്ട് വഴി എന്ന ചർച്ചയും പ്രസക്തമാണ്.

സാന്ദർഭികമായി സൂചിപ്പിച്ചു എന്നു മാത്രമെയുള്ളു. ഇവിടെ ചർച്ച ചെയ്യുന്ന സമയത്തിലേക്കു തന്നെ തിരിച്ചു പോകാം. പടച്ചവൻ തന്ന അപാരമായ അനുഗ്രഹങ്ങളിൽ ഒന്നാണ് സമയം. സമയത്തിലൂടെ മനുഷ്യൻ ജനിക്കുന്നു. സമയത്തിലൂടെ അവൻ ജീവിക്കുന്നു. സമയമാണ് അവനെ ഒന്നാം ക്ലാസ്സും പത്താം ക്ലാസ്സുമെല്ലാം നിർണ്ണയിച്ചത്. സമയം അവന്റെ ബിരുദം വാങ്ങിത്തന്നു. ജോലി നൽകി. അവനിപ്പോൾ വിമാനത്തിലൂടെ പറക്കുന്നു. ലക്ഷങ്ങളും കോടികളും ചുരത്തുന്നു.

പിന്നോട്ട് തിരിഞ്ഞു നോക്കൂ, എല്ലാം സമയങ്ങളിലൂടെ വന്ന മാറ്റങ്ങൾ. മാറി വന്ന ദിനങ്ങൾ. രാത്രങ്ങൾ. ഒരു ദിനത്തിൽ ഞാൻ ഈ ലോകത്ത് പിറന്നു. ഞാൻ ഇവിടെയില്ലാത്തൊരു കാലം എനിക്കറിയില്ല. പക്ഷെ അങ്ങനെ ഒന്നുണ്ടായിരുന്നു എന്ന് എനിക്കറിയാം. കാരണം എന്റെ ജനന സർട്ടിഫിക്കറ്റ് ഞാൻ നോക്കി. അതിൽ ഉപ്പാന്റെ പേരുണ്ട്. ഉമ്മാന്റെ പേരുണ്ട്. അവർക്ക് പേര് നിർണ്ണയിച്ചപ്പോൾ ഞാൻ ഇല്ലായിരുന്നുവല്ലോ. എന്റെ പേരിൽ നിലവിലുള്ള ഈ സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്തത് ഞാൻ അല. എന്റെ പേര് നിർണ്ണയിച്ചതു പോലും ഞാനല്ല.

സൂര്യൻ നടക്കുന്നത് ഞാൻ കണ്ടു. ചന്ദ്രന്റെ ചലനങ്ങളും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. രാവ് വരുന്നത് ഞാൻ അറിഞ്ഞു, പകൽ വരുന്നത് എന്നെ ആവേശഭരിതനാക്കി. എന്നാൽ അതെല്ലാം എനിക്കെന്തൊക്കെയോ ചെയ്തു തീർക്കാനുള്ള സമയം സംഭാവന ചെയ്താണ് പോയത്. ഞാൻ എന്നെ നോക്കി. കാലിൽ ചുവപ്പുള്ള കാലം എനിക്കില്ലായിരുന്നോ? ചുണ്ടിൽ പാലിന്റെ മണമൂള്ളൊരു കാലം.

അത് മാറി വന്നത് ഞാൻ ശ്രദ്ധിച്ചുവോ? സ്കൂളിൽ ചേർത്ത ദിവസം എനിക്കില്ലേ? പത്തിൽ പാസായതും. പിന്നെ യൗവനത്തിന്റെ ചൂടുള്ള നിണം ചുമക്കുന്ന കാലവും എന്നിൽ കഴിഞ്ഞു പോയി. എന്റെ മുന്നിൽ നടക്കുന്ന നരച്ച തലകൾ എന്നോട് പറയുന്നിസ്സയെന്ത്? ഇന്നലെകളിൽ കറുത്ത മുടികൾ തീർത്ത വിസ്മയങ്ങളുടെ കഥകളല്ലെ അത്? ുർആനിന്റെ സൂക്തങ്ങളിൽ ഞാൻ കണ്ടു,

'രാപ്പകലുകളെ മാറി മാറി വരുന്നതാക്കിയതും അവൻ തന്നെയാണ് ആലോചിച്ച് മനസ്സിലാക്കാൻ ഉദ്ദേശിക്കുകയോ നന്ദി കാണിക്കാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നവർക്ക്' (അൽ ഫുർാൻ 62)

മുടി മിനുക്കി നടക്കുന്ന എന്നെ ഈ സൂക്തം പെട്ടന്ന് പിടിച്ചു വലിച്ചുവോ? കറു കറുത്ത മുടി ഇന്ന് നിനക്കുണ്ട്. ഇതൊരു കാലത്ത് വെളുക്കാനുള്ളതാണ്, ഇന്ന് യുവാവായവനേ, മഹ്ശറയിലെ കൊടും ചൂടിൽ അർശിന്റെ തണൽ ലഭിക്കാൻ നീ നിന്റെ ജീവിതത്തെ റബ്ബിന്റെ ഇഷ്ടത്തിനൊത്താക്കൂ, എന്നല്ലെ മുന്നിലെ നരച്ച മുടിയിലേക്ക് ചൂണ്ടി ഈ സൂക്തം എന്നോട് പറയുന്നത്? യൗവനത്തിന്റെ ശക്തി റബ്ബിന്റെ വഴിയെ ഒഴുക്കുന്നവനല്ലേ അത് ലഭിക്കുക?

സമയം വിലപ്പെട്ട ഒരനുഗ്രഹമാണ്. അനുഗ്രഹത്തെ കുറിച്ച് ചോദ്യം ചെയ്യപ്പെടില്ലേ? തീർച്ചയായും. മുആദ് ബിൻ ജബൽ(റ) തിരുദൂതരിൽ നിന്നു കേട്ടത് പറഞ്ഞാൽ, 'നാല് കാര്യങ്ങളെ കുറിച്ച് ചോദ്യം ചെയ്യപ്പെടാതെ പുനരുദ്ധാരണ നാളിൽ ഒരടിമയുടെയും പാദം മുന്നോട്ട് ചലിക്കില്ല, തന്റെ ആയുഷ്കാലം എന്തിൽ വിനിയോഗിച്ചു എന്നാണ് അതിലൊന്ന്, രണ്ടാമത്തെതോ? യൗവനത്തെ കുറിച്ചും.' (ത്വബ്റാനി) ചോദ്യം ചെയ്യപ്പെടുന്ന അനുഗ്രഹമത്രെ സമയം എന്ന് ചുരുക്കം..

പണം പോയാൽ തിരിച്ചു കിട്ടിയേക്കാം, വസ്തു പോയാലും കിട്ടിയേക്കാം. എന്നാൽ സമയമോ? കിട്ടില്ലൊരിക്കലും നിനക്കത്. നഷ്ടപ്പെട്ടത് നഷ്ടം തന്നെ. ഈ ലോകത്തെ പരലോകത്തിലേക്കുള്ള വിഭവ സമാഹരണത്തിനുള്ള ഇടമായി കാണുകയാണെങ്കിൽ ഒരു സെക്കന്റു പോലും ഒഴിവാക്കാതെ സൽക്കർമ്മങ്ങൾ ചെയ്യുവാൻ പ്രചോദനം നൽകുന്നതാണ് സമയത്തിന്റെ വിലയെ കുറിച്ച ചിന്ത. ■

ലേഖനം

ഹാഫിസ് മുഹമ്മദ് ഹുസൈൻ അൻസാരി തളിപ്പറമ്പ

# നമസ്കാരത്തിലെ ഭയഭക്തി

രാജാവ് ഉത്തരവിട്ടു; കൊട്ടാരം ജീവനക്കാരോട് 'എല്ലാവരും ദിവസവും രാവിലെ വന്ന് എന്നെ വണങ്ങണം. നിശ്ചിത പ്രതിജ്ഞാവാചക ങ്ങൾ ഉരുവിടണം. പ്രകീർത്തിക്കണം. നിശ്ചിത രൂപ ത്തിൽ നമസ്കരിക്കണം. രാജകല്പനയാണ്; അനു സരിക്കാൻ ബാധ്യസ്ഥരാണെല്ലാവരും. അനുസരി ച്ചില്ലെങ്കിൽ ഉപജീവനത്തിന്റെ വഴിമുട്ടും മാത്രമോ? ഉടലിൽ നിന്നു തലതെറിച്ചേക്കും.

ജീവനക്കാരെല്ലാം രാജാവിനെ നിർദ്ദേശാനുസ രണം വണങ്ങാൻ തുടങ്ങി.

അവരുടെ വണക്കത്തിലെ ന്യൂനാന്യൂനതകൾ നിരീക്ഷിക്കുന്നു രാജാവ്. അത്യധികം ആദരവോ ടെ വിനയാന്വിതരായാണ് ഓരോരുത്തരുടെയും വര വ്. രാജഭക്തി അവരുടെ ഭാവത്തിലും ചലനത്തിലും പ്രകടമാണ്. ആത്മാർത്ഥമായാണവർ പ്രതിജ്ഞാ വചനങ്ങൾ ഉരുവിടുന്നത്. രാജാവിനെ പ്രീതിപ്പെടു ത്താൻ പരമാവധി ശ്രമിച്ചുകൊണ്ട് വിധേയത്വത്തി ലവർ മത്സരിക്കുന്നു.ഇടയ്ക്കൊരാൾ വന്നു; തല യുയർത്തി പ്പിടിച്ചാണു വരവ്; വിനയ ഭാവം ഒട്ടും പ്രകടമല്ല. അയാൾ രാജസന്നിധിയിലേക്കു നേരി ട്ടുചെന്നു; ഒട്ടും സങ്കോചമില്ലാതെ.നിശ്ചിത രൂപ ത്തിൽ വണങ്ങി; ഒരു ചടങ്ങു നിർവഹിക്കുന്നപോ ലെ പ്രതിജ്ഞാവചന ങ്ങളുരുവിട്ടു; ഒട്ടും ആത്മാർ ത്ഥതയില്ലാതെ മറ്റെന്തൊക്കെയോ ചിന്തിച്ചുകൊണ്ടി രിക്കുന്ന മനസ്സാണയാളുടേതെന്ന് ആ ഭാവങ്ങൾ വി ളിച്ചു പറയുന്നു.

അയാളുടെ നമസ്കാരകർമത്തിൽ ആകെ താള പ്പിഴകൾ, രാജാവ് ക്ഷുഭിതനായി. എങ്ങനെ ക്ഷുഭി തനാവാതിരിക്കും? ഇയാൾ തന്നെ ആദരിക്കുകയല്ല. വണങ്ങുകയല്ല, നമസ്കരിക്കുകയല്ല; അപമാനിക്കു കയാണ്. പരിഹസിക്കുകയാണ്, നിന്ദിക്കുകയാണ്.

രാജകല്പന മുഴങ്ങി. "ആരവിടെ? ഈ ധിക്കാ രിയെ പിടിച്ച് പുറ ത്താക്കൂ. അവനു കഠിനമായ ശി ക്ഷ ഞാൻ പിന്നെ വിധിക്കുന്നതാണ്. കഥ വായിച്ച പ്പോൾ ഞെട്ടലുളവായത് സ്വന്തം അന്തരംഗത്തിൽ. എത്ര കാലമായി രാജാധിരാജനെ വണങ്ങുന്നു. നിസ്കരിക്കുന്നു. പ്രതിജ്ഞാവചനങ്ങളുച്ചരിക്കു ന്നു. പ്രകീർത്തനങ്ങൾ മുഴക്കുന്നു. എല്ലാം ഉള്ളിൽ തട്ടാത്ത നാട്യങ്ങൾ; ആർക്കോ വേണ്ടി ചെയ്തുകൂ ട്ടുന്ന ജീവനില്ലാത്ത ചലനങ്ങൾ, ചടങ്ങുകൾ!അല്ലേ, എന്റെ നിസ്കാരങ്ങൾ ഇങ്ങനെയല്ലേ?

രാജാധിരാജനുമായി അഭിമുഖത്തിന്നാണു പുറ പ്പെടു ന്നതെന്ന വിചാരമില്ല. നൂറുകൂട്ടം ചിന്തകൾക്കി ടയിൽ യാന്ത്രികമായ അംഗസ്നാനങ്ങൾ. അതിനി ടെ ഒന്നും ചിന്തിക്കാതെ, നാവിലൂടുതിർന്നടിയുന്ന മന്ത്രങ്ങൾ. നേരെ ഓടിച്ചെന്ന് നീട്ടിവലിച്ചൊരു കൈ കെട്ട് ഓർക്കുന്നുണ്ടോ സർവാധിനാഥനായ തമ്പു രാന്റെ മുമ്പിലാണീ നില്പ്പെന്ന്?

പിന്നെ തുരുതുരാ ചൊല്ലിക്കൊണ്ടിരിക്കുന്നു; പ്രതിജ്ഞാവചന ങ്ങൾ, ഖുർആൻ, ദിക്റുകൾ. ഒന്നും മനസ്സറിയുന്നില്ല. നാവ് ഉരുവിടുന്നു; കേവലം യാ ന്ത്രികമായ ചനലങ്ങൾ.മനസ്സപ്പോൾ നടക്കാൻ പോ യിരിക്കും, ഏതെല്ലാമോ പരിചിത ഭൂമിയിൽ; പിന്നെ അപരിചിത മേഖലയിലേക്കും.

എന്തെല്ലാം ചിന്തകളാണപ്പോൾ കടന്നുവരുന്ന ത്. എന്തോ മറന്നത്, ഓർക്കാൻ പ്രയാസമുള്ളത്. മനസ്സിനെ ത്രസിപ്പിക്കുന്നത്, കുളിരണിയിക്കുന്ന ത്... ജീവിത ത്തിലെ നീക്കുപോക്കുകൾ, വരവുചെ

ലവു കണക്കുകൾ.. അങ്ങനെയങ്ങനെ മനസ്സുനിറയെ വ്യാപാരങ്ങൾ. അപ്പോഴും നാവ് മന്ത്രങ്ങളുരുവിടുന്നു. അവയവങ്ങൾ നിശ്ചിത രൂപത്തിൽ ചലിച്ചുകൊണ്ടി രിക്കുന്നു. റുകൂഅ്, സുജൂദുകൾ, ഇരുത്തം... എല്ലാം യാന്ത്രികമായ മെയ് വഴക്കങ്ങൾ!ഒടുവിലെപ്പോഴോ മനസ്സു പറഞ്ഞെന്നുവരും: നിങ്ങൾ നിസ്കാര ത്തിലാണല്ലോ എന്ന്.

രാജാധിരാജന്റെ മുമ്പിലാണല്ലോ നിൽക്കുന്നതെന്ന്. ഒരു നിമിഷം ഉണരുന്നു; അപ്പോൾ പിന്നെ എന്താണു ചിന്തിച്ചു പോയതെന്നന്വേഷണമാണ്. അതിന്റെ മൂലകാരണം തേടി ഒരു പ്രയാണം. അപ്പോഴേക്കും നിശ്ചിത അനുഷ്ഠാനങ്ങളുടെ എല്ലാ ക്രമങ്ങളും പിന്നിട്ടു കഴിഞ്ഞിരിക്കും. പിന്നെ ബാക്കി സലാം മാത്രം. വലത്തോട്ടും ഇടത്തോട്ടും നീട്ടിയോ രോ സലാം പറഞ്ഞ് എഴുന്നേറ്റുപോകുന്നു;എന്തോ ഒരു ബാധ്യത നിറവേറ്റിക്കഴിഞ്ഞപോലെ.എന്താണു നിറവേറ്റിയത്? ആത്മ സായൂജ്യത്തിന്നെന്തർഹത?

അശ്രദ്ധപൂർണമായ നമ്മുടെ ഈ കാട്ടിക്കൂട്ടലുകൾ എന്താണു നേടിത്തരുന്നത്? മനസ്സു വായിക്കാൻ കഴിയാത്ത രാജാവുപോലും തന്റെ ജീവനക്കാരന്റെ വണക്കത്തിലെ ശുഷ്ക്ക ചൈതന്യത്തെ തിരിച്ചറിഞ്ഞ് ആട്ടിപ്പുറത്താക്കിയെങ്കിൽ... മനസ്സകത്തിന്റെ സർവ ചലനങ്ങളും ചിന്തകളുമറിയുന്ന രാജാധി രാജൻ നമ്മുടെ ഈ മനഃസാന്നിധ്യമില്ലാത്ത അഭിനയം മനസ്സിലാക്കുകയില്ലെന്നോ.

ചെവികൾക്കിപ്പോൾ കേൾക്കാൻ സാധ്യമല്ലാത്ത, ആട്ടിപ്പുറത്താക്കലിന്റെ ഭീകര ശബ്ദങ്ങൾ അന്തരീക്ഷത്തിൽ അലയൊലി കൊള്ളുന്നില്ലെന്നെങ്ങനെ വിശ്വസിക്കും? നിരന്തരമിങ്ങനെ ആവർത്തിക്കുന്ന ചടങ്ങുകൾ കാരുണ്യവാനും, കരുണാനിധിയായ തമ്പുരാനെ പ്രകോപിതനാക്കില്ലെന്ന് ആരാണ് നമ്മുക്കുറപ്പുതന്നത്.

നമസ്കാരത്തിന്റെ ചൈതന്യമാണ് ഖുശൂഅ് അഥവാ ഭയഭക്തി. അല്ലാഹുവിനോടുള്ള ഭക്തിയോടെയും അവൻ തന്നെ നിരീക്ഷിക്കുന്നുവെന്ന ബോധത്തോടെ യുമുള്ള അടക്കത്തിനാണ് ഖുശൂഅ് എന്ന് പറയുന്നത്. അല്ലാഹു തന്നെ സദാ വീക്ഷിക്കുന്നുവെന്ന വിചാരമാണ് ഒരാളിൽ ഖുശൂഅ് ഉണ്ടാക്കുന്നത്. (തഫ്സീർ ഇബിനു കസീർ)

വിനയത്തോടെയും സമർപ്പണത്തോടെയും ഹൃദയത്തെ അല്ലാഹുവിൽ നിർത്തുക എന്നാണ് ഖുശൂഇന്റെ അർത്ഥം. (അൽമദാരിജ്)

അടിമയുടെ നമസ്കാരത്തെ എളുപ്പവും ലളിതവുമാക്കുന്നു എന്നത് ഭയഭക്തിയുടെ ശ്രേഷ്ഠതകളിൽപെട്ടതാണ്. അത് അവന് ഇണക്കവും ആശ്വാസവും ദുൻയാവിലെ അനുഗ്രഹവുമാകുന്നു. അവന്റെ ആത്മാവ് നമസ്കാരത്തെ ആസ്വദിക്കുന്നു. നമസ്കാരനിർവഹണത്തിൽ യാതൊരുവിധ ഞെരുക്കവും അനുഭവിക്കാതെ അവനത് പൂർത്തിയാക്കുന്നു. എന്നാൽ കളിതമാശകളിൽ മുഴുകി നമസ്കാരത്തെക്കുറിച്ച് അശ്രദ്ധപുലർത്തുന്നവനെ സംബന്ധിച്ചിടത്തോളം അതെത്രമാത്രം കുറഞ്ഞ സമയമാണെങ്കിലും അത് നിർവഹിക്കുന്നത് വളരെ ഭാരിച്ചതും പ്രയാസമേറിയതും ആയി അനുഭവപ്പെടും. അല്ലാഹു പറയുന്നു:

'സഹനത്തിലൂടെയും നമസ്കാരത്തിലൂടെയും ദിവ്യസഹായം തേടുക. നമസ്കാരം വലിയ ഭാരം തന്നെ; ഭക്തന്മാർക്കൊഴികെ'(അൽബഖറ 45).

നമസ്കാരം നിർവഹിക്കുമ്പോൾ പുലർത്തുന്ന ഭയഭക്തിയും ഏകാഗ്രതയും അനുസരിച്ച് അതിന് പ്രതിഫലം ഉറപ്പാക്കപ്പെടുന്നുവെന്നത് അതിന്റെ ശ്രേഷ്ഠതയിൽപെട്ടതാണ്. ഇമാം അഹ്മദ് റിപോർട്ട് ചെയ്യുന്നത് കാണുക: ഒരു അടിമ അവൻ നിർവഹിക്കുന്ന നമസ്കാരത്തിന്റെ പത്തിലൊന്ന് , ഒമ്പതിലൊന്ന് , എട്ടിലൊന്ന്, ഏഴിലൊന്ന്, ആറിലൊന്ന്, അഞ്ചിലൊന്ന്, നാലിലൊന്ന്, മൂന്നിലൊന്ന്, രണ്ടിലൊന്ന് ഒഴിച്ചുള്ളത് മാത്രമാണ് എഴുതപ്പെടുന്നത്.. ഇബ്നു അബ്ബാസ് (റ) ഉദ്ധരിക്കുന്നു: 'നീ നിർവഹിച്ച നമസ്കാരത്തിൽ ഹൃദയസാന്നിധ്യമുള്ളതുമാത്രമാണ് നിനക്കുള്ളത്.'

അല്ലാഹുവിന്റെ മുമ്പിൽ നിൽക്കുകകയാണെന്ന ബോധത്തോടെയും ചിന്തയോടെയുമാണ് നമസ്കരിക്കേണ്ടത്. നമുക്ക് അല്ലാഹുവിനെ കാണാൻ സാധ്യമല്ലെങ്കിലും അവൻ നമ്മെ കാണുന്നുണ്ടെന്ന് ചിന്തിക്കുക.

അദ്ദേഹം(ജിബ്രീൽ) പറഞ്ഞു:...ഇഹ്സാൻ എന്താണെന്ന് അറിയിച്ച് തന്നാലും, നബി (സ) പറഞ്ഞു: അല്ലാഹുവിനെ കാണുന്നത് പോലെ നീ അവനെ ആരാധിക്കുക, ഇനി നിനക്ക് അല്ലാഹുവിനെ കാണാൻ സാധ്യമല്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്... (മുസ്ലിം)

അല്ലാഹുവുമായുള്ള അഭിമുഖ സംഭാഷണമാണ് നമസ്കാരമെന്ന് ചിന്തിക്കുക

നമസ്കാരം അല്ലാഹുവിനോടുള്ള മുനാജാത്ത് അഥവാ അഭിമുഖ സംഭാഷണമാണ്. അശ്രദ്ധയോടെയുള്ള കേവല സംസാരത്തെ മുനാജാത്ത് എന്ന് പറയാവതല്ല.

നബി (സ)പറഞ്ഞു: നിങ്ങളിലൊരാൾ നമസ്കരിക്കുമ്പോൾ തന്റെ നാഥനുമായി അഭിമുഖ സംഭാഷണത്തിലാണുള്ളത്. ആയതിനാൽ, അവനോടുള്ള സംഭാഷണത്തിൽ അയാൾ കൂടുതൽ ശ്രദ്ധാലുവായിരിക്കട്ടെ. നിങ്ങളുടെ സ്രഷ്ടാവുമായുള്ള ബന്ധ

ത്തെ വിഛേദിക്കാതിരിക്കുക.

നബി (സ)പറഞ്ഞു:: നിങ്ങളിലൊരാൾ നമസ്കാരത്തിന് നിന്നാൽ അവൻ തന്റെ നാഥനോട് രഹസ്യ സംഭാഷണം നടത്തുകയാണ്. അവന്റെയും ഖിബ് ലക്കുമിടയിൽ തന്റെ നാഥന്റെ സാന്നിധ്യമുണ്ട്. (ബുഖാരി: 405) ജീവിതത്തിലെ അവസാനത്തെ നമസ്കാരമാണെന്ന് കരുതുക.

താൻ നിർവഹിക്കുന്ന നമസ്കാരം തന്റെ ജീവിതത്തിലെ അവസാനത്തെ നമസ്കാരമാണെന്ന് കരുതുക. ഇനിയൊരു കൂടിക്കാഴ്ചക്ക് സാധ്യമാകി ല്ലെന്നു കരുതി, ആത്മസുഹൃത്തിനോട് വിടപറയുന്നവന്റെ മനോവികാരത്തോടെ നമസ്കാരത്തെ സമീപിക്കുക. എങ്കിൽ ആത്മാർത്ഥതയോടെയും ഭയഭക്തിയോടെയും നമസ്കാരം നിർവ്വഹിക്കാൻ സാധിക്കും. നബി (സ)പറഞ്ഞു: ഈ ലോകത്തോട് യാത്ര പറഞ്ഞ് പിരിയുന്ന ഒരാളുടെ നമസ്കാരം പോലെ നീ നമസ്കരിക്കുക. അതായത് നീ അല്ലാഹുവിനെ കാണുന്ന രൂപത്തിൽ. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്. (അഹ്മദ്, ഇബ്നുമാജ, ത്വബ്റാനി)

ഹൃദയ സാന്നിധ്യമില്ലാത്തതും അശ്രദ്ധവുമായ നമസ്കാരം നിഷ്ഫലമത്രെ. ഇമാം ഗസാലി എഴുതുന്നു: ”ഹൃദയ സാന്നിധ്യം നമസ്കാരത്തിന്റെ ആത്മാവാണ്. നമസ്കാരത്തിന്റെ രഹസ്യം മനസ്സിലാക്കിയവർക്ക് അശ്രദ്ധ അതിന് വിരുദ്ധമാണെന്നറിയാൻ കഴിയും. ഖുർആൻ പാരായണത്തിന്റെയും ദിക്ര്-തസ്ബീഹുകളുടെയും പ്രാർഥനയുടെയും പ്രകീർത്തനങ്ങളുടെയും സാക്ഷാൽ ലക്ഷ്യം അല്ലാഹുവാണ്. അവനെയാണ് അഭിസംബോധന ചെയ്യുന്നത്. അശ്രദ്ധമായ ഹൃദയത്തിന് അവനെ കാണാനോ അറിയാനോ കഴിയില്ല. എന്നല്ല, നാവുകൾ പതിവനുസരിച്ച് ചലിക്കുന്നുണ്ടെങ്കിലും അഭിസം ബോധിതനായ അല്ലാഹുവിനെക്കുറിച്ച് അയാൾ തീരെ അശ്രദ്ധനാണ്. ഹൃദയത്തെ കടഞ്ഞെടുക്കാനും ഇലാഹീസ്മരണ പുതുക്കാനും ഈമാൻ ഹൃദയത്തിൽ ഉറപ്പിക്കാനും വേണ്ടി നിർബന്ധമാക്കപ്പെട്ട യഥാർഥ നമസ്കാരത്തിൽനിന്ന് ഈ നമസ്കാരം എത്ര വിദൂരം! മനസ്സേ ഭയപ്പെടുക നമ്മുടെ അപഥ സഞ്ചാരങ്ങളാണീ കുഴപ്പത്തിനെല്ലാം കാരണം. എന്തുകൊണ്ടു നമ്മെ പിടിച്ചുകെട്ടാൻ നമുക്കാവുന്നില്ല. അത് നമ്മുടെ ശരീരം കാരണമാണ്. ഇഛകളിലൂടെ പായുന്ന ശരീരം,

ഇങ്ങനെ ശരീരത്തെ പ്രതിയാക്കി രക്ഷപ്പെടാൻ നമുക്ക് കഴിയുമോ - അല്ലാഹുവിന്റെ സഹായം മാത്രമാണ് വഴി. നാഥാ, തുണക്കണേ... ■


Admission
STARTED
THANMIYA
EDU HOME
സ്കൂൾ പഠനത്തോടൊപ്പം
عالمية
(ആലിമിയ) കോഴ്സ്
for more enquiries
9447075684
9447772732

9-ാം ക്ലാസ്സിലേക്ക് പ്രവേശനം
4 വർഷത്തെ റെഗുലർ ക്ലാസ്സ്
പെൺകുട്ടികൾക്ക് മാത്രം
ഹോസ്റ്റൽ സൗകര്യം
ഇംഗ്ലീഷ് മീഡിയം
S.S.L.C, Plus 2 (സയൻസ്)
തർബിയത്തിന് പ്രധാന്യം

مدرسة التنمية الاسلامية
THANMIYA
ISLAMIC SCHOOL
Nadackal P.O, Erattupetta, Kottayam - 686 121
Accredited by : **NIOS No : 09233M**, Govt. of India
thanmiyaschool@gmail.com
Ph : 9961513494, 9495775684

ലേഖനം

പി.വി.എ.നാസർ മാത്തോട്ടം

# ഇസ്‌ലാം സോളമൻഐലന്റിൽ വ്യാപകത്വം നേടുന്നു

സോളമൻ ഐലണ്ടിലെ മലൈതാൻ ദ്വീപിലെ ക്രിസ്തീയ പുരോഹിതർ ആശങ്കയും വേവലാതികളും പങ്കുവെക്കുന്ന തിങ്ങനെയാണ്: 'മലൈതാൻ ദ്വീപിലെ മത ചിന്താഗതിയുള്ള ആളുകളുടെ ഇസ്‌ലാം വൽക്കരണത്തിലൂടെ രാജ്യത്തെ സാമൂഹികവും സുസ്ഥിരവുമായ അന്തരീക്ഷം പ്രക്ഷുബ്ധമാകാൻ കാരണമായേക്കും. ഇത്തരം പ്രവർത്തനം വലിയ ആശങ്കയോടെയാണ് നാം കാണുന്നത്! കത്തോലിക്കൻ ബിഷപ്പായ ക്രിസ്കാർഡോൺ സോളമൻ തെരുവിൽ പ്രകടനം നയിച്ചു കൊണ്ടാണ് സർക്കാറിന്റെ ശ്രദ്ധയിലേക്ക് ഇതിനെ കൊണ്ടുവന്നത്.

ആംഗ്ലിക്കൻ ബിഷപ്പായ സാംസാഹുവിനും മറിച്ചൊരു അഭിപ്രായം ഈ വിഷയത്തിലില്ല! രാജ്യത്ത് ക്രിസ്തീയവൽകരണത്തിൽ ബാക്കിയാക്കപ്പെട്ട 5% വരുന്ന ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നരായ യുവതയുടെ ഇസ്‌ലാമാശ്ലേഷണമാണ് ക്രിസ്തീയ സഭാ നേതൃത്വത്തെ അസ്വസ്ഥമാക്കുന്നതും അലോസരപ്പെടുത്തുന്നതും. നേരത്തെ ക്രിസ്തീയവൽകരണത്തിന് വിധേയമാക്കപ്പെട്ട ഭൂരിപക്ഷം വരുന്ന ഇന്നത്തെ ക്രിസ്ത്യാനികളിൽ എത്രപേർ ഈ വഴി സ്വീകരിച്ചേക്കുമെന്ന ഭയപ്പാടും ഈ മുറവിളിയുടെ പിറകിലുള്ള സത്യമാണ്. അതിന്റെ അലയൊലികൾ തലസ്ഥാന നഗരിയായ ഹൊനിയാരയിലെ ക്രിസ്ത്യൻ കുടുബങ്ങളിലെ ഏതാനും യുവാക്കളുടെ ഇസ്‌ലാമാശ്ലേഷണം തന്നെ ഒരു കാരണമാണ്! രാജ്യത്ത് ഒരു പരിഗണനയും അർഹിക്കപ്പെടാത്ത ഈ വിഭാഗത്തിൽ നിന്ന് ക്രിസ്തുമതത്തിലേക്കുള്ള മാറ്റം ഈ അടുത്ത കാലങ്ങളിലായി വളരെ കുറഞ്ഞതും തീർത്തും മന്ദീഭവിച്ചതുമായ ഒരു പ്രദേശം കൂടിയാണ് മലൈത്ത ദ്വീപ്. ഇവരുടെ നിലവിലെ ദുരിതങ്ങളും ആശങ്കയുമകറ്റാൻ ഇസ്‌ലാം പര്യാപ്തമായ ഒരു പ്രത്യയശാസ്ത്രമാണെന്ന കണ്ടെത്തലിലൂടെയാണ് – അദ്ഭുതപൂർവമായ മതപരിവർത്തനത്തിലൂടെ ഇസ്‌ലാം നിറഞ്ഞ് നിൽക്കുന്നത്

തങ്ങളുടെ പൂർവ്വികർക്ക് മുന്നിൽ കൊണ്ടെ

> **❝ രാജ്യത്ത് കൃസ്തീയവൽകരണത്തിൽ ബാക്കിയാക്കപ്പെട്ട 5% വരുന്ന ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നരായ യുവതയുടെ ഇസ്‌ലാം ആശ്ലേഷണമാണ് ക്രിസ്തീയ സഭാ നേതൃത്വത്തെ അസ്വസ്തമാക്കുന്നതും അലോസരപ്പെടുത്തുന്നതും. നേരത്തെ ക്രിസ്തീയവൽകരണത്തിന് വിധേയമാക്കപ്പെട്ട ഭൂരിപക്ഷം വരുന്നവരിൽ എത്ര പേർ ഈ വഴി സ്വീകരിച്ചേക്കുമെന്ന ഭയപ്പാടും ഈ മുറവിളിയുടെ പിറകിലുള്ള സത്യമാണ്. ❞**

ത്തിക്കാനോ, അവരാൽ അനുഭവിക്കാനോ കഴിയാത്ത ഇസ്ലാമിനെ തങ്ങളുടെ മുന്നിലേക്ക് വെച്ച് നീട്ടിയ പപ്പുവായിലെയും ഫിജിയിലെയും ആസ്ത്രേലിയായിലെയും തബ്ലീഗ് സംഘത്തോട് അകമഴിഞ്ഞ കടപ്പാട് പ്രകടിപ്പിക്കുന്ന വരാണ് ഇവിടത്തെ നവ മുസ്ലിം സമൂഹം. മലൈത്താനിലെ മുസ്ലിം നേതാവ് മൂസ ബിൻ മാർസലിന്റെ വാക്കുകളിൽ പ്രകടമാകുന്നതിങ്ങനെയാണ്!

'ക്രിസ്തീയ സഭകൾക്കുള്ള അമർഷത്തിന്റെ കാരണങ്ങൾ പലതാണെങ്കിലും മലൈത്തയിലെ കത്തോലിക്കൻ ഇടപെടലുകളിൽ കാര്യമായ പ്രതിഫലനം സൃഷ്ടിക്കാത്തതുകൊണ്ടാണ് വൈരാഗ്യത്തിന്റെയും വിദ്വേഷത്തിന്റെയും ജൽപനങ്ങളുടെ താൽപര്യം പ്രകടമാകുന്നത്!

1990കളിൽ പപ്പുവയിലെ PNG യൂണിവേഴ്സിറ്റി പഠന കാലത്ത് തബ്ലീഗ് പ്രവർത്തനം വഴി ഇസ്ലാം സ്വീകരിച്ച ഏതാനും സോളമൻ വിദ്യാർത്ഥികളിലൂടെയാണ് ഇസ്ലാം ഇവിടേക്ക് എത്തിയത്!

1990ന്റെ അവസാനത്തിൽ പ്രസ്തുത വിദ്യാർത്ഥികളുമായി ഇവിടേക്ക് എത്തിയ ഫിജിയൻ തബ് ലീഗ് ജമാഅത്തിലൂടെയാണ് ഇസ്ലാമികാസ്തിത്വത്തിന്റെ വിത്ത് പാകപ്പെട്ടത്. മെലൈത്തി ദ്വീപിലെ 'കരൂയി' ഗ്രാമത്തിലേക്കെത്തി ചേർന്ന തബ്ലീഗ് സംഘം വഴി നിരവധി സോളമൻസ് ഇസ്ലാം സ്വീകരിക്കുകയുണ്ടായി. അതിൽ ആദ്യത്തെ വ്യക്തിത്വമായിരുന്നു 'അൽഫോൻസ തയ്സീർ' PNG യൂണിവേഴ്സിറ്റിയിലെ ബിരുദാനന്തര ബിരുദ പഠന കാലത്താണ് തയ്സീർ തബ്ലീഗ് പരിശ്രമത്തിലേക്ക് ആകർഷിക്കുന്നതും ഇസ്ലാമിനെ മതമായി സ്വീകരിക്കുന്നതും!

14 നൂറ്റാണ്ടുകൾ പിന്നിട്ടപ്പോഴായിരുന്നു ഈ മേഖലകളിലെ ഭൂരിപക്ഷം രാജ്യങ്ങളും ഇസ്ലാമിനെ അറിയുന്നതും മുസ്ലിമീങ്ങളെ കാണുന്നതും. അറിയപ്പെടുന്ന ഇസ്ലാമിക സാന്നിധ്യം ഫിജിയിലും ന്യൂ കാലിഡോണിയയിലും മാത്രമായിരുന്നു ഉണ്ടായിരുന്നത്. അതും 18ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടടുത്തും 19ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തോടടുത്താണ് ന്യൂസിലാണ്ടിലും ആസ്ത്രേലിയായിലും അവിഭക്ത ഇന്ത്യക്കാരാൽ മുസ്ലിം സാന്നിധ്യം അറിഞ്ഞത്!

85ൽ പപ്വയിൽ തുടങ്ങി 90ൽ സോളമനിലേക്ക് പ്രവേശിച്ച ഇസ്ലാം 95, 2000ങ്ങളിൽ ടോംഗയിലും വാൻവാടുവിലും സാന്നിധ്യമറിയിക്കപ്പെട്ട് 2000ത്തിന് ശേഷം മാർഷലിലും സമോവയിലും നൗറും കടന്ന് ഇറാഖി ദൗത്യം നിർവ്വഹിച്ച് സ്വസ്ഥജീവിതം ആസ്വദിക്കാൻ ഹനോയി ദ്വീപിലേക്കെത്തിയ അമേരിക്കൻ പട്ടാളക്കാർ കണ്ടെത്തിയ ഇസ്ലാം ഹനോയിലും സാന്നിധ്യമറിയിച്ചു! ഇത് ചേർത്തുപിടിക്കപ്പെട്ടത് ഹനോയ് സർവ്വകലാശാലയിലെ ഇന്ത്യൻ വിദ്യാർത്ഥികളായ തബ്ലീഗ് സഹോദരന്മാരിലൂടെയുമായിരുന്നു.

> **"85ൽ പപ്വയിൽ തുടങ്ങി 90ൽ സോളമനിലേക്ക് പ്രവേശിച്ച ഇസ്ലാം 95, 2000 ങ്ങളിൽ ടോംഗയിലും, വാൻ വാടുവിലും സാന്നിധ്യമറിയക്കപ്പെട്ട് 2000 ത്തിന് ശേഷം മാർഷലിലും , സമോവയിലും, നൗറും കടന്ന് ഇറാഖി ദൗത്യം നിർവ്വഹിച്ച് സ്വസ്ത ജീവിതം ആസ്വദിക്കാൻ ഹനോയി ദ്വീപ് ലെക്കെത്തിയ അമേരിക്കൻ പട്ടാളക്കാർ കണ്ടെത്തിയ ഇസ്ലാം ഹനോയിലും സാന്നിധ്യമറിയിച്ചു! ഇത് ചേർത്ത് പിടിക്കപ്പെട്ടത് ഹനോയ് സർവ്വകലാശാലയിലെ ഇന്ത്യൻ വിദ്യാർത്ഥികളായ തബ്ലീഗ് സഹോദരൻ മാരിലൂടെയുമായിരുന്നു ."**

1990ൽ മലൈത്തിയിലൂടെ സോളമനിലേക്കെത്തിയ ഇസ്ലാം, 1999ൽ 'അറായി' ദ്വീപിലുടെ അതിവ്യാപകത്വം നേടുകയും അടിസ്ഥാനപരമായ ഘടനയും അസ്ഥിത്വവുമുണ്ടാകുകയു ചെയ്തു!

അറായിലെ ഗ്രാമ മുഖ്യൻ 'ഹൊറാനു വ ജനാനി രാമോ അൽ കിണ്ടിയുടെ മൂന്ന് പുത്രന്മാരായ അബ്ദുൽ ഹക്കിം നൂറുദ്ദീൻ (മൈക്കിൾ), മുഹമ്മദ് (ഏദം), സുലൈമാൻ (സോളമൻ) എന്നിവരുടെ ഇസ്ലാം ആശ്ലേഷണം ഈ ദ്വീപ് പ്രവിശ്യയിൽ ഇസ്ലാമിലേക്കുള്ള അടിയൊഴുക്ക് ധ്രുതഗതിയിലേക്ക് നീങ്ങി.

കരൂയി ഗ്രാമത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റ ഇസ്ലാം മറ്റു ദ്വീപുകളായ കോമുവോര, താരു, ഹൗനാസി എന്നി മേഖലകളിലേക്കും വ്യാപിച്ചു. റാവുവാഹു ദ്വീപിൽ ഒരു ഇസ്ലാമിക ഗ്രാമം തന്നെ ഉണ്ടായിത്തീർന്നു. സോളമൻ തലസ്ഥാന നഗരിയായ ഹൊനിയാരയിലെ തബ്ലീഗ് മർകസ് കേന്ദ്രീകരിച്ച് ചിട്ടയായ പ്രവർത്തനം വഴി മറ്റു ഇതര ദ്വീപുകളിലേക്കും ഇസ്ലാം ഇന്ന് വ്യാപനത്തിന്റെ വഴിയിലേക്കാണ് നീങ്ങുന്നത്. ■.

## ?! ചോദ്യോത്തരങ്ങൾ

**ദാറുൽ ഇഫ്താ അൽ ജാമിഅ**

**കഷ്ഷാഫുൽ ഉലൂം, പത്തനംതിട്ട**

*ചോദ്യം: ഹജ്ജ് ഫസാദാകുന്ന കാര്യങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ?*

**ഷാഫി :** ഭാര്യ ഭർതൃ ബന്ധത്തിൽ ഏർപ്പെടൽ, ഹജ്ജിന്റെ ഫർളുകളെ ഉപേക്ഷിക്കൽ (അറഫയിലെ നിർത്തം ഒഴിച്ചുള്ള ഫർളുകൾ വീണ്ടെടുക്കാൻ കഴിയുന്നതാണ്) തുടങ്ങിയവ കൊണ്ട് ഹജ്ജ് ഫസാദാ കുന്നതാണ്. ഹജ്ജിന്റെ ഇഹ്റാമിൽ ഭാര്യഭർതൃ ബന്ധത്തിൽ ഏർപ്പെട്ടു പോയാൽ അമലുകൾ പൂർത്തിയാക്കി ഒട്ടകത്തെ അറുത്തു കൊടുത്ത് ഹജ്ജിന്റെ ഇഹ്റാമിൽ നിന്നും ഒഴിവാകുകയും അടുത്ത കൊല്ലം ഹജ്ജ് ചെയ്യുകയും വേണം. (ഈളാഹ്)

**ഹനഫി :** ഹജ്ജിന്റെ ഫർളായ ത്വാവാഫിന് മുമ്പ് ഭാര്യ ഭർതൃ ബന്ധത്തിൽ ഏർപ്പെടൽ കൊണ്ടും അറഫയിലെ നിർത്തം ഉപേക്ഷിക്കൽ കൊണ്ടും ഹജ്ജ് ഫസാദാകും. ഹജ്ജിന്റെ അമലുകൾ പൂർത്തിയാക്കി ഹജ്ജിൽ നിന്നും ഒഴിവാകുക. അറുത്തു കൊടുക്കൽ നിർബന്ധമില്ല. അടുത്ത കൊല്ലം ഹജ്ജ് ഖളാ വീട്ടണം. (ദുർറുൽ മുഖ്താർ)

*ചോദ്യം : സജ്ദയുടെ ആയത് ഓതിയ ഉടനെ ചെയ്യുന്ന റുകൂഇൽ സജ്ദതുത്തിലാവയെകൂടി നിയ്യതു ചെയ്യാമോ? ഇങ്ങനെ ചെയ്യുന്ന ഇമാമിന്റെ ജാഹിലായ മുഖ്തദിയുടെ സജ്ദതുത്തിലാവത്തിന്റെ ഹുക്മ് ഒന്നു പറഞ്ഞു തരുമോ?*

**ഷാഫി :** സുജൂദുകൊണ്ട് മാത്രമേ തിലാവത്തിന്റെ സുജൂദ് നിർവ്വഹിക്കപ്പെടുകയുള്ളു. (തുഹ്ഫ:)

**ഹനഫി :** സുജൂദും നമസ്കാരത്തിലെ റുക്കുഉം കൊണ്ട് തിലാവത്തിന്റെ സുജൂദ് നിർവ്വഹിക്കപ്പെടാ വുന്നതാണ്. പക്ഷേ, തിലാവത്തിന്റെ ആയത്തിനു ശേഷം ഒന്നോ രണ്ടോ ആയത്തിനേക്കാൾ കൂടുതൽ ഓതിയാൽ റുക്കുഅ് മതിയാവുകയില്ല. റുക്കുഅ് കൊണ്ട് തിലാവത്തിന്റെ സുജൂദ് നിർവ്വഹിക്കുന്നു എന്ന് ഇമാം കരുതിയാൽ മതിയാകും. ഇമാമിനെ തുടരുന്നവർ കരുതൽ നിർബന്ധമില്ല. (ത്വഹ്ത്വാവി)

*ചോദ്യം : സ്വയം ഹജ്ജ് നിർവഹിക്കാൻ വേണ്ടത്ര പണം കയ്യിലുള്ള സ്ത്രീയുടെ കയ്യിൽ മഹ്റമിന്റെ ഹജ്ജിനുള്ള പണമില്ലങ്കിൽ ഹജ്ജ് നിർബന്ധമാ കുമോ?*

**ഷാഫി :** വിശ്വാസ യോഗ്യരായ സ്ത്രീകളുടെ സംഘം കൂടെ ഉണ്ടെങ്കിൽ ഹജ്ജ് നിർബന്ധമാകുന്നതാണ്. (അൽ മഹല്ലി)

**ഹനഫി:** മഹ്റം ഇല്ലെങ്കിൽ ഹജ്ജ് നിർബന്ധമാകു കയില്ല. (ദുർറുൽ മുഖ്താർ).

*ചോദ്യം: ജീവിക്കാൻ പ്രയാസം ഇല്ലാത്തവനും താമസിക്കാൻ സൗകര്യപ്രദമായ വീട് സ്വന്തമായുള്ളവനുമായ ഞാൻ വീടിന്റെ മുറ്റം വിറ്റ് ഹജ്ജ് അനുഷ്ഠിക്കൽ ഫർളാകുമോ?*

**ഷാഫി, ഹനഫി** : ഓരോ വ്യക്തിക്കും അവരുടെ അവസ്ഥക്ക് അനുസൃതമായ വീടും പരിസരവുമാണ് പരിഗണിക്കപ്പെടുന്നത്. (വീട് വലുതാണെങ്കിൽ പോലും ആവശ്യത്തേക്കാൾ കൂടുതൽ വിറ്റ് ഹജ്ജ് ചെയ്യൽ നിർബന്ധമില്ല എന്നാൽ അപ്രകാരം ചെയ്യൽ ശ്രേഷ്ഠകരവുമാണ്.) വീടിന്റെ പരിസരം ആവശ്യത്തേക്കാൾ അധികമുള്ളതിനെ വിറ്റ് ഹജ്ജ് ചെയ്യൽ നിർബന്ധമാകുന്നതാണ്. (ഉംദ:, ദുർറുൽ മുഖ്താർ)

*ചോദ്യം : ഫർളായ ഹജ്ജ് അനുഷ്ടിക്കാതെ മരിച്ചവന്റെ ഹജ്ജ് ബാദ്ധ്യത വീട്ടാൻ എന്തൊക്കെ നിബന്ധനകളാണ് ഉള്ളത് ?*

**ഹനഫി:** മരണപ്പെട്ടവൻ വസിയ്യത്ത് ചെയ്തിട്ടുണ്ടെ ങ്കിൽ അവന്റെ സ്വത്തിന്റെ മൂന്നിൽ ഒന്നിൽ നിന്നും മറ്റൊരാളെ കൊണ്ട് ഹജ്ജ് നിർവ്വഹിപ്പിക്കേണ്ടതാണ്. വസിയ്യത്ത് ഇല്ലെങ്കിലും അനന്തരവകാശികൾക്ക് നിർവ്വഹിപ്പിക്കാവുന്നതാണ്. (ദുർറുൽ മുഖ്താർ)

**ഷാഫി :** മരണപ്പെട്ടവൻ വസിയ്യത്ത് ചെയ്താലും ഇല്ലെങ്കിലും അനന്തരവകാശികൾക്കും അന്യർക്കും പകരമായി ഹജ്ജ് ചെയ്യാവുന്നതാണ്. (തുഹ്ഫ:)

*ചോദ്യം: മറ്റൊരാൾക്കു വേണ്ടി ഹജ്ജ് ചെയ്യുന്നവൻ*

മീഡിയ മെസേജ്

*ഹാജി ആയിരിക്കൽ നിർബന്ധമാണോ?*

**ഷാഫി :** ഹാജി ആയിരിക്കൽ നിർബന്ധമാണ്. (തുഹ്ഫ)

**ഹനഫി :** ഹാജി ആയിരിക്കൽ നിർബന്ധമില്ല (ഹിദായ:)

*ചോദ്യം : അമുസ്‌ലിമുമായി പാട്ണർഷിപ് ഉള്ള കമ്പനിയിലെ കച്ചവട സകാത്ത് മൊത്തം സ്വത്തിൽ നിന്ന് കണക്കാക്കണമോ അതോ ഷെയർ ഉള്ള അളവിൽ നിന്നാണോ കണക്കാക്കേണ്ടത്?*

**ഉത്തരം:** ഓരോ വ്യക്തികളായാണ് സകാത്തിൽ പരിഗണിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ഷെയർ എത്രയാണ് ഉള്ളത് ആ അളവിൽ നിസാബ് പൂർത്തിയായാൽ മുസ്‌ലിമായ വ്യക്തി സക്കാത്ത് കൊടുക്കൽ നിർബന്ധമാകുന്നതാണ്. (നവാസിൽ ഫിഖ്ഹിയ്യ മുആസിറ).

*ചോദ്യം : മുൻകൂട്ടി വാങ്ങിയ വാടകക്ക് വർഷം പൂർത്തിയായാൽ സകാത് കൊടുക്കണമോ?*

**ഉത്തരം :** മുൻകൂട്ടി വാങ്ങിയ പണത്തിന് വാടക കൊടുത്തവൻ സകാത്ത് കൊടുക്കേണ്ടതില്ല.. മറിച്ച് വാടക വാങ്ങിയവന്റെ മേൽ സകാത്ത് നിർബന്ധമാണ്. കാരണം അവൻ ആണ് ആ പണത്തിന്റെ അവകാശി. (ശറഹ്ൽ മുഹദ്ദബ് , ഹിദായ)

*ചോദ്യം : കുട്ടിയുടെ പുറകിൽ പിന്തുടർന്ന് നമസ്കരിക്കൽ അനുവദനീയമാണോ?*

**ഷാഫി :** വകതിരിവ് ഉള്ള കുട്ടിയുടെ പിറകിൽ നമസ്കരിക്കൽ അനുവദനീയമാണ്. (സൂക്ഷ്മത പ്രായപൂർത്തിയായവരുടെ പുറകിൽ നമസ്കരിക്കലാണ്.) (അസ്നൽ മത്വാലിബ്)

**ഹനഫി :** പ്രായപൂർത്തിയാകാത്തവരെ പിൻപറ്റൽ ഫർളിലോ സുന്നത്തിലോ അനുവദനീയമല്ല. (ദുർറുൽ മുഖ്താർ)

*ചോദ്യം : കറഹത്തായ സമയങ്ങളിൽ മയ്യിത്ത് നമസ്കാരം, നിർവ്വഹിക്കാമോ?*

**ഹനഫി :** മക്റൂഹയ സമയത്ത് ഒരു ജനാസ ഹാജരാവുകയാണെങ്കിൽ കറാഹത്തുണ്ടെങ്കിലും മയ്യിത്ത് നമസ്കാരം ശരിയാകുന്നതാണ്.(ഹിദായ)

**ഷാഫി :** കറാഹത്തില്ലാതെ തന്നെ ജനാസ നമസ്കാരം ശരിയാകുന്നതാണ്.(ഉംദ :)

*ചോദ്യം : ഒരുവന് ജുമുഅ നമസ്കാരം ലഭിക്കണമെങ്കിൽ ഇമാമുമായിട്ട് ഉള്ള പിന്തുടരൽ എപ്പോഴാണ് കിട്ടേണ്ടതാണ്?*

**ഷാഫി :** രണ്ടാം റകഅത്തിലെ റുകൂഇൽ ഇമാമിന്റെ കൂടെയുള്ള തുടർച്ച ലഭിച്ചാൽ ജുമുഅ ലഭിക്കുന്നതാണ്. റുക്കൂഇൽ തുടർച്ച ലഭിച്ചില്ലെങ്കിൽ ളുഹർ ആയി പൂർത്തിയാക്കേണ്ടതാണ്. (റൗള)

**ഹനഫി:** ജുമുആയുടെ അതഹിയ്യാത്തിലോ സഹവിന്റെ സുജുദിലോ ഇമാമിന്റെ കൂടെ തുടരാൻ സാധിച്ചാൽ അവന് ജുമുഅ: ലഭിക്കുന്നതാണ്. (ബഹ്ർ) ■



# മിനാറുകളുടെ ലോകം

വിജയ സ്തംഭങ്ങളും സ്മാരകങ്ങളും പലകാലങ്ങളിലായി വിവിധ രാജാക്കന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മിക്കുകയുണ്ടായി. ഈജിപ്ഷ്യൻ സംസ്കാര കാല നിർമ്മിതികളായ Hieroglyphics ലിഖിതങ്ങൾ കൊത്തിവെച്ച Egyptian ഒറ്റക്കൽ Obelisk കളും, ശാസനങ്ങളും ധർമ്മോപദേശങ്ങളും കോറിയിട്ട, കല്ലിലും ഇരുമ്പിലും തീർത്ത അശോകന്റെ സ്തംഭങ്ങളും നൂറ്റാണ്ടുകളെ അതിജയിച്ച് ഇന്നും നിലനിൽക്കുന്നു. എന്നാൽ, അവയുടെ ആകൃതിയിൽ നിന്നും പ്രകൃതിയിൽ നിന്നും ഉദ്ദേശ്യങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തമായ നിർമ്മിതികളാണ് മിനാരങ്ങൾ. പ്രധാനമായും ഇസ്ലാമിക മതവിശ്വാസ പ്രകാരമുള്ള അദാന് (ബാങ്കുവിളി-അഥവാ പ്രാർത്ഥനക്ക് സമയമായെന്ന് അറിയിക്കൽ) വേണ്ടി, മസ്ജിദുകളോട് ചേർന്ന് നിർമ്മിച്ചിരുന്ന ഉയർന്ന തട്ടുകളായിരുന്നു ആദ്യകാല മിനാരങ്ങൾ. പിന്നീട് മുസ്ലിം സാമ്രാജ്യ വികാസങ്ങളെ തുടർന്ന്, നിർമ്മാണകലകളിൽ വന്ന പുരോഗതിയുടെ ഭാഗമായി മസ്ജിദുകളുടെ രൂപമാറ്റത്തോടൊപ്പം തന്നെ, വിവിധ ശൈലികളിൽ മിനാരങ്ങളും ഉദയം കൊണ്ടു. ബാങ്കുവിളിക്കുള്ള ഇടമെന്ന് മാത്രമായിരുന്നു ആദ്യകാല മിനാരങ്ങളുടെ ഉപയോഗമെങ്കിൽ, പിന്നീട് രാജ്യസുരക്ഷയുടെ ഭാഗമായി നിരീക്ഷണ ഗോപുരമെന്ന പദവി കൂടി മിനാരങ്ങൾക്ക് കൈവന്നു. ശത്രുക്കളുടെ നീക്കങ്ങൾ ദൂരെ നിന്ന് തന്നെ തിരിച്ചറിയാനും അതേസമയം, പ്രാർത്ഥനക്കുള്ള അറിയിപ്പ് നൽകാനും പ്രധാന മിനാരങ്ങൾ ഉപയോഗിക്കപ്പെട്ടു. അഥവാ സൈനികപരമായും മതപരമായും ഒരേ സമയം പ്രാധാന്യം, അതാത് ഉദ്ദേശ്യത്തോടെ നിർമ്മിക്കപ്പെട്ട പ്രധാന മിനാരങ്ങൾക്ക് ഉണ്ടായിരുന്നു. ചിലയവസരങ്ങളിൽ ആദരണീയ വ്യക്തിത്വങ്ങളുടെ സ്മരണയ്ക്കായോ യുദ്ധവിജയങ്ങളുടെ സ്മാരകങ്ങളായോ മിനാരങ്ങൾ നിർമ്മിക്കപ്പെട്ടിരുന്നു.

അത്തരത്തിൽ വിവിധോദ്ദേശ്യ ലക്ഷ്യങ്ങളോടെ, പൂർണ ഇസ്ലാമിക ശിൽപ്പ മാതൃകയിൽ നിർമ്മിക്കപ്പെട്ട ഒരു മിനാരമാണ് ഖുതുബ് മിനാർ. ഇസ്ലാമിക കലയിലെ നക്ഷത്രരൂപ കലകളിലെ 'റുബുഅ് അൽ ഹിസ്ബ്' നക്ഷത്ര മാതൃകയിലാണ് ഖുതുബ് മിനാറിന്റെ അടിത്തറയും താഴെ മൂന്ന് നിലകളും രൂപകൽപ്പന ചെയ്തിരിക്കുന്നത് എന്ന് കാണാം. ഹിന്ദുസ്ഥാനിലേക്ക് മുസ്ലിം ഭരണാധികാരികൾ വന്നപ്പോൾ, അവർക്കൊപ്പം സൈനികർ മാത്രമാണ് ആദ്യഘട്ടങ്ങളിൽ ഉണ്ടായിരുന്നത്. പ്രാദേശിക തച്ചന്മാരെ ഉപയോഗിച്ചാണ് ഖുവ്വത്തുൽ ഇസ്ലാം മസ്ജിദ് നിർമ്മാണം ആരംഭിക്കുന്നത്. അതിനാൽ തന്നെ ഭാരതീയ നിർമ്മാണ ശൈലി ആ പള്ളിയുടെ ആദ്യ ഭാഗങ്ങളിൽ കാണാം. പിന്നീട് ബുഖാറയിൽ നിന്നും സമർഖന്ധിൽ നിന്നും കാബൂളിൽ നിന്നും മറ്റും തച്ചന്മാർ കൊണ്ടുവരപ്പെട്ടു. അവരും ഭാരതീയ നിർമ്മാണ വിദഗ്ധരും ചേർന്ന് രണ്ടാം ഘട്ട വികസനം പൂർത്തിയാക്കി. അവരെല്ലാം ചേർന്ന് കയ്യൊപ്പ് ചാർത്തിയ നിർമ്മിതിയാണ് ഖുതുബ്മിനാറും ഖുവ്വത്തുൽ ഇസ്ലാം മസ്ജിദും. അവിടം നേരിൽ കാണുന്നവർക്ക് നിർമ്മാണങ്ങളുടെ ഓരോ ഘട്ടവും തിരിച്ചറിയാനാവും. വിവിധ പ്രദേശങ്ങളിൽ ഇസ്ലാം എത്തിച്ചേർന്നതോടെ, മസ്ജിദ് നിർമ്മാണ രീതിയിൽ എന്ന പോലെ തന്നെ, മിനാരങ്ങളുടെ രൂപഘടനയിലും വിവിധ ശൈലികൾ രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. മഗ്രിബി അഥവാ മൊറോക്കൻ (മൊറോക്കൻ രീതിയുടെ പ്രത്യേകത ചതുരാകൃതിയിലാണ് മിനാരങ്ങൾ നിർമ്മിക്കുന്നത് എന്നതാണ്. ഈ ശൈലിയാണ് പ്രധാനമായി അന്തലൂസിയൻ സ്പെയ്നിൽ മുസ്ലിംകൾ സ്വീകരിച്ചത്), ഫാരിസി അഥവാ പേർഷ്യൻ (ഈ ശൈലിയിൽ നിന്നാണ് ഇന്തോ-പേർഷ്യൻ ഇസ്ലാമിക് ശൈലി രൂപം കൊണ്ടത്), മലയ് അല്ലെങ്കിൽ ജാവ ശൈലി, മിസ്രി അഥവാ ഈജിപ്ഷ്യൻ, ഉസ്മാനി അഥവാ ഓട്ടോമൻ തുർക്കിക് (ഓട്ടോമൻ ശൈലി റഷ്യ, യൂറോപ് എന്നിവി

ടങ്ങളിൽ സ്വീകരിച്ച്പോരുന്നുണ്ട്), ഇറാഖി അല്ലെങ്കിൽ ബഗ്ദാദി, ബുഖാറ-സമർഖന്ധ് ശൈലികൾ, ഇഫ്രീഖി അഥവാ ആഫ്രിക്കൻ അല്ലെങ്കിൽ മാലി ശൈലി, സമറി തുടങ്ങിയ മിനാറ നിർമ്മാണ ശൈലികൾക്കിടയിൽ ഏറെ പ്രസിദ്ധമായ ഒരു മിനാറ നിർമ്മാണ ശൈലിയാണ് ഇന്തോ- പേർഷ്യൻ ഇസ്ലാമിക് മിനാറ നിർമ്മാണ ശൈലി. അതിൽ തന്നെ ദില്ലി സൽതനത്ത് ശൈലി, മുഗൾ ശൈലി, ദഖ്നി ശൈലി, ഗുജറാത്ത് സൽതനത്ത് ശൈലി തുടങ്ങി വേറെയും ഉൾപിരിവുകൾ കാണാൻ സാധിക്കും. വിജയങ്ങളുടെ സ്മരണക്കായും രാജ്യതലസ്ഥാനത്തിന്റെ അഭിമാന സ്തംഭമായും പ്രധാന രാജകീയ പാതകളിൽ കാവൽ-മൈൽ-നികുതിപിരിവ് കേന്ദ്രം എന്നീ വിവിധ ഉദ്ദേശ്യങ്ങളോടെയും മിനാരങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഹബ്ഷി രാജവംശത്തിലെ സുൽത്താൻ സൈഫുദ്ദീൻ ഫിറൂസ് ഷാ, യുദ്ധവിജയത്തിന്റെ ഓർമ്മക്കായി ഗൗറിൽ മിനാർ നിർമ്മിച്ചത് 1489-ലായിരുന്നു. ഖുതുബ് മിനാറിന്റെ ശൈലിയാണ് ഫിറോസ് മിനാർ എന്നറിയപ്പെടുന്ന ഈ മിനാരം നിർമ്മിച്ചത്. യുദ്ധവിജയ സ്മാരകമായി നിർമ്മിച്ച മറ്റൊരു മിനാരമാണ്ചാന്ദ് മിനാർ. ദൗലതാബാദിലെ ദിയോഗി കോട്ട ജയിച്ചടക്കിയതിന്റെ സ്മരണക്കായി 1445-ൽ അലാവുദ്ദീൻ ബഹ്മാനി രാജാവാണ് ചാന്ദ് മിനാർ നിർമ്മിച്ചത്. ഡൽഹിയിലെ കുത്തബ് മിനാറുമായി സാമ്യമുള്ളതും അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുമാണ് നിർമ്മാണം. പതിനാറാം നൂറ്റാണ്ടിലെ പഷ്തൂൺ ഭരണാധികാരി ഷേർഷാ സൂരി അവതരിപ്പിച്ച, വടക്കേ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഗ്രാൻഡ് ട്രങ്ക് റോഡിലൂടെയുള്ള മധ്യകാല ഇന്ത്യൻ നാഴികക്കല്ലുകളാണ് കോസ് മിനാറുകൾ. ഇത് വാച്ച്ടവറുകളായും നികുതി പിരിവ് കേന്ദ്രങ്ങളായും കൂടി ഉപയോഗിച്ചിരുന്നു. വഴിയാത്രികർക്ക് തങ്ങാനായി സറായികളും കിണറുകളും പല കോസ് മിനാറുകൾക്ക് സമീപവും നിർമ്മിക്കപ്പെട്ടിരുന്നു. ആഗ്രയിൽ നിന്ന് അജ്മീർ വരെയും ആഗ്ര മുതൽ ലാഹോർ വരെയും, തെക്ക് ആഗ്ര മുതൽ മാണ്ടു വരെയും രാജകീയ പാതകളിലെ ദൂരത്തിന്റെ അടയാളപ്പെടുത്തലുകളായി കോസ് മിനാറുകൾ ഷേർഷ സൂരി സ്ഥാപിച്ചു. വഴിയാത്രികരുടെ സുരക്ഷക്ക് ഇത്തരം കേന്ദ്രങ്ങളിൽ സൈനികരേയും അദ്ദേഹം നിയമിച്ചിരുന്നു. ഡൽഹി, ഹരിയാന, പഞ്ചാബ്, പാക് പഞ്ചാബ്-ലഹോർ എന്നിവിടങ്ങളിൽ കോസ് മിനാറുകൾ ഇന്നും കാണാം.

മിനാരങ്ങളെ പറ്റി പറഞ്ഞു തുടങ്ങിയാൽ ഈ എഴുത്ത് വളരെയധികം ഭാഗങ്ങളാക്കി എഴുതേണ്ടി വരുമെന്നതിനാൽ തത്ക്കാലം, ഖുതുബ് മിനാർ നിർമ്മിക്കുന്നതിനും മുന്നെ, വിവിധയിടങ്ങളിൽ നിർമ്മിക്കപ്പെട്ട-ഇന്നും നിലനിക്കുന്ന വലിയ മിനാറങ്ങളിൽ ചിലതിനെ പരിചയപ്പെടുത്തി കുറിപ്പ് അവസാനിപ്പിക്കാം. (ഖുതുബ് മിനാർ 1199ൽ തുടങ്ങി 1220ൽ പൂർത്തിയായി)

1 സമറയിലെ വലിയ ജുമാ മസ്ജിദിന് സമീപം നിർമ്മിക്കപ്പെട്ട മിനാറം - നിർമ്മാണ കാലം CE 851.

2 സമറയിൽ തന്നെയുള്ള അബു ദുലാഫ് മസ്ജിദിന്റെ മിനാറം - നിർമ്മാണ കാലം ഇള 859.

3 ഇറാഖിലെ അൽ ഖുലഫ മസ്ജിദ് മിനാറം- നിർമ്മാണ കാലം CE 908.

4 ഇറാഖിലെ തന്നെ സമറുദ് ഖാതൂൻ സ്മാരകത്തിലെ മിനാറം - നിർമ്മാണ കാലം CE 1202.

5 ഈജിപ്തിലെ ഇബ്ൻ ത്വലൂൻ മസ്ജിദിലെ മിനാറം - നിർമ്മാണ കാലം CE 879.

6 ഇറാഖിലെ അനാഹ് മിനാർ - നിർമ്മാണ കാലം CE 1096.

7 ഖൈറുവാനിലെ വലിയ മസ്ജിദിന്റെ ചതുര മിനാറം. ആദ്യമായി നിർമ്മിച്ചത് CE 605. CE 800കളിൽ പുതുക്കി പണിതു.

8 അഫ്ഗാനിലെ ജാം മിനാറം. ഇതിനെ മാതൃകയാക്കിയാണ് ഖുതുബ് മിനാർ നിർമ്മിച്ചതെന്ന് പറയപ്പെടുന്നു.- നിർമ്മാണ കാലം 1174/5.

9 തുർക്ക്മെനിസ്ഥാനിലെ കുത്ലുഗ് തിമൂർ മിനാറം - നിർമ്മാണ കാലം CE 1011.

10 കിർഗിസ്ഥാനിലെ ബുരാന മിനാർ - നിർമ്മാണ കാലം CE 800 കൾ.

11 കിർഗിസ്ഥാനിലെ തന്നെ ഓസ്ഗോൻ മിനാർ - നിർമ്മാണ കാലം CE 1000 ങ്ങളിൽ.

12 ഗസ്നിയിലെ മിനാരങ്ങൾ - നിർമ്മാണ കാലം CE 1100 കൾ.

13 ഇറാനിലെ ഖുസ്രുഗെർദ് മിനാരം - നിർമ്മാണ കാലം CE 1112.

15 ഉസ്ബെക്കിസ്ഥാനിലെ ബുഖാറയിൽ സ്ഥിതി ചെയ്യുന്ന കല്ല്യാൺ മിനാരം - നിർമ്മാണ കാലം CE 1127.

കടപ്പാട്. ■